# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: വി.വേണുഗോപാൽ

ഡിസംബർ 2023 | വാല്യം 50 ലക്കം 9 | പേജ് 12 | വില 10.00 രൂപ

UNITY Monthly | December 2023 | Volume 50 Issue 9 | Chief Editor: V.VENUGOPAL | Page 12 | Price Rs. 10.00


### അസമത്വത്തിന്റെ, തൊഴിൽരാഹിത്യത്തിന്റെ, വിദ്യാവിഹീനതയുടെ, വിഭജനത്തിന്റെ പന്ഥാവിൽ ഭാരതം; കൊടും ദാരിദ്ര്യത്തിലും അരക്ഷിതാവസ്ഥയിലും വെന്തുനീറുന്ന ജനകോടികൾ.

# ജനരക്ഷയ്ക്ക് ദേശീയ പ്രക്ഷോഭത്തിന് തയ്യാറെടുക്കുക

**പ്രചണ്ഡമായ പ്രചാരണഘോഷങ്ങളോടെ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര ബിജെപി സർക്കാരിന്റെ ഹിംസാത്മകമായ വാഴ്ച ഒരു ദശകം പൂർത്തിയാക്കുകയാണ്. അച്ഛേദിൻ മുതൽ അമൃതകാൽവരെയുള്ള കിനാവുകളിൽ അവർ ദരിദ്ര ജനകോടികളെ മയക്കിക്കിടത്തുന്നു. ആർക്കും സ്വപ്നംകാണാൻ പോലുമാകാത്ത വികസന പന്ഥാവിലൂടെ രാജ്യം കുതിക്കുകയാണെന്ന പ്രതീതി സൃഷ്ടിക്കാൻ കഠിനാദ്ധ്വാനം ചെയ്യുകയാണ് 'ഗോദി' മീഡിയയും അവരുടെ ഡിജിറ്റൽ ആർമിയും. പ്രചാരണത്തിന്റെ കേന്ദ്രബിന്ദു ലോകത്തെ അഞ്ചാമത്തെ സാമ്പത്തികശക്തിയാക്കി രാജ്യത്തെ മാറ്റി എന്നതാണ്. പരിഹാസ്യജനകമായ ഈ അവകാശവാദവും ജനങ്ങളുടെ ജീവിതപുരോഗതിയും തമ്മിൽ ഒരു ബന്ധവുമില്ല.**

സാമ്പത്തികരംഗത്ത് ഇൻഡ്യയുടെ പിന്നിൽ ആറാം സ്ഥാനത്തുനിൽക്കുന്ന ബ്രിട്ടന്റെ ആളോഹരി വരുമാനം 45,850 ഡോളറാണ്. അഞ്ചാമത്തെ സാമ്പത്തിക ശക്തിയായി വളർന്നുവെന്ന് ഊറ്റംകൊള്ളുന്ന ഈ രാജ്യത്തെ ആളോഹരി വാർഷിക വരുമാനം 2389 ഡോളർ മാത്രം! അതായത് യു.കെയുടെ ഇരുപതിൽ ഒന്ന്! ഇൻഡ്യയുടെ പിന്നിൽ നിൽക്കുന്ന ബ്രസീലൊഴികെ ഏതാണ്ട് എല്ലാ രാജ്യങ്ങളിലും ആളോഹരി വരുമാനം ഇൻഡ്യയേക്കാൾ വളരെ മുമ്പിലാണെന്ന് കാണാം. ഏവർക്കും വികസനമെന്ന മുദ്രവാക്യമുയർത്തിയ പത്ത് വർഷത്തെ മോദി ഭരണത്തിന്റെ ബാക്കിപത്രമാണിത്. ഇൻഡ്യയിൽ നിലനിൽക്കുന്ന കൊടിയ അസമത്വത്തിന്റെ ഭീകരചിത്രവും.

കോടികളുടെ സമ്പത്ത് ഉൽപ്പാദിപ്പിക്കപ്പെടുമ്പോൾ, അതിനായി പണിയെടുത്ത ജനങ്ങളുടെ വരുമാനത്തിൽ ഒരു വർദ്ധനവും ഉണ്ടാകുന്നില്ല എന്ന നഗ്നമായ യാഥാർത്ഥ്യമാണ് ഇതിലൂടെ വെളിവാകുന്നത്. രാജ്യം അഞ്ചാം സാമ്പത്തികശക്തിയാകുന്നതിലൂടെ ജനങ്ങളുടെ ജീവിതദുരിതങ്ങളിൽ ഒരാശ്വാസവും ഉണ്ടാകുന്നില്ല. നട്ടെല്ല് പൊട്ടി പണിയെടുക്കുന്ന രാജ്യത്തെ കോടിക്കണക്കിന് തൊഴിലാളികളുടെ അദ്ധ്വാനത്തെ മനുഷ്യത്വരഹിതമായി ചൂഷണം ചെയ്ത് ഉണ്ടാക്കിയ ഉൽപ്പാദനത്തിന്റെ ബലത്തിലാണ് ഇൻഡ്യയുടെ അഞ്ചാം സ്ഥാനം കെട്ടിപ്പൊക്കിയിരിക്കുന്നത്. ഈ അഞ്ചാം സ്ഥാനം ജനങ്ങളുടെ മേലുള്ള അനീതിയുടെയും ചൂഷണത്തിന്റെയും വിലയാണ്.

2025 ഓടെ രാജ്യം അഞ്ച് ട്രില്യൺ ഡോളറിന്റെ സമ്പദ്‌വ്യവസ്ഥയാകുമെന്നാണ് കാതടപ്പിക്കുന്ന പെരുമ്പറ. രാജ്യത്തിന്റെ ഇപ്പോഴത്തെ ആകെ ജിഡിപി 3.7 ട്രില്യൺ ആണെന്നാണ് സർക്കാർ പ്രചരിപ്പിക്കുന്ന കണക്ക്. ഈ തുകയുടെ ആധികാരികതയെത്തന്നെ പല വിദഗ്ധരും ചോദ്യം ചെയ്തിട്ടുണ്ടെങ്കിലും വാദത്തിനുവേണ്ടി അംഗീകരിച്ചാലും ഈ തുക രണ്ട് വർഷത്തിനുള്ളിൽ അഞ്ച് ട്രില്യൺ ആകണമെങ്കിൽ പ്രതിവർഷം ജിഡിപി കുറഞ്ഞത് 14 ശതമാനം വീതം വർദ്ധിക്കണം. രാജ്യത്തിന്റെ ചരിത്രത്തിൽ ഒരിക്കൽപ്പോലും ജിഡിപി നിരക്ക് രണ്ടക്കം കടന്നിട്ടില്ല എന്നോർക്കുക. അതായത് അഞ്ച് ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥ എന്നത് തെരഞ്ഞെടുപ്പ് വിജയത്തിനുവേണ്ടി മെനഞ്ഞുണ്ടാക്കിയിട്ടുള്ള ഒരടിസ്ഥാനവുമില്ലാത്ത അവകാശവാദം മാത്രം. വ്യാജപ്രചാരണത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന മോദിസംഘത്തിന്റെ പ്രചാരണഘോഷത്തിലൂടെ ജനങ്ങളുടെ ചിന്തയിൽ അത് അടിച്ചുറപ്പിക്കാനാണ് അവർ പരിശ്രമിക്കുന്നത്.

ചൂഷണത്തിന്റെയും അസമത്വത്തിന്റെയും കാഠിന്യം വർദ്ധിച്ച് ജനങ്ങൾ നിലയില്ലാക്കയത്തിലേക്ക് മുങ്ങിത്താഴുന്നുവെന്നാണ് സർക്കാരിന്റേതല്ലാത്ത എല്ലാ കണക്കുകളും സംശയരഹിതമായി സ്ഥിരീകരിക്കുന്നത്. ലോകത്തെ ദരിദ്ര സഞ്ചയത്തിലെ നല്ലൊരു പങ്കും മോദി ഭാരതത്തിന് കീഴിലാണുള്ളത്. ആഗോള പട്ടിണി സൂചികയിൽ 2022ലെ 107ാം സ്ഥാനത്തുനിന്ന് ഇന്ത്യ ഇപ്പോൾ 111-ാം സ്ഥാനത്തേക്ക് വീണിരിക്കുന്നു. നമുക്കുപിന്നിൽ ഏഷ്യയിൽ നിന്ന് അഫ്ഗാനിസ്ഥാൻ മാത്രമേയുള്ളൂ. ദാരിദ്ര്യം നിമിത്തം പോഷകരഹിതരായ

(ശേഷം 2-ാം പേജിൽ)

# സർക്കാർ അജണ്ട കെഎസ്ആർടിസിയുടെ സ്വകാര്യവൽക്കരണം

അതിരൂക്ഷമായ വിലക്കയറ്റവും തൊഴിലില്ലായ്മയും ദാരിദ്ര്യവുമെല്ലാം കൊണ്ട് നട്ടം തിരിയുന്ന ജനങ്ങൾക്ക് കൊടിയ യാത്രാദുരിതവും സമ്മാനിച്ചിരിക്കുകയാണ് കേരളം ഭരിക്കുന്ന എൽഡിഎഫ് സർക്കാർ. ദേശസാൽകൃത റൂട്ടുകളിലടക്കം കെഎസ്ആർടിസിയെ ആശ്രയിക്കുന്ന ജനങ്ങൾ യാത്രാക്ലേശം കൊണ്ട് പൊറുതിമുട്ടിയിരിക്കുന്നു. വൈകിട്ട് 6 മണി കഴിഞ്ഞാൽ ഓർഡിനറി, ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾ നിരത്തൊഴിയുന്നു. തുണിക്കടകളിലും സ്വർണ്ണക്കടകളിലുമടക്കമുള്ള ഷോപ്പുകളിലുംമറ്റുസ്ഥാപനങ്ങളിലുമൊക്കെ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികള ടക്കമുള്ളവർ ബസ് സ്റ്റോപ്പുകളിലും ബസ് സ്റ്റാന്റുകളിലും കൂട്ടമായി കാത്തു നിൽക്കുന്നത് ഇന്ന് കേരളത്തിലെവിടെയുമുള്ള കാഴ്ചയാണ്. യാത്രാ ക്ലേശം പരിഹരിക്കുന്നതിന് യാതൊരുവിധ നടപടിയും കൈക്കൊള്ളുന്നില്ല എന്നു മാത്രമല്ല കെഎസ്ആർടിസിയെ തകർച്ചയിലേക്ക് തള്ളിവിടുന്ന കാഴ്ചയാണ് കാണുവാൻ കഴിയുന്നത്.

8 വർഷങ്ങൾക്ക് മുൻപ് 5600ൽപരം ബസ്സുകളും 5500 ഓളം ഷെഡ്യൂളുകളുമുണ്ടായിരുന്ന കെഎസ്ആർടിസിയിൽ നിലവിൽ 4000 ൽ താഴെ ബസ്സുകളും 3800 ഓളം ഷെഡ്യൂളുകളുമാണുള്ളത്. കഴിഞ്ഞ 8 വർഷമായി പുതിയ ബസ്സുകൾ വാങ്ങി നൽകാത്തതുമൂലം കാലാവധി കഴിഞ്ഞ ബസ്സുകൾ നിരത്തൊഴിയുകയും പകരം ബസ്സോടിക്കുവാൻ കഴിയാതിരിക്കുകയും ചെയ്യുന്നു. ഇപ്പോൾ ശബരിമല സീസൺ പ്രമാണിച്ച് 500 ലേറെ ബസ്സുകൾ റൂട്ടുകളിൽ നിന്നും പിൻവലിച്ച് പമ്പ സർവ്വീസിനായി മാറ്റിയതോടെ യാത്രാ ക്ലേശം അതിന്റെ പാരമ്യതയിലെത്തിയിരിക്കുന്നു. പത്തു വർഷങ്ങൾക്കുമുൻപ് 36,000 ൽ പരം സ്ഥിരം ജീവനക്കാരും 8000 ത്തിലധികം വരുന്ന താൽക്കാലിക(എംപാനൽ) ജീവനക്കാരുമുണ്ടായിരുന്ന സ്ഥാനത്തിപ്പോൾ കേവലം 25,000ൽ താഴെ മാത്രം ജീവനക്കാരാണുള്ളത്. ജീവനക്കാർക്ക് രണ്ടു ഗഡുക്കളായിട്ടാണ് ശമ്പളം നൽകുന്നത്. അതുതന്നെ യാതൊരു കൃത്യതയുമില്ലാതെ തോന്നും പടിയാണ് വിതരണം ചെയ്യുന്നത്. നിയമപരമായി ലഭിക്കേണ്ടുന്ന ക്ഷാമബത്ത(ഡിഎ) വർഷങ്ങളായി നൽകുന്നില്ല. ഷൂ അലവൻസ് , യൂണിഫോം അലവൻസ് തുടങ്ങിയ ആനുകൂല്യങ്ങളൊന്നും തന്നെ നൽകുന്നില്ല. പെൻഷൻ രണ്ടു മാസത്തിലേറെയായി മുടങ്ങിയിരിക്കുന്നു. സാധാരണ ശമ്പള പരിഷ്കരണത്തോടനുബന്ധിച്ച് പെൻഷനും പരിഷ്കരിക്കാറുണ്ടെങ്കിലും ഇപ്രാവശ്യം അതിന് സർക്കാർ തയ്യാറായില്ല. ഇപ്പോൾ പെൻഷൻ വിതരണം ഒരു വർഷക്കാലത്തേക്ക് സൊസൈറ്റികളുടെ കൺസോർഷ്യത്തെ ഏൽപ്പിച്ചിരിക്കുന്നു. 8.8% പലിശ സൊസൈറ്റികൾക്ക് നൽകുവാനും കരാറായിട്ടുണ്ട്. മുൻ കാലങ്ങളിലേതുപോലെ നേരിട്ട് പെൻഷൻ നൽകുകയാണെങ്കിൽ പലിശ ലാഭിക്കാമെന്നിരിക്കെ അങ്ങനെ ചെയ്യാതെ "സൊസൈറ്റി രാഷ്ട്രീയം " വളർത്തുന്നതിനാണിങ്ങനെ ചെയ്യുന്നത്. ഇതുവഴി വീണ്ടും പെൻഷൻ പ്രതിസന്ധിയിലാകുമെന്ന ഭയത്തിലാണ് ജീവനക്കാർ. പ്രതിമാസം 220 കോടിയിലേറെ വരുമാനമുള്ള സ്ഥാപനത്തിൽ ശമ്പളം നൽകുന്നതിനാവശ്യമുള്ളത് 80 കോടിയോളം രൂപയാണ്. അത്യദ്ധ്വാനത്തിലൂടെ വരുമാനം ഉണ്ടാക്കുന്ന തൊഴിലാളികൾക്ക് ശമ്പളം നൽകുന്നതിന് പ്രാമുഖ്യം

(ശേഷം 9-ാം പേജിൽ)

## 370-ാം വകുപ്പ് സംബന്ധിച്ച സുപ്രീം കോടതി വിധി

ഭരണഘടനയുടെ 370-ാം വകുപ്പ് റദ്ദാക്കിയ കേന്ദ്രസർക്കാർ നടപടി ശരിവെച്ച സുപ്രീംകോടതി വിധി, കാശ്മീർ ഇന്ത്യയോട് കൂട്ടിച്ചേർത്ത സമയത്ത് കാശ്മീർ ജനതയ്ക്ക് നൽകിയ ഉറപ്പിന് വിരുദ്ധമാണെന്നും ഇത് കാശ്മീർ ജനതയോട് കാണിക്കുന്ന അനീതിയാണെന്നും കമ്മ്യൂണിസ്റ്റ് ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് ഒരു പ്രസ്താവനയിൽ പറഞ്ഞു. ■

## ഉൾപേജ്


4 അഞ്ച് സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പ് ഫലം **ഇടതുപക്ഷ സമരബദൽ പടുത്തുയർത്തണം**

7 **സഖാവ് മണിക് മുഖർജി അനുസ്മരണം**

10 സൈദ്ധാന്തിക പാഠങ്ങൾ **ട്രോട്സ്കിയിസമോ ലെനിനിസമോ?**

# വൻകിടകോർപ്പറേറ്റുകൾക്ക് മൂലധനനിക്ഷേപത്തിനും ലാഭക്കൊയ്ത്തിനുമുള്ള വഴിയൊരുക്കൽ മാത്രമാണ് മോദിഭരണം

*(1–ാം പേജിൽ നിന്ന്)*

വരുടെ എണ്ണം 14.6 ശതമാനത്തിൽ നിന്നും 16.3 ശതമാനമായി ഉയർന്നു. 15 വയസ്സിനും 43 വയസ്സിനും മധ്യേ പ്രായമുള്ള രാജ്യത്തെ സ്ത്രീകളിൽ 53 ശതമാനവും രക്തക്കുറവും വിളർച്ചയും നേരിടുന്നു. അവശ്യഭക്ഷണം ലഭിക്കാത്തതിനാൽ മെലിഞ്ഞ് എല്ലും തോലുമാകുന്നവരുടെ എണ്ണം 19 ശതമാനമായി ഉയർന്നിരിക്കുന്നു! ഈ യാഥാർത്ഥ്യങ്ങളെയെല്ലാം മറയ്ക്കുന്നതിനായി പ്രതിവർഷം 1800 കോടി രൂപ ഖജനാവിൽ നിന്ന് ചെലവഴിച്ച് കള്ളപ്രചാരണം നടത്തുകയാണ് മോദി ഭരണം.

### തൊഴിലില്ലായ്മ ഭീതിജനകമായ സാമൂഹ്യ അനിശ്ചിതത്വം സൃഷ്ടിക്കുന്നു

സാമൂഹ്യഘടനയെ ആകമാനം ഉലയ്ക്കുന്ന, സ്ഫോടനാത്മകമായ സ്ഥിതിയിലായിരിക്കുന്നു തൊഴിലില്ലായ്മ. എവിടെയുമില്ല തൊഴിൽ എന്നതിനാൽ, തൊഴിൽ തേടിയുള്ള പരക്കംപാച്ചിൽ കുടിയേറ്റത്തൊഴിലാളികളുടെ എണ്ണത്തെ 45 കോടി 36 ലക്ഷമാക്കി ഉയർത്തിയിരിക്കുന്നു. ഇൻഡ്യയിലേക്ക് ഇനി മടങ്ങിവരേണ്ടതില്ലെന്ന് തീരുമാനിച്ചുകൊണ്ട് തൊഴിൽ തേടി പുറംനാടുകളിലേയ്ക്ക് പലായനം ചെയ്യുന്ന യുവജനങ്ങളുടെ എണ്ണം വർഷംതോറും വർദ്ധിക്കുകയാണ്. അഞ്ചാം സാമ്പത്തിക ശക്തിയായി എന്ന് മേനി നടിക്കുന്ന അതേ ഇൻഡ്യാരാജ്യത്തിന്റെ പൗരത്വം ഉപേക്ഷിക്കുന്നവരുടെ എണ്ണം വർഷംതോറും വർദ്ധിക്കുന്നത് എന്തുകൊണ്ടാണ്? മനുഷ്യോചിതമായ തൊഴിലും കൂലിയും ഇൻഡ്യയിൽ ഉറപ്പില്ല എന്ന ബോധ്യമാണ് ഈ സാഹചര്യത്തിന്റെ മൂലകാരണം. അസിം പ്രേംജി യൂണിവേഴ്സിറ്റിയുടെ ഏറ്റവും പുതിയ പഠനം വ്യക്തമാക്കുന്നത് 25 വയസ്സിൽത്താഴെയുള്ള 43 ശതമാനം ബിരുദധാരികളും രാജ്യത്ത് തൊഴിൽരഹിതരാണെന്നാണ്. നഗരങ്ങൾ തൊഴിൽരഹിതരുടെ മഹാ സേനകളാൽ നിറഞ്ഞുകവിഞ്ഞിരിക്കുന്നു. സെന്റർ ഫോർ മോനിറ്ററിംഗ് ഇന്ത്യൻ ഇക്കണോമിയുടെ പഠനപ്രകാരം 10.3 ശതമാനമാണ് ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക്.

### ജിഎസ്ടിയുടെ നുകത്തിൻ കീഴിൽ ജനങ്ങൾ ഞെരിഞ്ഞമരുന്നു

എല്ലാത്തരം സേവനങ്ങളെയും നികുതിവലയിലേക്ക് കൊണ്ടുവന്ന കേന്ദ്ര ബിജെപി സർക്കാരിന്റെ ജിഎസ്ടിയുടെ ഭാരം ഇടത്തരം കുടുംബങ്ങൾക്കുപോലും പേറാനാകുന്നില്ലെങ്കിൽ പരിമിതവരുമാനക്കാരുടെ ദുരിതം വിവരിക്കേണ്ടതില്ലല്ലോ. വർഷംതോറും പെരുകിക്കൊണ്ടിരിക്കുന്ന ജിഎസ്ടി വരുമാനത്തെ രാജ്യപുരോഗതിയുടെ അളവുകോലായി ചിത്രീകരിക്കുകയാണ് കേന്ദ്ര ഭരണസംഘവും മുതലാളിത്ത മാധ്യമങ്ങളും. അന്തിമഉപഭോക്താവിൽ നിന്നും ഈടാക്കുന്ന ഭീമമായ പരോക്ഷനികുതിയാണ് ജിഎസ്ടി. 2022–23 മാത്രം ജനങ്ങളിൽ നിന്ന് 18 ലക്ഷം കോടി രൂപ ജിഎസ്ടി ഇനത്തിൽ പിരിച്ചെടുത്തുവെന്നും അത് തലേവർഷത്തേക്കാൾ 22 ശതമാനം കൂടുതലാണെന്നും സർക്കാർ അഭിമാനിക്കുമ്പോൾ ഈ രാജ്യത്തെ പട്ടിണിപ്പാവങ്ങളിൽ നിന്നുൾപ്പടെ കൊള്ളയടിച്ച തുകയാണിതെന്ന് നാം ഓർക്കുക. മുതലാളിമാരിൽ നിന്നും പിരിക്കേണ്ടുന്ന കോർപ്പറേറ്റ് നികുതി 30 ശതമാനത്തിൽ

## ദേശീയ പ്രക്ഷോഭത്തിന് തയ്യാറെടുക്കുക

നിന്നും 22 ശതമാനമാക്കി വെട്ടിക്കുറയ്ക്കുന്ന ബിജെപി ഭരണത്തിൻ കീഴിലാണ് ദരിദ്രനാരായണന്മാരിൽ നിന്നും ജിഎസ്ടി ഇനത്തിൽ ഇത്രയും ഭീമാമായ തുക പിടിച്ചുപറിയ്ക്കുന്നത്. ഒരൊറ്റ രാജ്യം ഒരൊറ്റ നികുതി എന്നത് കുത്തകമുതലാളിമാർക്കുവേണ്ടി ഏർപ്പെടുത്തിയ സംവിധാനമാണ്. ഒരു നിശ്ചിത കേന്ദ്രത്തിൽ നികുതി അടച്ച് രാജ്യം മുഴുവൻ വ്യാപാരം നടത്താൻ കുത്തകമുതലാളിമാർക്ക് സൗകര്യം ചെയ്തുകൊടുക്കുന്ന നികുതിഘടനയാണ് ജിഎസ്ടി. കുറ്റൻ വ്യാപാരശൃംഖലകളുടെ മുതലാളിമാരും വൻവ്യവസായികളും ജിഎസ്ടിയെ ആനന്ദാതിരേകത്തോടെ സ്വാഗതം ചെയ്തു. എന്നാൽ ചെറുകിടവ്യാപാരികളും സാധാരണജനങ്ങളും അതിന്നിരകളായി തകർന്നടിഞ്ഞു. രാജ്യം അതിരൂക്ഷമായ വിലക്കയറ്റത്തിന്റെ അഗ്നിയിൽ എരിഞ്ഞടങ്ങി. വരുമാന നഷ്ടവും തൊഴിൽ നഷ്ടവും ദരിദ്ര ജനവിഭാഗങ്ങളെ ഫലത്തിൽ യാചകരാക്കി മാറ്റി. പോഷകാഹാരക്കുറവിന്റെയും കൊടും ദാരിദ്ര്യത്തിന്റെയും പിടിയിൽ അമർന്ന രാജ്യത്തെ ഗ്രാമങ്ങൾ പട്ടിണി മരണങ്ങളെ നേരിടുന്നു.

കോവിഡ് മഹാമാരിയും ജിഎസ്ടിയും നോട്ട് നിരോധനവും കൂടിച്ചേർന്ന് സാധാരണ ജനങ്ങളുടെ ജീവിതത്തെ അക്ഷരാർത്ഥത്തിൽ തകർത്തു കളഞ്ഞു. ചെറുകിട വ്യാപാരങ്ങളെയും വ്യവസായങ്ങളെയും അതിവേഗത്തിൽ മരണക്കയത്തിലേക്ക് തള്ളിവിടുകയാണ് അത് ചെയ്തത്.

### കുത്തകമുതലാളിമാരുടെ താൽപര്യ സംരക്ഷണം മാത്രമാണ് മോദി ഭരണത്തിന്റെ കർത്തവ്യനിർവ്വഹണം

രാജ്യത്തിന്റെ സാമ്പത്തിക സാമൂഹിക സാഹചര്യങ്ങളെ സംബന്ധിക്കുന്ന സ്ഥിതിവിവര കണക്കുകൾ മോദി സർക്കാർ ഔദ്യോഗികമായി പ്രസിദ്ധീകരിക്കാറില്ല. തങ്ങൾക്ക് ഹിതകരമല്ലാത്ത വിവരങ്ങളെന്നും പൂഴ്ത്തുകയാണ് ചെയ്യാറുള്ളത്. എന്നാൽ ഓക്സ്ഫാം പോലെയുള്ള ഏജൻസികൾ നടത്തിയ പഠന റിപ്പോർട്ടുകൾ പ്രകാരം രാജ്യത്തിന്റെ യഥാർത്ഥ സ്ഥിതി പുറത്തുവന്നിട്ടുണ്ട്. ഇൻഡ്യയിൽ അസമത്വം കൊടികുത്തി വാഴുകയാണ്. 70 കോടി ഭാരതീയ ജനതയുടെ ദേശീയ സ്വത്ത് വിഹിതം കേവലം ആറു ശതമാനം മാത്രമാണ്. ഏറ്റവും മുകളിലുള്ള 10% ആളുകൾ ദേശീയ സമ്പത്തിന്റെ 45% കൈയാളുന്നു എന്നാണ് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത്. ഇന്ത്യയിലെ 100 ശത കോടീശ്വരന്മാരുടെ സഞ്ചിത സമ്പത്ത് 957 ബില്യൺ അമേരിക്കൻ ഡോളറാണ്. അതിന്റെ തന്നെ അഞ്ചിലൊന്ന് വിഹിതവും ഗൗതം അദാനി ചെയർമാനായുള്ള ഭീമൻ കോർപ്പറേറ്റ് ഗ്രൂപ്പിന്റെ കൈകളിലാണ്. നരേന്ദ്രമോദിയുടെ കീഴിൽ ശതകോടിശ്വരനായ അദാനിയുടെ ബിസിനസ് സാമ്രാജ്യം 341 ശതമാനമാണ് വർദ്ധിച്ചത്. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ രാജ്യത്തെ ബാങ്കുകൾ എഴുതിത്തള്ളിയ 14.5 ലക്ഷം കോടി രൂപയിൽ 8 ലക്ഷം കോടി രൂപയും വൻകിട വ്യവസായികളുടെയും കുത്തകകളുടേതുമാണ്.

രാജ്യത്തിന്റെ പൊതുമേഖലാ സംരംഭങ്ങളിൽ വലിയൊരു പങ്കം ഏതാണ്ട് പൂർണ്ണമായും സ്വകാര്യമുതലാളിമാർക്കു വിറ്റുകഴിഞ്ഞു. കാർഷികരംഗം, ബാങ്കിംഗ് മേഖല, ടെലികോം, പ്രതിരോധം, റോഡ്, റെയിൽവേ, ഇൻഷ്വറൻസ്, തപാൽ, ഊർജ്ജം, തുറമുഖം, വ്യോമയാനരംഗം, കൽക്കരി, വൈദ്യുതി, എണ്ണ, വാതക പൈപ്പ് ലൈൻ തുടങ്ങിയ എണ്ണിയാൽ ഒടുങ്ങാത്ത മണ്ഡലങ്ങളൊക്കെയും മൂലധന ശക്തികൾക്ക് തുറന്നുകൊടുക്കുന്ന ജനദ്രോഹ നീക്കങ്ങളുടെ കൊടുമുടിയിലാണ് ഇപ്പോൾ രാജ്യം എത്തിപ്പെട്ടിരിക്കുന്നത്. നൂറു കണക്കിന് റെയിൽവേ സ്റ്റേഷനുകൾ, ട്രെയിനുകൾ തുടങ്ങിയവ സ്വകാര്യ മുതലാളിമാർക്ക് വിൽക്കാനുള്ള തകൃതിയായ ഒരുക്കത്തിലാണ് ഇൻഡ്യൻ റെയിൽവേ.

വൻകിട കോർപ്പറേറ്റുകളുടെ മൂലധന നിക്ഷേപത്തിനായുള്ള വഴിയൊരുക്കൽ മാത്രമായി ഭരണം മാറി. ഭരണപരമായ നിഷ്പക്ഷത എന്ന ജനാധിപത്യധാരണ കുഴിച്ചുമൂടിക്കൊണ്ട് ചങ്ങാത്ത മുതലാളിത്തം അതിന്റെ പാരമ്യത്തിലെത്തിയിരിക്കുന്നു. ഹിന്റൻബർഗ് റിപ്പോർട്ട് പുറത്തുകൊണ്ടുവന്ന അദാനിയുടെ ഓഹരിക്കൊള്ളയെക്കുറിച്ച് സംയുക്ത പാർലമെന്ററി കമ്മിറ്റിയുടെ അന്വേഷണം വേണമെന്ന പ്രതിപക്ഷത്തിന്റെയും മാധ്യമങ്ങളുടെയും ആവശ്യത്തെ ബിജെപി സർക്കാർ പുഛത്തോടെ തള്ളിക്കളഞ്ഞത് അദാനിയുമായുള്ള വഴിവിട്ട ചങ്ങാത്തത്തിന്റെ ഉത്തമദൃഷ്ടാന്തമാണ്. ഓഹരി വിപണിയുടെ വിശ്വാസ്യത നിലനിർത്തുക എന്ന മുതലാളിവർഗ്ഗത്തിന്റെ ആകമാനതാൽപ്പര്യത്തെപ്പോലും അദാനിക്കുവേണ്ടി ബലികഴിക്കാൻ പ്രധാനമന്ത്രിക്ക് ഒരു മടിയുമുണ്ടായില്ല. വിമാനത്താവളങ്ങളുടെ ഓപ്പറേഷൻ, സ്വകാര്യമുതലാളിമാർക്കുവേണ്ടി കൈമാറാനുള്ള ടെൻഡർ സമർപ്പിക്കേണ്ടുന്നതിന്റെ തലേന്ന് വ്യവസ്ഥകളിൽ വൻമാറ്റം വരുത്തിക്കൊണ്ട് അദാനിക്കുവേണ്ടി വഴി തെളിക്കുന്നതും നാം കണ്ടു. അങ്ങിനെ ഒറ്റ രാത്രികൊണ്ട് അദാനി രാജ്യത്തെ ഏറ്റവും വലിയ എയർപോർട്ട് ഓപ്പറേറ്ററാകുന്നതും നാം കണ്ടു. കോർപ്പറേറ്റുകളുമായുള്ള ഈ ചങ്ങാത്തമാണ് കേന്ദ്രസർക്കാരിന്റെ അതിഭീമമായ അഴിമതി. ഒരു തെളിവും അവശേഷിപ്പിക്കാതെ നടന്നുകൊണ്ടിരിക്കുന്ന ഈ അഴിമതിയാണ് ലിബറൈസ്ഡ് എക്കണോമി കാലഘട്ടത്തിന്റെ മുഖമുദ്ര. പൊതുമേഖലാ ബാങ്കുളെ കബളിപ്പിച്ച് കോടികൾ കൈക്കലാക്കി രാജ്യംവിട്ട വമ്പന്മാർക്ക് ഒരു മറയുമില്ലാതെ ഒത്താശ ചെയ്തതും മോദി സർക്കാർ തന്നെ ആയിരുന്നല്ലോ. എന്നാൽ, ചെങ്കോട്ടയിലെ ഒടുവിലത്തെ സ്വാതന്ത്ര്യ ദിന പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, അഴിമതിക്കെതിരായ പോരാട്ടത്തിൽ തന്നോടൊപ്പം രാജ്യം നിൽക്കണമെന്ന് ആഹ്വാനം ചെയ്തു! എത്ര വലിയ അപഹാസ്യമാണത്, അളക്കാനാവാത്ത കാപട്യവുമാണത്!

കോർപ്പറേറ്റ് അധീനതയിലുള്ള സ്ഥാപനങ്ങൾ തൊഴിലാളികളുടെയും തൊഴിലവകാശങ്ങളുടെയും ശ്മശാന ഭൂമിയായി മാറി. തൊഴിൽ നിയമ ദേദഗതികളിലൂടെ സ്ഥിരം തൊഴിൽ എന്ന അവകാശത്തെ തന്നെ സർക്കാർ കുഴിച്ചുമൂടി. ഫാക്ടറി നിയമഭേദഗതിയിലൂടെ രാജ്യത്തെ 70% ത്തോളം ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഒറ്റയടിക്ക് തൊഴിൽ നിയമങ്ങളുടെ പരിരക്ഷ നിഷേധിച്ചു കളഞ്ഞു. കരാർ, ദിവസക്കൂലി, പുറം കരാർ സമ്പ്രദായം വ്യാപകമാക്കി തൊഴിലാളികളെ അടിമകളാക്കി മാറ്റുന്ന പരിഷ്കാരങ്ങൾക്ക് നേതൃത്വം നൽകുകയാണ് കേന്ദ്ര മോദി സർക്കാർ. ഇന്ത്യൻ തൊഴിലാളി വർഗ്ഗം വീറ്റു പോരാട്ടങ്ങളിലൂടെ സ്ഥാപിച്ചെടുത്ത തൊഴിൽ അവകാശങ്ങൾ ഉൾപ്പെടുന്ന 44 കേന്ദ്ര തൊഴിൽ നിയമങ്ങളെ തകർത്തുകൊണ്ടാണ് പുത്തൻ ലേബർ കോഡുകൾ മുതലാളിമാർക്ക് വേണ്ടി കേന്ദ്രസർക്കാർ രൂപപ്പെടുത്തിയത്. നിശ്ചിത തൊഴിൽ എന്ന സങ്കൽപ്പത്തെ പോലും അവർ പിച്ചിച്ചീന്തി. എന്തിനേറെ പെൻഷൻ എന്ന മനുഷ്യാവകാശത്തെ പോലും നിഷ്ക്കരുണം അവസാനിപ്പിച്ചു കളഞ്ഞു. പകരം പങ്കാളിത്ത പെൻഷൻ സ്കീമുകൾ ആവിഷ്കരിച്ചു. തൊഴിലവകാശങ്ങളുടെ ശവപ്പറമ്പായി രാജ്യം മാറി.

### ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ സൃഷ്ടിക്കപ്പെടുന്നത് തലമുറകൾ നീണ്ടുനിൽക്കുന്ന ആഘാതം

ശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും ഭാഷയുടെയും അടിസ്ഥാന ധാരണകൾ നിഷേധിച്ചുകൊണ്ട് കോർപ്പറേറ്റുകൾക്കും കുത്തകകൾക്കുംവേണ്ടി വിദ്യാഭ്യാസത്തെ നൈപുണി വികസനമാക്കി ചവിട്ടിത്താഴ്ത്തി. ഒരു മേഖലയിലും സൈദ്ധാന്തികജ്ഞാനം ആർജ്ജിക്കാനിട വരാത്തവിധം ചിന്താപ്രക്രിയത്തത്തന്നെ തകർക്കുകയാണ് ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ മോദി സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഭാരതീയ ജ്ഞാനവ്യവസ്ഥ പഠിപ്പിക്കുന്നുവെന്ന പേരിൽ മധ്യകാലഘട്ടത്തെ അനുസ്മരിപ്പിക്കുന്ന വേദഭാഷയും ആശയങ്ങളും അടിച്ചേൽപ്പിക്കുന്നു. രാജ്യാതിർത്തികളില്ലാത്ത യഥാർത്ഥ മനുഷ്യവിജ്ഞാനത്തെ നിരാകരിക്കുന്നു. അങ്ങിനെ ശാസ്ത്ര വികാസത്തെ മാത്രമല്ല, ശാസ്ത്രീയ സമീപനവും മനോഭാവവും വളരുന്നതും തടയുന്നു. ഡാർവിന്റെ പരിണാമ സിദ്ധാന്തവും ആവർത്തനപ്പട്ടികയും പഠിപ്പിക്കേണ്ടതില്ലെന്ന തീരുമാനവും ഇതിഹാസരചനകൾ ചരിത്രപാഠങ്ങളാകുന്നതുമെല്ലാം ഈ നയത്തിന്റെ ഭാഗമാണ്.

അക്ഷര പഠനത്തെ പ്രോത്സാഹിപ്പിക്കാത്ത ഡിപിഇപി മാതൃകയിലുള്ള പുതിയ ദേശീയ കരിക്കുലം മാതൃഭാഷാ പരിജ്ഞാനം പോലും വിദ്യാർഥികൾക്ക് നിഷേധിക്കുന്നു. ഒരുവശത്ത്, പ്രാചീന ഭാഷയായ സംസ്കൃതത്തെ കുടിയിരുത്തുന്നു, മറുഭാഗത്ത് ആധുനിക വിജ്ഞാനത്തിന്റെ വെളിച്ചം നിഷേധിക്കാൻ ഇംഗ്ലീഷ് ഭാഷാ പഠനത്തെ നിരുത്സാഹപ്പെടുത്തുന്നു. ചരിത്ര പാഠപുസ്തകങ്ങളിൽനിന്ന് ഇന്ത്യയുടെ നവോത്ഥാന സ്വാതന്ത്ര്യ സമരചരിത്രം ക്രമേണ പടിയിറങ്ങുകയാണ്. സർവ്വകലാശാലകളെയും കോളേജുകളെയും ഘട്ടം ഘട്ടമായി ഡിസ്അഫിലിയേറ്റ് ചെയ്യാനും സ്വകാര്യവൽക്കരിക്കാനും വാണിജ്യവൽക്കരിക്കാനും നിർദ്ദേശിക്കുന്ന നയങ്ങൾ നടപ്പാക്കാൻ ഫെഡറൽ വ്യവസ്ഥകളെ കാറ്റിൽപ്പറത്തി വിദ്യാഭ്യാസ നടത്തിപ്പിന്റെ സർവ്വമാന അധികാരങ്ങളും കേന്ദ്രസർക്കാരിന്റെ

*(ശേഷം 3–ാം പേജിൽ)*

# ബിജെപിയുടെ ഹിന്ദുത്വരാഷ്ട്രീയം മധ്യകാലഘട്ടത്തിലെ ഇരുണ്ടനാളുകളിലേയ്ക്ക് രാജ്യത്തെ വലിച്ചിഴയ്ക്കുന്നു

## ദേശീയ പ്രക്ഷോഭത്തിന് തയ്യാറെടുക്കുക

(2-ാം പേജിൽ നിന്ന്)

കാൽക്കീഴിലേക്ക് കേന്ദ്രീകരിക്കുന്ന പുതിയ നയം. ജനജീവിതത്തെ നെടുകെ പിളർക്കുന്ന നയങ്ങൾക്കെതിരെ ഉയർന്നുവരുന്ന ജനകീയ പ്രതിഷേധങ്ങളെ തടയാനുള്ള ഒരു മുൻകൂർ ഫാസിസ്റ്റ് നീക്കമാണ് വിദ്യാഭ്യാസത്തെ ചിട്ടപ്പെടുത്തുന്നതിലൂടെ മോദി സർക്കാർ ലക്ഷ്യം വെക്കുന്നത്.

### ദരിദ്രകോടികൾക്ക് ആധുനിക ചികിൽസ നിഷേധിക്കുന്നു

പൊതുജനാരോഗ്യമേഖലയ്ക്കുള്ള കേന്ദ്രവിഹിതം ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കാത്തത്, പ്രസ്തുത തുക വെട്ടിക്കുറയ്ക്കുന്നതിനു തുല്യമാണ്. സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരോ മറ്റ് ജീവനക്കാരോ ജീവൻ രക്ഷാ മരുന്നുകൾപോലുമോ ലഭ്യമല്ല എന്നാണ് 2017-ലെ സിഎജി റിപ്പോർട്ട് വെളിപ്പെടുത്തുന്നത്. ആധുനികചികിൽസാ മേഖല വമ്പൻ കച്ചവടശക്തികൾക്ക് തീറെഴുതിക്കഴിഞ്ഞു. ആധുനിക മെഡിക്കൽ വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിലുള്ള ചികിൽസാ സമ്പ്രദായത്തെ പാരമ്പര്യ ചികിൽസയും നാട്ടുചികിൽസയുമായി അശാസ്ത്രീയമായി കൂട്ടിക്കലർത്തി രാജ്യത്തെ മഹാഭൂരിപക്ഷം വരുന്ന സാധാരണപൗരന്മാർക്ക് ആരോഗ്യസംരക്ഷണത്തിനുതകാത്ത സങ്കരചികിൽസ നൽകുകയാണ് ആരോഗ്യമേഖലയിലെ കേന്ദ്രപരിഷ്കാരങ്ങളുടെ ആകെത്തുക. പാവപ്പെട്ടവർക്ക് ആധുനിക ചികിൽസ നിഷേധിക്കുന്നുവെന്നു മാത്രമല്ല, ആധുനിക മെഡിക്കൽ വിദ്യാഭ്യാസത്തെയും ശാസ്ത്രീയമായ അതിന്റെ വികാസത്തെയും ഇതിലൂടെ തകർക്കുന്നു. ആരോഗ്യ മേഖലയെ കഴുത്തറുപ്പൻ സ്വകാര്യ ശക്തികൾക്ക് വിട്ടുകൊടുക്കാനായാണ് നാഷണൽ മെഡിക്കൽ കമ്മീഷൻ രൂപവൽക്കരിച്ചത്. എൻഎംഎസിയുടെ നയങ്ങൾ രാജ്യത്തിന്റെ ആരോഗ്യപരിപാലന രംഗത്തെ തകർച്ചയുടെ പടുകുഴിയിലെത്തിച്ചിരിക്കുന്നു.

മതിയായ ചികിത്സ കിട്ടാതെ വർഷംതോറും മരിക്കുന്ന മനുഷ്യർക്ക് കണക്കുകൾ ഉണ്ടോ? മാതൃമരണ നിരക്ക് ഒരു ലക്ഷം പേർക്ക് 178 എന്ന നിലയിൽ ലോകത്ത് ഏറ്റവും ഉയർന്ന അനുപാതത്തിലാണ്. ചികിൽസാസൗകര്യങ്ങൾ ലഭ്യമല്ലാത്ത ആയിരക്കണക്കിന് ഗ്രാമങ്ങളിലെ അമ്മമാരാണ് പ്രസവത്തോടനുബന്ധിച്ചുള്ള ആരോഗ്യപ്രശ്നങ്ങളെത്തുടർന്ന് മരിക്കുന്നത്.

### ഇന്ധനവിലവർദ്ധനവ് മോദി സർക്കാരിന്റെ പകൽക്കൊള്ളയിൽ ഒന്നാം സ്ഥാനത്ത്

2014ൽ യുപിഎ അധികാരമൊഴിയുമ്പോൾ ലോകവിപണയിൽ ക്രൂഡ് ഓയിലിന്റെ വില ബാരലിന് 110 ഡോളറായിരുന്നു. അന്ന് ഇൻഡ്യയിൽ പെട്രോളിന്റെ വില ലിറ്ററിന് 72 രൂപയും. മോദി സർക്കാരിന്റെ ആദ്യത്തെ 8 വർഷക്കാലവും ലോകവിപണയിൽ ക്രൂഡ് ഓയിലിന്റെ വില ഇടിഞ്ഞ് ബാരലിന് ശരാശരി 60 ഡോളർ മാത്രമായി. കോവിഡ് വേളയിൽ ക്രൂഡിന്റെ വില പൂജ്യത്തിന് താഴേക്കുപോലും പോയി. എന്നാൽ ഈ വിലയിടിവിന്റെ ആനുകൂല്യവും ആശ്വാസവും ജനങ്ങൾക്ക് നിഷേധിച്ചുകൊണ്ട് മോദി സർക്കാർ നിരന്തരം നികുതി കുത്തനെ കൂട്ടിക്കൊണ്ട് ഇന്ധനത്തിന്റെ വില വർദ്ധിപ്പിച്ചുകൊണ്ടേയിരുന്നു. കഴിഞ്ഞ 10 വർഷത്തിനിടയിൽ ക്രൂഡ് ഓയിലിന്റെ വിലയിടിവിന്റെ ആനുകൂല്യം ജനങ്ങൾക്ക് നൽകാതെ മോദി സർക്കാർ അധികമായി സൃഷ്ടിച്ച വരുമാനം 12 ലക്ഷം കോടി രൂപയാണ്. ക്രൂഡിന്റെ വില ബാരലിന് 70 ഡോളറായിരിക്കുമ്പോഴും പെട്രോളിന്റെ വില ഇപ്പോൾ ഇൻഡ്യയിൽ ലിറ്ററിന് 106 രൂപയാണ്. പാചകവാതകത്തിന്റെ വിലയാകട്ടെ സിലിണ്ടറിന് 450 രൂപയായിരുന്നത് പടിപടിയായി ഉയർത്തി 1000 രൂപ പിന്നിട്ടു. ഉജ്വൽ യോജന പദ്ധതി നടപ്പാക്കി, ലക്ഷക്കണക്കിന് പുതിയ ഉപഭോക്താക്കളെ സൃഷ്ടിച്ച് അവരെയും ഈ പകൽക്കൊള്ളയുടെ ഇരകളാക്കി. പുതിയ വിപണി സൃഷ്ടിച്ച്, ഭീമമായ തുകയുടെ എൽപിജി വിറ്റഴിക്കുക എന്ന തന്ത്രം മാത്രമായിരുന്നു സൗജന്യകണക്ഷന്റെ പേരിൽ നടന്ന ഉജ്വൽ പദ്ധതി. സൗജന്യഇന്റർനെറ്റ് നൽകി ലക്ഷക്കണക്കിന് ഉപഭോക്താക്കളെ സൃഷ്ടിച്ച അംബാനിയുടെ വാണിജ്യതന്ത്രത്തിന്റെ മറ്റൊരു പതിപ്പായിരുന്നു ഉജ്വൽ യോജന. എന്നാൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ, ഈ പിടിച്ചുപറിയും ജനങ്ങൾക്ക് നൽകുന്ന ഔദാര്യമായി ആഘോഷിക്കപ്പെട്ടു. ഇപ്പോൾ തെരഞ്ഞെടുപ്പ് കാലമായപ്പോൾ സിലിണ്ടറിന് 200 രൂപ കുറയ്ക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്നു. പിന്നിട്ട വർഷങ്ങളിൽ ജനങ്ങളിൽ നിന്ന് അധികമായി 200 രൂപ വീതം കൊള്ളയടിക്കുകയായിരുന്നുവെന്നാണല്ലോ ഇത് വ്യക്തമാക്കുന്നത്.

### കുത്തിക്കവർച്ച നടത്തുന്ന റെയിൽവേ

കോവിഡിനെത്തുടർന്ന് പാസഞ്ചർ ട്രെയിനുകളെല്ലാം എക്സ്പ്രസ്സ് ട്രെയിനുകളാക്കി. മുതിർന്ന പൗരന്മാർക്കുള്ള ചാർജ്ജ് ഇളവ് റദ്ദാക്കി. സ്ലീപ്പർ കോച്ചുകളെല്ലാം എസികോച്ചുകളാക്കി മാറ്റി. ജനറൽ ടിക്കറ്റുകൾ തൽക്കാൽ ടിക്കറ്റുകളും പ്രീമിയം തൽക്കാൽ ടിക്കറ്റുകളുമാക്കി. ഇതിനുപുറമെ ഡൈനാമിക് പ്രൈസിംഗും ഏർപ്പെടുത്തി. കാൻസലേഷൻ ചാർജ്ജുകൾ കുത്തനെ കൂട്ടി. വെയ്റ്റിംഗ് റൂമുകൾക്കുപോലും ഫീസ് ഈടാക്കാൻ തീരുമാനിച്ചു. സാധാരണക്കാരായ കോടിക്കണക്കിന് യാത്രക്കാരെ കൊള്ളയടിക്കുകയും അവരുടെ സൗകര്യങ്ങൾ റദ്ദാക്കുകയും ചെയ്ത സർക്കാർ, മറുവശത്ത് ഭീമമായ ചാജ്ജ് ഈടാക്കാനായി വന്ദേഭാരത് ട്രെയിനുകൾ തുടങ്ങി.

പുതിയ വൈദ്യുതി ഭേദഗതി നിയമം 2020 പ്രകാരം പ്രതിദിനം വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി ബോർഡിന് അധികാരം കൈവരുന്നു. അതിനായി നിലവിലുള്ള ഇലക്ട്രോണിക് മീറ്റർ മാറ്റി പകരം സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള നിർദ്ദേശമാണ് കേന്ദ്രസർക്കാർ നൽകിയിരിക്കുന്നത്. അത് സ്വകാര്യവൽക്കരണത്തിലേക്കുള്ള പാതയൊരുക്കൽ മാത്രമാണ്.

### ഇൻഡ്യയെന്ന ജനാധിപത്യ-മതേതര റിപ്പബ്ലിക് തകരുന്നു

ജനാധിപത്യം, മതേതരത്വം എന്നീ സംജ്ഞകൾ മോദിഭരണത്തിൻ കീഴിൽ വെറുക്കപ്പെട്ടവയായി മാറ്റപ്പെട്ടു. ന്യൂനപക്ഷ വിഭാഗങ്ങളും ദളിത് ജനവിഭാഗവും ചരിത്രത്തിൽ ഉണ്ടായിട്ടില്ലാത്തവിധം രാജ്യത്തിന്റെ മണ്ണിൽ അന്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. ആത്മാഭിമാനം ഉപേക്ഷിച്ച് മറ്റുള്ളവരുടെ ഔദാര്യമോ ദയയോ യാചനയിലൂടെ നേടി ജീവിക്കേണ്ടവരാണ് ന്യൂനപക്ഷവും ദളിത് ജനവിഭാഗവുമെന്ന അലിഖിതകൽപ്പന തലയ്ക്കുമുകളിൽ തൂങ്ങി നിൽക്കുന്നു. അനീതിയോ വിവേചനമോ ചോദ്യം ചെയ്യാൻ ഒരുമ്പെട്ടാൽ ഭരണകൂടബുൾഡോസറിന് ഇരയാവുകയേ തരമുള്ളൂ. ഗ്യാൻവാപി മുതൽ മാഥുര വരെ ആരാധനാലയങ്ങളിൽ കയറി പരിശോധിച്ച് അതിന്റെ ചരിത്രം കണ്ടെത്താൻ കോടതികൾ കൽപ്പിക്കുന്ന സ്ഥിതിയിലെത്തിയിരിക്കുന്നു. വിഗ്രഹം സ്ഥാപിച്ചതും പള്ളി പൊളിച്ചതും തെററാണെങ്കിലും അതു തിരുത്തേണ്ടതില്ലെന്നു പരമോന്നത കോടതി വിധിക്കുന്നിടം വരെയെത്തിയിരിക്കുന്നു ജനാധിപത്യത്തിന്റെ നല്ലനടപ്പ്. മധ്യകാലത്തെ ഇരുണ്ട നാളുകളിലേക്ക് രാജ്യം വലിച്ചിഴക്കപ്പെടുന്ന ദാരുണമായ സ്ഥിതി. മാനവസാഹോദര്യത്തിലും മതേതര സൗഹാർദ്ദത്തിലും വിള്ളൽ വീണിരിക്കുന്നു. സാംസ്കാരിക - ഭരണരംഗങ്ങളിൽ ഫാസിസത്തിന്റെ പദ്ധതി വിജയകരമായി പരീക്ഷിക്കപ്പെടുകയാണ്.

ഇൻഡ്യയെന്ന ജനാധിപത്യ റിപ്പബ്ലിക് സങ്കൽപ്പിക്കാനാവാത്ത പ്രതിസന്ധികളിലൂടെ കടന്നു പോവുകയാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 400ൽ അധികം ഇന്റർനെറ്റ് ഷട്ട്ഡൗണുകൾ അടിച്ചേൽപ്പിക്കപ്പെട്ടു. ഒട്ടനവധി മാധ്യമപ്രവർത്തകർ തുറുങ്കിലടയ്ക്കപ്പെട്ടു. മണിപ്പൂർ ഉണങ്ങാത്ത വ്രണമായി തുടരുന്നു. കാശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കിയ തീരുമാനത്തെ ശരിവച്ചുകൊണ്ടുള്ള പരമോന്നതകോടതിയുടെ വിധി, ഫെഡറലിസത്തിന്റെ ശവപ്പെട്ടിയിൽ അവസാനത്തെ ആണിയും അടിച്ചുകയറ്റി. കാശ്മീരിജനതയോടുള്ള വാഗ്ദാനലംഘനമായി അതു മാറി. ഡാനിഷ് അലിമാരെ വംശീയപുലഭ്യം പറയുന്ന എം.പിമാർ അകത്തളങ്ങളിൽ സുരക്ഷിതരായിരിക്കുമ്പോൾ പാർലിമെന്റിനുള്ളിൽ പ്രതിഷേധിക്കുന്ന എം.പിമാരെ നിർദ്ദാക്ഷിണ്യം പുറത്താക്കുന്നു. പുകഴ്പെറ്റ ജനാധിപത്യ വ്യവസ്ഥയുടെ നെടുംതൂണുകൾ ഓരോന്നായി പൊട്ടിത്തകരുന്ന കാഴ്ച ഹൃദയഭേദകമാണ്.

### ഫാസിസ്റ്റ് പദ്ധതിയെ ചെറുക്കാൻ ശക്തവും സുദീർഘവുമായ ജനകീയ പ്രക്ഷോഭം മാത്രമാണ് മാർഗ്ഗം

ആഴം വെച്ച് വരുന്ന സാമ്പത്തിക തകർച്ചയിൽ ശ്വാസംമുട്ടിക്കഴിയുന്ന ജനകോടികളുടെ രാജ്യമായി ഇന്ത്യ മാറിത്തീർന്നിരിക്കുന്നു. തെരുവുകൾ ശ്മശാനമൂകതയിലാണ്. രാജ്യമെങ്ങും ഫാസിസ്റ്റ് നടപടികളുടെ ഇരുട്ട് പരക്കുന്നു. ജീവിതമാർഗങ്ങൾ അടഞ്ഞതിനാൽ, ആഹ്ലാദവും പരസ്പരവിശ്വാസവും നഷ്ടപ്പെട്ട കുടുംബങ്ങൾ ശൈഥില്യത്തിലാണ്. ആത്മഹത്യകളുടെ എണ്ണം ദിനംപ്രതി പെരുകുന്നു. വിഷാദ രോഗം പടരുന്നു. ലോക തൊഴിൽ കമ്പോളത്തിൽ അധ്വാനം വിൽക്കാനായി രാജ്യം വിട്ടോടുന്ന ജനലക്ഷങ്ങളുടെ നെടുവീർപ്പുകൾ കൊണ്ടു നിറഞ്ഞ നമ്മുടെ രാജ്യം അതിന്റെ യഥാർത്ഥ ചിത്രം വരച്ചുകാട്ടുന്നു.

ബിജെപിയുടെ ജനവിരുദ്ധനയങ്ങൾക്കും ഫാസിസ്റ്റ് പദ്ധതിക്കുമെതിരെ രാജ്യത്തെ പ്രതിപക്ഷ പ്രസ്ഥാനങ്ങൾ ശക്തമായ പ്രക്ഷോഭത്തിന്റെ രാഷ്ട്രീയം അനുവർത്തിക്കുന്നില്ല എന്നത് അതീവ ഖേദകരമാണ്. അവസരവാദ പാർലമെന്ററി കൂട്ടുകെട്ടുകൾ ഉണ്ടാക്കി എങ്ങിനെയും തെരഞ്ഞെടുപ്പ് വിജയം സൃഷ്ടിക്കുക എന്നതുമാത്രമാണ് അവരുടെ ലക്ഷ്യം. അതിനായി ബിജെപി അവതരിപ്പിക്കുന്ന ഹിന്ദുത്വ രാഷ്ട്രീയത്തെ പിൻപറ്റുന്ന ആപൽക്കരമായ സമീപനം പോലും ഇക്കഴിഞ്ഞ സംസ്ഥാനതെരഞ്ഞെടുപ്പുകളിൽ നാം കണ്ടു. ബിജെപി ഭരണത്തിന്റെ അടിച്ചമർത്തലിനും നയങ്ങൾക്കുമെതിരെ സ്വാഭാവികമായി ഉയർന്നുവന്ന ജനകീയസമരങ്ങളെ പിന്തുണച്ചുകൊണ്ട്, അതിനെ ഒരു ദേശീയ പ്രക്ഷോഭത്തിന്റെ മാനത്തിലേക്ക് വളർത്തിയെടുക്കാൻ പ്രതിപക്ഷ പ്രസ്ഥാനങ്ങൾ ഗൗരവപൂർവ്വം പരിശ്രമിച്ചതേയില്ല.

കേന്ദ്രസർക്കാരിന്റെ നയങ്ങൾക്കെതിരെ ജനങ്ങൾ ഒരു പൊട്ടിത്തെറിയുടെ വക്കിലാണ്. അതിനു പ്രക്ഷോഭത്തിന്റെ രൂപം നൽകി, ജനങ്ങൾക്ക് ആത്മവിശ്വാസം പകരുകയാണ് വേണ്ടത്. ബിജെപി അവതരിപ്പിക്കുന്ന അതീവ ആപൽക്കരമായ രാഷ്ട്രീയത്തെ പരാജയപ്പെടുത്താൻ ഉയർന്ന ജനാധിപത്യ പ്രബുദ്ധതയെ ആധാരമാക്കിയ ജനകീയ സമരങ്ങൾക്കു മാത്രമേ കഴിയൂ. മതവിശ്വാസത്തിന്റെ പേരിൽ ആളിക്കത്തിക്കപ്പെടുന്ന ക്ഷണിക വികാരത്തേക്കാൾ, മനുഷ്യജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങളുടെ പരിഹാരമാണ് പരമപ്രധാനമെന്ന വിദ്യാഭ്യാസം ജനാധിപത്യ - രാഷ്ട്രീയപോരാട്ടങ്ങളിലൂടെ മാത്രമേ സൃഷ്ടിക്കപ്പെടൂ. ബിജെപിയുടെ രാഷ്ട്രീയപിന്തുണയുടെ അടിത്തറ വർഗ്ഗീയതയും അന്യമതവിദ്വേഷവും മാത്രമാണ്. അവ അവസാനിക്കുമ്പോൾ ബിജെപി ഒറ്റപ്പെടുത്തപ്പെടും. അതിനായി ഒരേയൊരു മാർഗ്ഗമേയുള്ളൂ. എന്തുവില നൽകിയും പ്രക്ഷോഭത്തിന്റെ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുക. ഞങ്ങൾ അത് ആവർത്തിക്കുന്നു.

ഈ സാഹചര്യത്തിൽ,കേന്ദ്ര ബിജെപി സർക്കാരിന്റെ ജനവിരുദ്ധനയങ്ങൾക്കും ഫാസിസ്റ്റ് പദ്ധതികൾക്കുമെതിരെ ശക്തമായ ദേശീയ പ്രക്ഷോഭം സംഘടിപ്പിക്കാൻ എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) കേന്ദ്ര കമ്മിറ്റി ആഹ്വാനം ചെയ്യുന്നു. പാർലമെന്റിന് മുന്നിലും വിവിധ രാജ്ഭവനുകൾക്ക് മുന്നിലും പാർട്ടിയുടെ നേതൃത്വത്തിൽ പ്രക്ഷോഭ പരിപാടികൾക്ക് നേതൃത്വം നൽകാനാണ് പാർട്ടി കേന്ദ്ര കമ്മിറ്റിയുടെ ആഹ്വാനം. രാഷ്ട്രപതിക്കു സമർപ്പിക്കാനുള്ള ഭീമഹർജിയിൽ ജനലക്ഷങ്ങളുടെ ഒപ്പുശേഖരിച്ചുകൊണ്ട് പ്രക്ഷോഭത്തിന്റെ സന്ദേശം ജനങ്ങൾക്ക് കൈമാറും. കേരളത്തിൽ ഫെബ്രുവരി 21 ന് രാജഭവന് മുന്നിലേക്ക് ആയിരങ്ങൾ മാർച്ച് ചെയ്യും. ജനജീവിതം തകർക്കുന്ന കേന്ദ്രസർക്കാരിന്റെ എല്ലാ നയങ്ങളും ഫാസിസ്റ്റ് നടപടികളും ഉടനടി അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുന്ന പ്രക്ഷോഭത്തിൽ പങ്കെടുക്കുവാൻ മനുഷ്യനന്മ പുലർന്നുകാണാൻ ആഗ്രഹിക്കുന്ന എല്ലാ മനുഷ്യരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

## അഞ്ച് സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പ് ഫലം

# പാർലമെന്ററി വ്യാമോഹം വെടിഞ്ഞ് ഇടതുപക്ഷ സമരബദൽ പടുത്തുയർത്തണം

മധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഢ് തുടങ്ങി അഞ്ച് സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഫലം പുറത്തുവന്നപ്പോൾ മാധ്യമങ്ങൾ പലതരത്തിലുള്ള കോലാഹലങ്ങളാണ് ഉയർത്തിയത്. ബിജെപിയുടെ വിജയത്തിന്റെ കാരണവും കോൺഗ്രസിന്റെ പരാജയകാരണവും അവർ ചർച്ചചെയ്തു. രാജ്യത്തെ ബഹുഭൂരിപക്ഷം അധ്വാനിക്കുന്ന ജനങ്ങൾക്ക് ഈ തിരഞ്ഞെടുപ്പ് എന്ത് നേട്ടമുണ്ടാക്കി, അവരുടെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടോ തുടങ്ങിയ ചോദ്യങ്ങൾ അവർ ഉന്നയിക്കില്ല. കോൺഗ്രസും ബിജെപിയും തിരിച്ചും മറിച്ചും പലതവണ അധികാരത്തിലെത്തി. ജനജീവിതത്തിന്റെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായോ? ഇത് എവിടെയും ചർച്ചയാകുന്നില്ല.

ഈ തിരഞ്ഞെടുപ്പിൽ ജനങ്ങൾക്ക് പുതുതായി ഒന്നും നേടാനുണ്ടായിരുന്നില്ല. വാസ്തവത്തിൽ, ഭരണ-പ്രതിപക്ഷ വ്യത്യാസം മറച്ചുവെച്ച് ഇരുരാഷ്ട്രീയത്തിന്റെയും ഒറ്റരൂപം ഉരുത്തിരിയുകയാണ് ഉണ്ടായത്. ഇരുകൂട്ടരുടെയും നിലപാടും പ്രതിബദ്ധതയും ഒന്നുതന്നെയായിരുന്നു. ജനജീവിതത്തിൽ വലിയ പുരോഗതി കൈവരിച്ചതായും പൊതുതാൽപ്പര്യത്തിനായി മഹത്തായ പ്രവർത്തനങ്ങൾ നടത്തിയതായും ഭരണകക്ഷികളെല്ലാം അവകാശപ്പെട്ടു. യഥാർത്ഥ്യമെന്താണ്? പണപ്പെരുപ്പം, തൊഴിലില്ലായ്മ തുടങ്ങി എതെങ്കിലും കാര്യത്തിൽ എന്തെങ്കിലും മാറ്റമുണ്ടായോ? സാമ്പത്തിക അസമത്വം കുറഞ്ഞോ? ജാതി-മത വേർതിരിവ് കുറയ്ക്കാൻ ഈ സർക്കാരുകൾ എന്തെങ്കിലും ശ്രമം നടത്തിയോ? ഈ പ്രശ്നങ്ങളൊന്നും തന്നെ അവസാനിച്ചിട്ടില്ല എന്നുമാത്രമല്ല ജീവിതം ദുസ്സഹമാക്കുന്ന തരത്തിൽ വർദ്ധിച്ചുകൊണ്ടുമിരിക്കുന്നു.

രാമക്ഷേത്ര നിർമ്മാണം തങ്ങളുടെ ഏറ്റവും വലിയ 'വിജയമായി' ബിജെപി ഉയർത്തിക്കാട്ടിയപ്പോൾ, 'ബാബറി മസ്ജിദിന്റെ പൂട്ട് ആദ്യംതുറന്നത് ഞങ്ങളാണ്' എന്നായിരുന്നു ആ വിജയത്തിൽ പങ്കുചേർന്നുകൊണ്ട് കോൺഗ്രസിന്റെ അവകാശവാദം. പൊതുജീവിതത്തിലെ പൊള്ളുന്ന പ്രശ്നങ്ങൾ ഒഴിവാക്കി, ബിജെപി നേതാക്കൾ ഹിന്ദുത്വകാർഡ് ഉയർത്തി ഹിന്ദു വോട്ട് ബാങ്കുകൾ സൃഷ്ടിക്കാൻ ക്യാമറാമാൻമാരുമായി ക്ഷേത്രങ്ങൾ ചുറ്റി, പൂജകൾ നടത്തി. കോൺഗ്രസ് നേതാക്കളും ഇതേ രീതിയിൽ ക്ഷേത്രങ്ങൾ കയറിയിറങ്ങി. വോട്ട് ആകർഷിക്കാൻ കോൺഗ്രസ് സൗജന്യങ്ങൾ പ്രഖ്യാപിക്കുമ്പോൾ, അതിനെ കവച്ചുവയ്ക്കുംവിധം ബിജെപിയും വാഗ്ദാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നു.ജീവകാരുണ്യപ്രവർത്തനത്തിന്റെ ലേലംവിളി നടക്കുന്ന പ്രതീതിയാണ് സൃഷ്ടിക്കപ്പെട്ടത്. അപ്പോൾ രാഷ്ട്രീയത്തിലെ ഈ രണ്ട് ക്യാമ്പുകൾ തമ്മിലുള്ള വ്യത്യാസം എവിടെയാണ്?

ഈ പാർട്ടികൾ ജീവിതത്തിന്റെ കാതലായ പ്രശ്നങ്ങളെ സ്പർശിക്കാതെ ഔദാര്യങ്ങൾ നൽകി ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താമെന്ന വ്യാമോഹം ജനിപ്പിക്കുന്നു. രാഷ്ട്രീയത്തെ വഞ്ചനയുടെ പര്യായമായി കാണുന്ന, നിരാശരായ, നിരാലംബരായ ആളുകൾക്ക് മറ്റ് പോംവഴികളില്ല; ഒന്നല്ലെങ്കിൽ മറ്റൊരു പാർട്ടിയെ പിന്തുണയ്ക്കാൻ ജനങ്ങൾ നിർബന്ധിതരാകുന്നു. ഈ തട്ടിപ്പുസംഘങ്ങൾ വാഗ്ദാനം ചെയ്യുന്നതിന്റെ എത്രയോ മടങ്ങ് തങ്ങളുടെ ജീവിതത്തിൽ നിന്ന് ഓരോ ദിവസവും അവർ അപഹരിക്കുന്നുണ്ടെന്ന് ചിന്തിക്കാൻപോലും സാധാരണക്കാർക്ക് അവസരമില്ല. ഗ്യാസ് സിലിണ്ടറിന് അഞ്ഞൂറ് രൂപയാണ് കൂട്ടിയത്. ചികിത്സ, വിദ്യാഭ്യാസ ചെലവുകൾ പലമടങ്ങ് വർദ്ധിച്ചു. നിത്യോപയോഗ സാധനങ്ങളുടെ വില താരതമ്യം ചെയ്യാനാവാത്തവിധം ഉയർന്നു. എട്ട് മണിക്കൂർ ജോലി സമയം പന്ത്രണ്ട് മണിക്കൂറായി ഉയർത്തി. മിനിമം കൂലിയുടെ പരിധി നിശ്ചയിക്കാൻപോലും ഒരു സർക്കാരും തയ്യാറായില്ല. ചൂഷണാധിഷ്ഠിതമായ മുതലാളിത്ത സാമൂഹിക വ്യവസ്ഥിതി നിലനിൽക്കുന്നതിനാൽ, പൊതുജീവിതത്തിൽ ഇത്തരം കഷ്ടപ്പാടുകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആ വ്യവസ്ഥയുടെ പിന്തുണക്കാരും സംരക്ഷകരുമായവർക്ക് എങ്ങനെ ജനങ്ങളെ ഈ ദുരിതത്തിൽനിന്ന് രക്ഷിക്കാനാകും! അങ്ങനെയെങ്കിൽ, അധ്വാനിച്ച് ജീവിക്കുന്നവരുടെ ഭാവി എന്താണ്? ഇതിനൊരു മാറ്റവും ഇല്ലേ? ഇത് എക്കാലവും തുടരുമോ?

തീർച്ചയായും മാറ്റമുണ്ടാകും. എന്നാൽ ഈ വ്യവസ്ഥയുടെ സംരക്ഷകരായ ബൂർഷ്വാ-പെറ്റി ബൂർഷ്വാ പാർട്ടികളിൽ ഒന്നിന് പകരം മറ്റൊന്നിന് വോട്ട് ചെയ്യുന്നതിലൂടെ ആ മാറ്റം സംഭവിക്കില്ല. ഈ മുതലാളിത്ത രാഷ്ട്രീയത്തിന്റെ ബദൽ അധ്വാനിക്കുന്ന ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന ഇടതുപക്ഷ രാഷ്ട്രീയമാണ്. ആ രാഷ്ട്രീയം സർക്കാരുണ്ടാക്കാനുള്ള രാഷ്ട്രീയമല്ല, ജനകീയ സമരത്തിന്റെ വിപ്ലവ രാഷ്ട്രീയമാണ്.

പക്ഷേ, സമരംചെയ്യുന്ന ഇടതുപക്ഷത്തിന്റെ ബദൽ രാഷ്ട്രീയം എവിടെ? ഇടതുപക്ഷ പാർട്ടികളെന്ന് അവകാശപ്പെടുന്നവർക്ക്, ഇത്രയധികം സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പുകളിൽ എവിടെയെങ്കിലും ബദൽ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ മാതൃക കാണിക്കാൻ കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞില്ലെന്ന് മാത്രമല്ല, സിപിഐ(എം), സിപിഐ പോലുള്ള പാർട്ടികൾ ബൂർഷ്വാ ബദലായ 'ഇന്ത്യ' സഖ്യത്തിന്റെ ഭാഗമായി. ഈ സഖ്യം ബിജെപിക്ക് ബദലാണോ? ഈ സഖ്യത്തിനുള്ളിൽ ഒരു ബദൽ നയം അവതരിപ്പിക്കാൻ ഇടതുപക്ഷത്തിന് കഴിഞ്ഞിട്ടുണ്ടോ? ബിജെപിയുടെ സാമ്പത്തികനയത്തിന് ഒരു ബദൽ ഇന്ത്യാ സഖ്യത്തിനുണ്ടോ? അടുത്ത ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇന്ത്യാ സഖ്യം വിജയിച്ചാൽ സ്വകാര്യവൽക്കരണ നയം ഉപേക്ഷിക്കുമോ? തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തി അധ്വാനിക്കുന്ന ജനങ്ങളുടെ എല്ലാ അവകാശങ്ങളും പുനഃസ്ഥാപിക്കുമോ? ഇല്ല, അത്തരമൊരു പ്രഖ്യാപനം ഈ സഖ്യം നടത്തിയിട്ടില്ല. അധ്വാനിക്കുന്ന ജനങ്ങളുടെ ഐക്യം തകർക്കുന്ന ബിജെപിയുടെ വർഗീയ രാഷ്ട്രീയത്തിനെങ്കിലും ബദൽ കാണിക്കാൻ ഇന്ത്യാ സഖ്യത്തിന് കഴിഞ്ഞോ? വാസ്തവത്തിൽ, ഇന്ത്യാ സഖ്യത്തിലെ പാർട്ടികളൊന്നും മതേതരത്വമെന്ന ബൂർഷ്വാ സങ്കൽപ്പംപോലും തത്വത്തിൽ ഉയർത്തിപ്പിടിക്കുന്നില്ല. ബിജെപി തീവ്രഹിന്ദുത്വം പിന്തുടരുമ്പോൾ മൃദുഹിന്ദുത്വത്തിന്റെ പാതയിലാണ് കോൺഗ്രസ് പ്രവർത്തിക്കുന്നത്.

കോൺഗ്രസ്, തൃണമൂൽ, സമാജ്‌വാദി, ആർജെഡി, ഡിഎംകെ, എഎപി തുടങ്ങിയ ബൂർഷ്വാ-പെറ്റി ബൂർഷ്വാ പാർട്ടികളുടെ നയംപിന്തുടർന്നാണ് പ്രബല ഇടത് കക്ഷികൾ ഈ സഖ്യത്തിൽ ചേർന്നത്. കോൺഗ്രസിനും ആർജെഡിക്കും മറ്റുള്ളവർക്കും വോട്ടുചെയ്യാൻ തരംപോലെ അവർ ജനങ്ങളോട് അഭ്യർത്ഥിക്കുന്നു. അപ്പോൾ, ഇന്ത്യാ കൂട്ടുകെട്ടിൽ ചേരുന്നതുകൊണ്ട് രാജ്യത്തെ ചൂഷണവും അവശതയും അനുഭവിക്കുന്നവർക്ക് എന്ത് നേട്ടമാണ് ഉണ്ടാകുക? സിപിഐ(എം)ന് രാജസ്ഥാനിലോ മധ്യപ്രദേശിലോ തെലങ്കാനയിലോ തങ്ങളുടെ സീറ്റുകളൊന്നും വിട്ടുനൽകാൻ കോൺഗ്രസ് തയ്യാറായില്ല. രാജസ്ഥാനിൽ കഴിഞ്ഞ തവണ വിജയിച്ച രണ്ട് സീറ്റിലും സിപിഐ(എം) തോറ്റു. ഈ രണ്ട് സീറ്റുകൾ അവർ നിലനിർത്തുകയോ സീറ്റ് വർദ്ധിപ്പിക്കുകയോ ചെയ്തിരുന്നെങ്കിൽ ഇടതുപക്ഷം കൂടുതൽ കരുത്താർജ്ജിക്കുമായിരുന്നോ? അധ്വാനിക്കുന്ന ജനങ്ങളുടെ നിലനിൽപ്പിനായുള്ള സമരം കൂടുതൽ ശക്തമാകുമായിരുന്നോ? അവരുടെ ജയത്തിനും തോൽവിക്കും ഇടതുപക്ഷത്തിന്റെ ശക്തിയുമായി എന്തെങ്കിലും ബന്ധമുണ്ടോ? അവർ 34 വർഷം പശ്ചിമ ബംഗാൾ ഭരിച്ചു. അതുകൊണ്ട് ഇടതുപക്ഷം ശക്തിപ്പെട്ടോ? പകരം ഇടതുപക്ഷത്തിന് കളങ്കം സംഭവിച്ചുവെന്ന് സിപിഐ(എം) നേതാക്കൾക്കും അറിയാം. പശ്ചിമ ബംഗാളിൽ അവർക്ക് പിന്തുണ നഷ്ടപ്പെട്ടു, അഴിമതി-സ്വജനപക്ഷപാതം തുടങ്ങിയവ കാണുമ്പോൾ ഇടതുപക്ഷത്തെക്കുറിച്ച് ചിലരുടെ മനസ്സിൽ താൽക്കാലികമായെങ്കിലും ആശയക്കുഴപ്പം ഉണ്ടാകും. കേരളത്തിലും അവർ ഭരണത്തിലുണ്ട്. ഇടതുപക്ഷ സമീപനത്തെ അടിസ്ഥാനമാക്കി അവർ എന്തെങ്കിലും ബദൽ അവതരിപ്പിച്ചിട്ടുണ്ടോ? സാമ്പത്തികം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി എല്ലാ മേഖലകളിലും അവർ ബിജെപി-കോൺഗ്രസ് പാതതന്നെ പിന്തുടരുന്നു!

അധ്വാനിക്കുന്ന ജനതയുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന രാഷ്ട്രീയം, അവരുടെ വിമോചനസമരം ശക്തിപ്പെടുത്തുക എന്ന രാഷ്ട്രീയം അവർ അനുവർത്തിക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇടതുപക്ഷത്തിന്റെ പേരിൽ അവർ മുതലാളിത്തത്തെ സേവിച്ചു. 'ഇങ്കിലാബ് സിന്ദാബാദ്', 'സർവരാജ്യ തൊഴിലാളികളെ സംഘടിക്കുവിൻ' എന്നൊക്കെ മുദ്രാവാക്യം മുഴക്കി അധികാരത്തിൽ വന്നു. വലിയൊരു വിഭാഗം ജനങ്ങൾ അവർ തൊഴിലാളിവർഗത്തിന്റെ പാർട്ടിയാണെന്ന് ധരിച്ചു. ബംഗാളിലെ ജനങ്ങൾക്ക് അവരുടെ സ്വഭാവം തിരിച്ചറിയാൻ കഴിഞ്ഞു. നുണകൾ ജനങ്ങൾ തിരിച്ചറിയും, എന്നാൽ, സത്യവും നുണയും കലർന്നാൽ, സത്യത്തെ വേർതിരിച്ചറിയാൻ പ്രയാസമാണ്. എന്നിട്ടും അവരുടെ കുതന്ത്രങ്ങൾ ജനങ്ങൾ തിരിച്ചറിഞ്ഞു.

ഇതിന്റെ ഫലമോ? ഇടതുപക്ഷം ദുർബലമായി. ഇടതുപക്ഷബദൽ തിരഞ്ഞെടുപ്പിൽ സീറ്റുകൾ നേടുമെന്ന് ഉറപ്പില്ലായിരിക്കാം. പക്ഷേ, വിമോചനത്തിലേക്കുള്ള ശരിയായ പാത അടിച്ചമർത്തപ്പെട്ട ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കാനാകും. തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഐക്യപ്പെടാതെ, സമരം കെട്ടിപ്പടുക്കാതെ ചൂഷിത ജനതയ്ക്ക് ഒരിക്കലും അവരുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ കഴിയില്ലെന്ന് ബോദ്ധ്യപ്പെടുത്താനാകും. പക്ഷേ, അധികാരമോഹത്താൽ സിപിഐ(എം), സിപിഐ പാർട്ടികൾ ഈ ദുഷ്കരമായ പാത ഒഴിവാക്കുന്നു. മുതലാളിത്തത്തിന്റെ ഏറ്റവും വിശ്വസ്ത പാർട്ടികളിലൊന്നായ കോൺഗ്രസുമായി എപ്പോഴും സഖ്യമുണ്ടാക്കുന്നു. അങ്ങനെ ഇടതുപക്ഷ ബദൽ ധാരയെ ദുർബലപ്പെടുത്തുന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കൂടി മുൻകൈയെടുത്ത് രൂപീകരിച്ച ആറ് ഇടതുപാർട്ടികളുടെ സഖ്യത്തിൽനിന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയെ ഒഴിവാക്കി. രാജ്യത്തെ ഇടതുപക്ഷ മുന്നേറ്റത്തിന് ഈ നിലപാടുകൾ വരുത്തുന്ന അളവറ്റ ഹാനി തിരിച്ചറിഞ്ഞ് പാർലമെന്ററി വ്യാമോഹം വെടിഞ്ഞ് യഥാർത്ഥ ഇടതുപക്ഷ സമര ബദൽ രൂപീകരിക്കുവാൻ സിപിഐ, സിപിഐ(എം) പ്രസ്ഥാനങ്ങൾ തയ്യാറാകണം. ■




കോട്ടയം ജില്ലാ ആശുപത്രിയിൽ പൊളിച്ചിട്ടിരിക്കുന്ന കെട്ടിടം ഉടൻ പണിതീർത്ത് കിടത്തിചികിത്സപുനരാരംഭിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് നടന്ന പ്രതിഷേധ ധർണയിൽ സഖാവ് എ.ജി.അജയകുമാർ പ്രസംഗിക്കുന്നു.




സ്ത്രീകൾക്കും കുട്ടികൾക്കുംനേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെ കോഴിക്കോട്, കുട്ടാലിടയിൽ നടന്ന പ്രതിഷേധയോഗം എഐഎംഎസ്എസ് സംസ്ഥാനസെക്രട്ടറി കെ.എം.ബീവി ഉദ്ഘാടനംചെയ്യുന്നു.




സപ്ലൈകോ ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കരുതെന്നാവശ്യപ്പെട്ടുകൊണ്ട് കോട്ടയം, തിരുവാർപ്പ് സപ്ലൈകോയുടെ മുന്നിൽനടന്നധർണ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാസെക്രട്ടറി മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു.

# സൗജന്യങ്ങൾ വാഗ്ദാനം ചെയ്ത് ജനങ്ങളെ വഞ്ചിക്കുന്ന ബൂർഷ്വാ തിരഞ്ഞെടുപ്പ് രാഷ്ട്രീയം തിരിച്ചറിയുക

**അഞ്ചുസംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പുകളുടെ ഫലം വന്നു കഴിഞ്ഞു. മധ്യപ്രദേശിലും ഛത്തിസ്ഗഢിലും രാജസ്ഥാനിലും ബിജെപി അധികാരത്തിലെത്തി. തെലങ്കാനയിൽ ഭരണകക്ഷിയായ ടിആർഎസിൽനിന്നും കോൺഗ്രസ് അധികാരം പിടിച്ചെടുത്തു. മണിപ്പൂരിലെ വംശഹത്യയിൽ ബിജെപിയുടെ പങ്കിനെതിരെയുള്ള ജനവികാരംമൂലം മിസ്സോറാമിൽ ബിജെപി ചിത്രത്തിലേ ഇല്ല. രണ്ടുസീറ്റിലാണ് ബിജെപി ജയിച്ചിരിക്കുന്നത്. ഇതുവരെ അവരെ പിന്തുണച്ചിരുന്ന ക്രിസ്ത്യൻ ഭൂരിപക്ഷത്തിന്റെ പിന്തുണയുള്ള മിസ്സോ നാഷണൽ ഫ്രണ്ട് ബിജെപിയുമായി അകലം പാലിച്ചെങ്കിലും രക്ഷപ്പെട്ടില്ല.**

തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിലെ ജനങ്ങൾ അടിസ്ഥാനസൗകര്യങ്ങൾപോലുമില്ലാതെ ദുരന്തജീവിതം നയിക്കുകയാണെന്ന കാര്യം ഞങ്ങൾ നേരത്തെ പ്രതിപാദിച്ചിരുന്നു. വിലക്കയറ്റവും തൊഴിലില്ലായ്മയും തൊഴിൽനഷ്ടപ്പെടലും കാരണം രണ്ടറ്റവും കൂട്ടിമുട്ടിക്കാനാകാതെ ജനങ്ങൾ കഷ്ടപ്പെടുകയാണ്. കർഷകർ ദുരിതത്തിലാണ്. വിദ്യാഭ്യാസമേഖലയും ആരോഗ്യരംഗവും തകർന്നുകിടക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ പെരുകുന്നു. ഭരണരംഗമാകട്ടെ സർവത്ര അഴിമതിയിൽ മുങ്ങിയിരിക്കുന്നു. ഇത്രയും പരിതാപകരമായ അവസ്ഥയിൽ ഈ വിഷയങ്ങളെല്ലാം തിരഞ്ഞെടുപ്പ് സമയത്ത് ചർച്ചചെയ്യപ്പെടേണ്ടതായിരുന്നു. എന്നാൽ അതൊന്നും ഉണ്ടായില്ല. കാരണം, മുതലാളിത്തം മൃതപ്രായത്തിലെത്തിയിരിക്കുന്ന ഇക്കാലത്ത് ജനാധിപത്യം എന്നത് അന്തസ്സാരശൂന്യമായ പൊയ്മുഖം മാത്രമായി മാറിയിരിക്കുന്നു. ജനങ്ങൾ തങ്ങൾക്കെതിരെ തിരിയുമെന്ന് ഭയക്കുന്ന മുതലാളിവർഗ്ഗം അവർ സത്യമറിയാതിരിക്കാനും യുക്തിഭദ്രമായി ചിന്തിച്ച് വസ്തുതകൾ തിരിച്ചറിയാതിരിക്കാനും വേണ്ടി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നു. അവരുടെ ശ്രദ്ധ തിരിച്ചുവിടാൻവേണ്ടി സകലതന്ത്രങ്ങളും പയറ്റുന്നു. കോലാഹലങ്ങൾഉയർത്തിയുംകൃത്രിമപ്രശ്നങ്ങളിലേയ്ക്ക് ശ്രദ്ധ തിരിച്ചുവിട്ടും തത്ക്കാലത്തേയ്ക്ക് ചില അപ്പക്കഷണങ്ങൾ എറിഞ്ഞുകൊടുത്തും ജനങ്ങളെ വഞ്ചിക്കുന്നു. പ്രചാരണ കോലാഹലങ്ങളിലൂടെ ജനങ്ങളെ അനുസരണയുള്ള, ചൊൽപ്പടിക്ക് നിൽക്കുന്ന വോട്ടുബാങ്കാക്കി മാറ്റിയെടുത്ത് തിരഞ്ഞെടുപ്പിനെ മറികടക്കുന്നു. ജീവിതത്തിന്റെ സമസ്യകളെ പരിഗണിക്കാത്ത ബൂർഷ്വാ പാർട്ടികളെ എവ്വിധവും അധികാരത്തിലെത്താൻ സഹായിക്കുന്നു. തിരഞ്ഞെടുപ്പുകൾ വെറും പ്രഹസനങ്ങളായി മാറുന്നു.

### സൗജന്യങ്ങൾ പ്രഖ്യാപിക്കാൻ ബൂർഷ്വാ പാർട്ടികൾ മത്സരിക്കുന്നു

തിരഞ്ഞെടുപ്പ് നടന്ന എല്ലാ സംസ്ഥാനങ്ങളിലും അരങ്ങേറിയത് ഇതേ നാടകമാണ്. പൊള്ളയായ വാഗ്ദാനങ്ങൾ, ജനങ്ങളെ വിഡ്ഢികളാക്കൽ, യഥാർത്ഥ പ്രശ്നങ്ങളിൽനിന്ന് മാറിയുള്ള വിഴുപ്പലക്കൽ തുടങ്ങിയവതന്നെ. ബിജെപിയുടെ തിരഞ്ഞെടുപ്പ് സംഘത്തിന് നേതൃത്വം നൽകിയ മോദി, ഒരിക്കൽ പ്രതിപക്ഷ കക്ഷികൾ ജനങ്ങൾക്ക് വാഗ്ദാനങ്ങൾ നൽകുന്നതിനെ പരിഹസിച്ചുകൊണ്ട്, ഇത് ഖജനാവ് കാലിയാക്കുന്ന പരിപാടിയാണ് എന്നു പറഞ്ഞിരുന്നു. എന്നാൽ സ്വന്തം പാർട്ടിതന്നെ ഇതുതുടങ്ങിയപ്പോൾ മിണ്ടാട്ടമില്ല. അധികാരത്തിനുവേണ്ടി മലക്കംമറിയുന്ന അവസരവാദരാഷ്ട്രീയംതന്നെയാണ് ഇവിടെ കാണുന്നത്. എന്നുമാത്രമല്ല, ആരാണ് ഏറ്റവും കൂടുതൽ വാഗ്ദാനങ്ങൾ നൽകുന്നത് എന്നതിൽ കോൺഗ്രസും ബിജെപിയും തമ്മിൽ മത്സരം തന്നെയുണ്ടായി.

മധ്യപ്രദേശിൽ ബിജെപി പതിമൂന്നുലക്ഷം സ്ത്രീകൾക്ക് മാസംതോറും 1250രൂപ നൽകുന്ന പദ്ധതി പ്രഖ്യാപിക്കുമ്പോൾ അവർക്ക് 1500രൂപ നൽകുന്ന 'നാരീ സന്മാൻ യോജന' യുമായി കോൺഗ്രസ് രംഗത്തുവന്നു. ഈ കളിയിൽ കോൺഗ്രസ് തങ്ങളെ കവച്ചുവയ്ക്കുന്നതുകണ്ട ബിജെപി, തുക 3000 ആയി വർദ്ധിപ്പിച്ചു. കൂടാതെ മുഖ്യമന്ത്രിയുടെ 'കന്യാവിവാഹ് യോജന'യുടെ തുക 49000ത്തിൽനിന്ന് 51000ആയി ഉയർത്തുകയും ചെയ്തു. പ്രതിപക്ഷത്തിന്റെ ഇത്തരം നടപടികളെ പരിഹസിച്ചവരായിരുന്ന ഇവർ എന്നോർക്കണം. പാചകവാതകം അഞ്ഞൂറുരൂപയ്ക്ക് നൽകുമെന്ന് കോൺഗ്രസ് വാഗ്ദാനം ചെയ്തപ്പോൾ നാനൂറ്റി അമ്പത് രൂപയ്ക്ക് നൽകുമെന്ന് ബിജെപി പറഞ്ഞു. കർഷകർക്ക് 'പിഎം കിസാൻ സമ്മാൻ നിധി' വഴി വർഷം ആറായിരം രൂപയും മുഖ്യമന്ത്രി കിസാൻ കല്യാൺ യോജനവഴി മറ്റൊരു ആറായിരം രൂപയും നൽകുമെന്ന് ബിജെപി പറയുന്നു. അഞ്ച് എച്ച്പി പമ്പുകൾക്കുവരെ വൈദ്യുതി സൗജന്യമായി നൽകുമെന്നും കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുമെന്നാണ് കോൺഗ്രസ് വാഗ്ദാനം ചെയ്യുന്നത്. ഗോതമ്പിന് ക്വിന്റിലിന് രണ്ടായിരത്തി എഴുനൂറ് രൂപയും നെല്ലിന് ക്വിന്റലിന് മൂവായിരത്തി ഒരുനൂറ് രൂപയും ബിജെപി വാഗ്ദാനം ചെയ്യുമ്പോൾ കോൺഗ്രസിന്റേത് യഥാക്രമം രണ്ടായിരത്തി അറുനൂറും രണ്ടായിരത്തി അഞ്ഞൂറുമാണ്.

രാജസ്ഥാനിലെ ഭരണകക്ഷിയായിരുന്ന കോൺഗ്രസ് അവർ കർണാടകയിൽ ചെയ്തതുപോലെ ഗൃഹലക്ഷ്മി സ്കീമിലൂടെ സ്ത്രീകൾക്ക് പതിനായിരം രൂപവരെ നൽകുമെന്ന് പറഞ്ഞു. എന്നാൽ തങ്ങൾ അധികാരത്തിലേറിയാൽ പന്തീരായിരം നൽകുമെന്ന് ബിജെപിയും. അധികാരത്തിലേറിയാൽ ദീപാവലിക്കും ഹോളിക്കും രണ്ട് എൽപിജി സിലിണ്ടറുകൾ സൗജന്യമായി നൽകുമെന്ന് 2022ലെ തിരഞ്ഞെടുപ്പിൽ യുപിയിൽ ബിജെപി വാഗ്ദാനം നൽകിയിരുന്ന കാര്യം ഇവിടെ ഓർക്കേണ്ടതാണ്. അവർ അധികാരത്തിൽ എത്തിയെങ്കിലും ഇതുവരെ ആർക്കും എൽപിജി സിലിണ്ടറുകൾ നൽകിയിട്ടില്ല. കോൺഗ്രസ് ഭരണകാലത്ത് പെൺകുട്ടികൾക്ക് വിദ്യാഭ്യാസം സൗജന്യമായി നൽകിയിരുന്നു. തങ്ങൾ അത് തുടരുമെന്ന് ബിജെപി പറഞ്ഞു. ഉർന്ന ക്ലാസ്സുകളിലെ പെൺകുട്ടികൾക്ക് ലാപ്ടോപ്പുകൾ സൗജന്യമായി നൽകുമെന്ന് കോൺഗ്രസ് വാഗ്ദാനം ചെയ്തു. അതിനെ മറികടക്കാൻ ബിജെപി നൽകുന്ന വാഗ്ദാനം വളരെ തുച്ഛമായ പലിശയ്ക്ക് വിദ്യാഭ്യാസവായ്പ ലഭ്യമാക്കും എന്നാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പെൺകുട്ടികൾക്ക് നഴ്സറി മുതൽ ഉന്നതതലംവരെ വിദ്യാഭ്യാസം സൗജന്യമായി ലഭ്യമാക്കുമെന്നും അവർ പറഞ്ഞു. പെൺകുട്ടികൾക്ക് രണ്ടുലക്ഷംവരെ സാമ്പത്തിക സഹായവും സ്കൂട്ടറുകളും അവരുടെ പ്രകടനപത്രികയിൽ ഉണ്ട്. കോൺഗ്രസ് അവരുടെ 'ചിരഞ്ജീവി ബീമാ യോജന' എന്ന അപകട ഇൻഷ്വറൻസ് തുക ഇരുപത്തിയഞ്ചിൽനിന്നും അമ്പത് ലക്ഷമാക്കി വർദ്ധിപ്പിക്കും എന്ന് പറഞ്ഞു.

സമാനമായ വാഗ്ദാനങ്ങളാണ് ഛത്തിസ്ഗഢിലും തെലങ്കാനയിലും നൽകിയത്. വീണ്ടും തിരഞ്ഞെടുക്കപ്പെട്ടാൽ വിദ്യാർത്ഥികൾക്ക് ഫ്രീ കോച്ചിംഗ് ക്ലാസ്സുകളും സൗജന്യബസ് യാത്രയും നൽകുമെന്ന് ഛത്തിസ്ഗഢ് മുഖ്യമന്ത്രി പറഞ്ഞു. അമ്പതുവയസ്സിന് മുകളിലുള്ള തൊഴിലാളികൾക്ക് ആയിരത്തിഅഞ്ഞൂറുരൂപ പെൻഷനും വാഗ്ദാനത്തിൽ ഉണ്ട്. ബിജെപിയും സൗജന്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നാലും സൗജന്യങ്ങൾ നൽകുമെന്ന് ബിജെപിയുടെ രാജ്യസഭാ എംപിയും ദേശീയ ഓർഗനൈസിംഗ് സെക്രട്ടറിയുമായ സന്ദീപ് പഥക് പറഞ്ഞു. ആദിവാസികൾക്ക് ജഴ്സി പശുവിനെയും പന്ത്രണ്ടാംക്ലാസ്സ് പാസ്സായവർക്കെല്ലാം അയ്യായിരംരൂപ തൊഴിലില്ലായ്മ വേതനവും കർഷകർക്ക് ബോണസ്സും അവരുടെ വാഗ്ദാനങ്ങളാണ്. തെലങ്കാനയിൽ ഭരണകക്ഷിയായ ബിആർഎസിന്റെ വാഗ്ദാനങ്ങൾ നിറവേറ്റാൻ ഏതാണ്ട് മുപ്പത്തയ്യായിരം കോടി രൂപ വേണ്ടിവരും. കോൺഗ്രസിന്റേത് അതിലും കൂടുതലാണ്. അവരുടെ 'റൈതു ബന്ധുസ്കീം' പ്രകാരം കർഷകർക്ക് ഏക്കറിന് പതിനായിരം രൂപ എന്നത് പതിനാറായിരം രൂപയായി ഉയർത്തും. കോൺഗ്രസ് വനിതകൾക്ക് അഞ്ഞൂറുരൂപയ്ക്ക് ഗ്യാസ് സിലിണ്ടറും സംസ്ഥാനസർക്കാരിന്റെ ബസ്സുകളിൽ സൗജന്യ യാത്രയും പറഞ്ഞു.

തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഇങ്ങനെ പൊതുഫണ്ടുപയോഗിച്ച് സൗജന്യങ്ങൾ വാരിക്കോരി കൊടുക്കുന്നതിനെതിരെയുള്ള പരാതിയിൽ സുപ്രീംകോടതി മധ്യപ്രദേശിലെയും രാജസ്ഥാനിലെയും സർക്കാരുകളോട് വിശദീകരണം ചോദിച്ചിരുന്നു. തിരഞ്ഞെടുപ്പിനെ സ്വാധീനിക്കാൻവേണ്ടി പൊതുഖജനാവിലെ ഫണ്ട് ഉപയോഗിച്ച് സൗജന്യങ്ങൾ നൽകുന്നത് കൈക്കൂലിക്ക് തുല്യമാണെന്നും ഐപിസി 171ബി, 171സി പ്രകാരം കുറ്റകരമാണ് എന്നുമായിരുന്നു പരാതിക്കാരന്റെ വാദം. ആർബിഐ റിപ്പോർട്ട് പ്രകാരം മധ്യപ്രദേശിന്റെ പൊതുകടം 2006ൽ 49646കോടി രൂപയായിരുന്നത് ഇപ്പോൾ 3.78ലക്ഷം കോടിരൂപയായതായി പരാതിക്കാരൻ പറയുന്നു. ഇലക്ഷന് തൊട്ടുമുമ്പ് ഇങ്ങനെ പണം വിതരണം ചെയ്യുന്നത് വളരെ മോശമാണ്. ഇതിന്റെ ബാധ്യത ആത്യന്തികമായി നികുതിദായകന് തന്നെവരുന്നു എന്ന് പരാതിക്കാരൻ ആരോപിക്കുന്നു. എന്തുകൊണ്ടാണ് ഭരിക്കുന്ന അഞ്ചുവർഷം ഇതൊന്നും ചെയ്യാതെ തിരഞ്ഞെടുപ്പിന് ആഴ്ചകൾക്കുമുമ്പ് ഇത്തരം പ്രഖ്യാപനങ്ങൾ നടത്തുന്നതെന്ന് കേന്ദ്ര ഇലക്ഷൻ കമ്മീഷണറും ചോദിക്കുകയുണ്ടായി. തിരഞ്ഞെടുപ്പ്പ്രഖ്യാപിക്കുന്നതിന് മണിക്കൂറുകൾക്കുമുമ്പുമാത്രം രാജസ്ഥാനിലെ കോൺഗ്രസ് ഗവൺമെന്റ് ഇരുപത്തിയൊന്നായിരംകോടിരൂപയുടെ ജലവിതരണപദ്ധതിയും മധ്യപ്രദേശിലെ ബിജെപി ഗവൺമെന്റ് മൂന്നു പുതിയ മെഡിക്കൽ കോളജുകളും പ്രഖ്യാപിച്ചപ്പോഴായിരുന്നു തിരഞ്ഞെടുപ്പ് കമ്മീഷൻ ഇത് ചോദിച്ചത്.

### മതവിദ്വേഷം വളർത്തുന്നതിൽ എല്ലാവർക്കും പങ്ക്

ബിജെപിയുടെ തിരഞ്ഞെടുപ്പ് പ്രചാരണം ഹിന്ദുവർഗ്ഗീയതയെ അടിസ്ഥാനപ്പെടുത്തി മുസ്ലീംവിദ്വേഷം വളർത്തിയെടുക്കുന്ന തരത്തിലാണെന്ന് എല്ലാവർക്കുമറിയാം. എന്നാൽ മതേതരമെന്ന് അവകാശപ്പെടുന്ന തങ്ങളും അങ്ങനെതന്നെ എന്ന് സിപിഐയും സിപിഐ(എം) ഉം സർട്ടിഫൈ ചെയ്തിട്ടുള്ള കോൺഗ്രസ്സും സനാതന ഹിന്ദുക്കളാണെന്ന് തെളിയിക്കാൻ എല്ലാ അടവുകളും പയറ്റുന്നുണ്ടായിരുന്നു. തിരഞ്ഞെടുപ്പിലേയ്ക്ക് സംസ്ഥാനങ്ങൾ നീങ്ങുമ്പോൾ രാഹുൽ ഗാന്ധി ഒരു കേദാർനാഥ് 'ആത്മീയ യാത്ര' നടത്തി. പ്രധാനമന്ത്രി മോദി ലോക്സഭാ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് കേദാർ നാഥ് സന്ദർശിച്ചതിനെ അനുകരിക്കുകയാണ് എന്നുപറഞ്ഞ് ബിജെപി പരിഹസിച്ചു. എക്സിലെ(പഴയ ട്വിറ്റർ) ഒരു പോസ്റ്റിൽ രാഹുൽ ഗാന്ധി എത്ര ശ്രമിച്ചാലും കോൺഗ്രസ് സനാതന വിരുദ്ധരാണെന്ന കാര്യം ജനം മറക്കില്ലെന്ന് ബിജെപി പറഞ്ഞു. പ്രധാനമന്ത്രിയുടെ സന്ദർശനകാലത്ത് അവിടെയുള്ള ആളുകൾ 'മോദി, മോദി' എന്ന് മുദ്രാവാക്യം വിളിച്ച വീഡിയോയും അവർ ഷെയർ ചെയ്യുകയുണ്ടായി. തെലങ്കാനയിലെ രാമപ്പ ക്ഷേത്രത്തിലും രാഹുൽ ഗാന്ധി പ്രാർത്ഥന നടത്തി. നർമ്മദ നദിയെ വന്ദിച്ചുകൊണ്ടാണ് പ്രിയങ്ക ഗാന്ധി മധ്യപ്രദേശിൽ പ്രചാരണം ആരംഭിച്ചത്. ജബൽപൂർ സിറ്റിയിൽ ഹനുമാന്റെ ഗദകളുടെ അകമ്പടിയോടെ ശംഖ് ഊതിയാണ് തിരഞ്ഞെടുപ്പ് പ്രചാരണം ഉദ്ഘാടനം ചെയ്തത്. മൂവായിരംകോടിയോളം രൂപയാണ് മധ്യപ്രദേശിലെ ബിജെപി മുഖ്യമന്ത്രി ക്ഷേത്രങ്ങൾ പുനരുദ്ധരിക്കാൻ ചെലവിട്ടത്. ആദിശങ്കരാചാര്യരുടെ നൂറ്റിയെട്ട് അടി ഉയരമുള്ള പ്രതിമ ഖാന്ദ്‌വ ജില്ലയിലെ ഓംകാരേശ്വരിൽ അദ്ദേഹം അനാച്ഛാദനം ചെയ്തത് സെപ്റ്റംബറിൽ ആണ്. ഇതിനെ പ്രതിരോധിക്കാൻ കോൺഗ്രസിന്റെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായ കമൽനാഥ് സ്വന്തം മണ്ഡലമായ ഛിന്ദ്‌വാരയിൽ പതിനായിരങ്ങൾ പങ്കെടുത്ത പൂജനടത്തുകയുണ്ടായി. ഛിന്ദ്‌വാരയിൽ താൻ നിർമ്മിച്ച നൂറ്റിരണ്ടടി ഉയരമുള്ള ഹനുമാൻ പ്രതിമയെക്കുറിച്ച് അയാൾ അവരെ ഓർമ്മിപ്പിക്കുകയും ചെയ്തു. അതിന് മുമ്പ് കാവിധാരികളായ ഹിന്ദുസന്യാസിമാർ പങ്കെടുത്ത ഒരു വലിയ റാലിയും കമൽനാഥ് തന്നെ സംഘടിപ്പിച്ചിരുന്നു. തിരഞ്ഞെടുപ്പിൽ അവരുടെ പ്രധാന അജണ്ട ജാതി സെൻസസ് നടത്തും എന്നതായിരുന്നു.

(ശേഷം 6–ാം പേജിൽ)

# വിദ്യാഭ്യാസ ഡയറക്ടറുടെ കുറ്റസമ്മതം: കേരളത്തിലെ സ്കൂളുകളിൽ പരിഹാരബോധനം ആരംഭിക്കണം

സംസ്ഥാനത്തെസ്കൂൾഅദ്ധ്യാപകർക്കുവേണ്ടി സംഘടിപ്പിക്കപ്പെട്ട ഒരു ശില്പശാലയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പറഞ്ഞ കാര്യങ്ങൾ ഒരു വെളിപ്പെടുത്തലിന്റെ രൂപത്തിൽ മാധ്യമങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. അക്ഷരമെഴുതാനറിയാത്ത കുട്ടികൾ പത്താം ക്ലാസ് പാസ്സാവുന്നതായും അതിൽ ഗണ്യമായൊരു വിഭാഗത്തിന് മാർക്ക് വാരിക്കോരി നൽകി എല്ലാ വിഷയങ്ങളിലും എ പ്ലസ് കൊടുക്കുന്നത് കുട്ടികളോട് ചെയ്യുന്ന ചതിയാണെന്നും മാർക്കുദാനം ഒരു കീഴ്‌വഴക്കമാക്കിയത് പരീക്ഷകളെ അർത്ഥശൂന്യമാക്കുമെന്നതായും അദ്ദേഹം തുറന്നടിച്ചു. വാസ്തവത്തിൽ അതൊരു കുറ്റസമ്മതമൊഴിയാണ്.

ഒന്നാം ക്ലാസിൽ ചേരുന്ന കുട്ടി അക്ഷരജ്ഞാനമാർജ്ജിക്കാതെ എങ്ങനെ സെക്കണ്ടറി സ്കൂൾ തലം വരെ എത്തി എന്ന ഗൗരവതരമായ ചോദ്യമാണ് ഈ വെളിപ്പെടുത്തലിൽ നിന്ന് സ്വാഭാവികമായുംഉയരുന്നത്.എന്നാൽ വിദ്യാഭ്യാസ മന്ത്രി ശിവൻകുട്ടി വിവാദങ്ങൾക്ക് മറുപടി നൽകിക്കൊണ്ട്, പൊതുവിദ്യാഭ്യാസ ഡയറക്ടർ പറഞ്ഞത് സർക്കാർ നയമല്ലെന്നും കുട്ടികളെ തോൽപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ നിലവാരമുയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്നും പറഞ്ഞ് ന്യായീകരിക്കാൻ ശ്രമിച്ചു. 50% മാർക്ക് ഫ്രീയായി കൊടുക്കാം പക്ഷേ ബാക്കി 50 ശതമാനമെങ്കിലും കുട്ടികൾ സ്വയം ഉത്തരമെഴുതി നേടട്ടെ എന്ന് ഡയറക്ടർ പറഞ്ഞതിലെ വസ്തുത പരിശോധിക്കുന്നതിനു പകരം അദ്ദേഹത്തെ കുറ്റവാളിയാക്കി ചിത്രീകരിച്ചുകൊണ്ട് മാർക്ക് ദാനത്തെ ന്യായീകരിക്കുന്ന മന്ത്രി ആ സ്ഥാനത്തിരിക്കാൻ യോഗ്യനോ?

ജനങ്ങളുടെ നികുതിപ്പണം ചെലവിട്ട് പത്തുവർഷക്കാലം കുട്ടികളെ പഠിപ്പിച്ചതിന് ശേഷവും പത്താം തരം പരീക്ഷയിൽ അക്ഷരമെഴുതാനറിയുന്നില്ലെന്ന് കണ്ടെത്തിയാൽ ആ സമ്പ്രദായ സംവിധാനമാകമാനം പാഴാണെന്നല്ലേ അർത്ഥം? ഈ യാഥാർത്ഥ്യം പറഞ്ഞ ഡയറക്ടറല്ല, മറിച്ച് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ഭരണാധികാരികളല്ലേ കുറ്റക്കാർ.

ദീർഘകാലമായി കേരളം വിദ്യാഭ്യാസ തകർച്ചയുടെ പടുകുഴിയിലാണെന്ന് നേരേ ചിന്തിക്കുന്നവർക്കറിയാം. ഡിപിഇപി മുതൽ മൂന്നു പതിറ്റാണ്ടോളമായി ലോക ബാങ്കിന്റെ പണം കടം വാങ്ങി നടപ്പാക്കിയ ആഗോള വിദ്യാഭ്യാസ പദ്ധതികളുടെ പരിണതിയാണ് ഈ തകർച്ചയിൽ കാണുന്നതെന്ന് തിരിച്ചറിയാൻ ഭരണാധികാരികൾക്ക് കഴിയാത്തതല്ലല്ലോ. മുമ്പൊരിക്കൽ എസ്‌സിഇആർടി നടത്തിയ ഭാഗിക സർവ്വെയിൽ പ്രൈമറി തലത്തിൽ 47% കുട്ടികൾക്കും ഹൈസ്കൂൾ തലത്തിൽ 35% കുട്ടികൾക്കും അക്ഷരമറിയില്ലെന്ന ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യം പുറത്തു വന്നിരുന്നു. ദേശീയ പഠനനേട്ട സർവ്വേയിലും എഴുത്തും വായനയും അറിയാത്ത കുട്ടികളുടെ എണ്ണം കൂടുന്നതായി കണ്ടെത്തിയിരുന്നു.

ഈ വസ്തുത പക്ഷേ എസ്എസ്എൽസി പരീക്ഷാഫലത്തിൽ പ്രതിഫലിക്കുകയില്ല. കാരണം ഡിപിഇപി വഴി കടത്തിക്കൊണ്ടുവന്ന വികലമായ ബോധന - പഠന സമ്പ്രദായത്തിൽ കുട്ടി എന്ത് ആർജ്ജിച്ചു, ആർജ്ജിച്ചിട്ടില്ല എന്നു പരിശോധിക്കാൻ വസ്തുനിഷ്ഠമായ യാതൊരു മാനദണ്ഡങ്ങളുമില്ല. പകരം,എല്ലാവരേയും ജയിപ്പിച്ചു വിടുകയാണ്. ഇത് നമ്മുടെ കുഞ്ഞുങ്ങളോടു ചെയ്യുന്ന കൊടിയ പാപസമാനമായ പ്രവൃത്തിയാണ്.

വൈകിയ വേളയിൽ, ചെയ്ത തെറ്റുകൾക്ക് കേരളത്തോട് മാപ്പുപറയണം പരിഷ്കാരങ്ങൾക്ക് നേതൃത്വം കൊടുത്ത ഇടതുമുന്നണി മന്ത്രിമാരും നേതാക്കളും. കുറ്റം പരസ്യമായി സമ്മതിക്കണം. വിദ്യാഭ്യാസപരമായി പിന്നാക്കം പായിക്കപ്പെട്ട നമ്മുടെ കുട്ടികൾക്ക് പരിഹാരബോധനം നൽകണം. മേൽപ്പറഞ്ഞ വിദ്യാഭ്യാസ വിധ്വംസക പദ്ധതികൾ പിൻവലിക്കണം. ഒപ്പം വിനാശകരമായ ദേശീയ വിദ്യാഭ്യാസ നയം 2020 കേരളത്തിൽ നടപ്പാക്കില്ലെന്ന് ജനങ്ങൾക്ക് ഉറപ്പുകൊടുക്കുകയും വേണമെന്ന് സേവ് എഡ്യൂക്കേഷൻ സംസ്ഥാന പ്രസിഡന്റ് പ്രൊഫ.ജോർജ് ജോസഫ്, സെക്രട്ടറി അഡ്വ.ഇ. എൻ. ശാന്തിരാജ് എന്നിവർ പ്രസ്താവനയിൽ പറഞ്ഞു. ■

# ജനങ്ങൾക്ക് രാഷ്ട്രീയബോധം പകർന്നുനൽകുന്ന പ്രചാരണങ്ങളെല്ലാം ബോധപൂർവ്വം ഒഴിവാക്കുന്നു

*(5–ാം പേജിൽ നിന്ന്)*

മധ്യപ്രദേശിലെ ജനങ്ങളിൽ 45ശതമാനം പിന്നാക്കവിഭാഗക്കാരാണ്. അവരുടെ വോട്ടുകൾ ആകർഷിക്കാൻ കോൺഗ്രസ് 29ശതമാനവും ഒബിസി വിഭാഗത്തിൽപെട്ട സ്ഥാനാർത്ഥികളെയാണ് നിർത്തിയത്. പ്രധാനമന്ത്രി മോദിയാകട്ടെ താൻ ഒബിസിയിൽ തന്നെ ഏറ്റവും പിന്നാക്കക്കാരനാണ് എന്ന വകാശപ്പെടുന്നു. ബിജെപിയുടെ മുഖ്യമന്ത്രിയായ ശിവ് രാജ് സിംഗ് ചൗഹാൻ സ്വയം അവതരിപ്പിക്കുന്നത് ഒരു ഒബിസി നേതാവായിട്ടാണ്.

പതിനാറുശതമാനത്തോളം ദളിത് വോട്ടുകൾ ആകർഷിക്കാൻവേണ്ടി ബിജെപിയും കോൺഗ്രസും സന്ത് രവിദാസ് എന്ന പതിനഞ്ചാം നൂറ്റാണ്ടിലെ ഭക്ത കവിയെ കൂട്ടുപിടിച്ചിരിക്കുകയാണ്. ജാതിക്കും ലിംഗപരമായ വിവേചനങ്ങൾക്കും എതിരെ തന്റെ കവിതയിലൂടെ പ്രതികരിച്ച രവിദാസ് ദളിതർക്ക് വളരെ പ്രിയപ്പെട്ട ആളാണ്. നൂറുകോടി രൂപ ചെലവിൽ രവിദാസിന് സ്മാരകം പണിയുമെന്ന് ബിജെപി വാഗ്ദാനം ചെയ്യുന്നുണ്ട്. രവിദാസിന്റെ പേരിൽ ഒരു സർവകലാശാല ആരംഭിക്കുമെന്ന് കോൺഗ്രസും പറയുന്നു. ഒരു ദളിത് ആക്ടിവിസ്റ്റ് ഇതെക്കുറിച്ച് പരിഹാസരൂപേണ പ്രതികരിച്ചത് ഇങ്ങനെയായിരുന്നു, "2018ൽ ഗ്വാളിയറിൽ ദളിതർക്കെതിരെ നടന്ന കലാപത്തിനുശേഷം ദളിത് സംബന്ധിയായ വിഷയങ്ങൾ പൊതുവെ മൂടിവച്ചിരിക്കുകയായിരുന്നു. തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ദളിതർ വീണ്ടും ചർച്ചയാകുന്നത് നല്ല കാര്യം തന്നെ.!" ബിജെപിയുടെ ഹിന്ദുത്വ രാഷ്ട്രീയത്തെ ചെറുക്കാൻ കോൺഗ്രസിന്റെ മറ്റൊരു തുരുപ്പ് ചീട്ട്, ഒബിസി സംവരണം 27ശതമാനമാക്കി കൂട്ടും എന്നതാണ്. ഇവിടെ ഒരു കാര്യം ഓർക്കേണ്ടത്, ഗോരക്ഷകർ ദളിതരെയും മുസ്ലീങ്ങളെയും ആൾക്കൂട്ടക്കൊല ചെയ്തുകൊണ്ടിരിക്കുമ്പോൾ രാജസ്ഥാനിലെ കോൺഗ്രസ് മുഖ്യമന്ത്രി ഹിന്ദുപുരോഹിതന്മാരുടെ കൂടെ നിന്ന് പറഞ്ഞത് പശുക്കളെ സംരക്ഷിക്കാൻ കോൺഗ്രസ് പ്രതിജ്ഞാബദ്ധമാണ് എന്നായിരുന്നു.

ഒരാഴ്ചക്കയ്ക്കകംതന്നെ കമൽനാഥ് സർക്കാർ ഗോശാലകൾക്കുള്ള സഹായം വർദ്ധിപ്പിക്കുകയും പശുസംരക്ഷണത്തിനായി ഒരു പുതിയ ഡിപ്പാർട്ട്മെന്റുതന്നെ രൂപീകരിക്കുകയുംചെയ്തു. ഛത്തിസ്ഗഢിലെ കോൺഗ്രസ് മുഖ്യമന്ത്രിയും ബിജെപിയുടെ കടുത്ത ഹിന്ദുത്വത്തെ ചെറുക്കാൻ ഒരു മൃദുഹിന്ദുത്വ നയമാണ് അവലംബിച്ചത്. സംസ്ഥാനതലസ്ഥാനത്തെ രാംലീല മൈതാനിയിൽ ദേശീയ രാമായണ ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തത് മുഖ്യമന്ത്രി തന്നെയായിരുന്നു. രാമായണത്തിലെ വിവിധ ഭാഗങ്ങൾ ഒരു നൃത്തനാടക രൂപത്തിൽ കലാകാരന്മാർ അവതരിപ്പിക്കുന്നതായിരുന്നു ഈ ഫെസ്റ്റിവലിന്റെ പ്രധാന ആകർഷണം. രാമന്റെ പതിനാലുവർഷത്തെ വനവാസത്തിൽ പത്തുവർഷവും താമസിച്ച ദണ്ഡകാരണ്യം ഛത്തിസ്ഗഢിലായിരുന്നുവെന്ന് ചിലർ വിശ്വസിക്കുന്നു. അതിനാൽത്തന്നെ ഈ ഭാഗങ്ങൾ അവതരിപ്പിക്കുന്നതിലൂടെ വോട്ടർമാരെ സ്വാധീനിക്കാൻ കഴിയും. ഇതിനെച്ചെറുക്കാൻ ബിജെപി സംസ്ഥാനം മുഴുവൻ ഗീതാപാരായണം സംഘടിപ്പിച്ചു. അടുത്തവർഷം ജനുവരിയിൽ നടക്കാനിരിക്കുന്ന രാമമന്ദിർ ഉദ്ഘാടനവും ബിജെപി പ്രചാരണത്തിന് ഉപയോഗിച്ചു. ബിജെപിയുടെയും കോൺഗ്രസിന്റെയും പുറമേയ്ക്കുള്ള വായ്ത്താരികൾ വ്യത്യസ്തമെന്ന് തോന്നാം. എന്നാൽ രണ്ടുകൂട്ടരും ജനങ്ങളെ മതത്തിന്റെയും ജാതിയുടെയും പേരിൽ തമ്മിലടിപ്പിച്ച് മുതലെടുക്കാൻ ശ്രമിക്കുകയാണ്.

## ചീഞ്ഞുനാറുന്ന തിരഞ്ഞെടുപ്പ് രാഷ്ട്രീയം

ബൂർഷ്വാ രാഷ്ട്രീയത്തിന്റെ അധഃപതനമാണ് നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ആശയപരമായും രാഷ്ട്രീയമായും ജനങ്ങൾക്കുമുമ്പിൽ അവതരിപ്പിക്കാൻ അവരുടെ കൈയിൽ യാതൊന്നുമില്ല. ജനങ്ങൾക്ക് രാഷ്ട്രീയബോധം ഏതെങ്കിലുംതരത്തിൽ നൽകുന്ന എല്ലാ പരിപാടികളും അവർ ശ്രദ്ധയോടെ ഒഴിവാക്കുന്നു. അത് തങ്ങൾക്കുതന്നെ വിനയാകുമെന്ന് അവർക്കറിയാം. പകരം തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ചില അപ്പക്കഷണങ്ങൾ എറിഞ്ഞുകൊടുത്ത് അവർ വോട്ടർമാരെ ആകർഷിക്കാൻ ശ്രമിക്കുന്നു, ജാതിമത വികാരങ്ങൾ ഇളക്കിവിട്ട് ജനങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നു. തങ്ങളുടെ അടിയാന്മാരുടെ അവസാനത്തുള്ളി ചോരയും ഊറ്റിയെടുത്തിരുന്ന പഴയ ജമീന്ദാർമാരും വർഷത്തിൽ ഒന്നുരണ്ടുതവണ പാവങ്ങൾക്കായി വിരുന്നൊരുക്കിയിരുന്നു. ഗതിയില്ലാത്ത, പട്ടിണിക്കാരായ അടിയാന്മാർ കരുതിയത് തങ്ങളോടുള്ള ദയയും കരുതലും കാരണമാണ് ഇങ്ങനെ ചെയ്യുന്നത് എന്നാണ്. എന്നാൽ തങ്ങളെ ഗതികെട്ടവരും പട്ടിണിക്കാരുമാക്കി തടിച്ചുകൊഴുക്കുന്ന ജമീന്ദാർമാർ എറിഞ്ഞുകൊടുക്കുന്ന ഭിക്ഷയാണിത് എന്ന കാര്യം അവർ മനസ്സിലാക്കിയില്ല. ഇന്നത്തെ രാഷ്ട്രീയ ജമീന്ദാർമാരും ഇതേ കുതന്ത്രം പയറ്റുന്നു. സത്യസന്ധമായി തങ്ങളുടെരാഷ്ട്രീയ ലൈൻ അവതരിപ്പിച്ച് വോട്ടുവാങ്ങുന്നതിന് പകരം പണവും സൗജന്യങ്ങളും വാഗ്ദാനം ചെയ്ത് വോട്ടുവാങ്ങുന്നു. അധികാരത്തിലെത്തിയാൽ ഇതിൽ ഭൂരിഭാഗവും സൗകര്യപൂർവം മറക്കുകയുംചെയ്യുന്നു. ഇതുവഴി ജനാധിപത്യത്തിലെ യഥാർത്ഥ യജമാനന്മാരാകേണ്ടുന്ന ജനങ്ങളെ അവർ യാചകരാക്കി മാറ്റുന്നു. തങ്ങളുടെ പ്രശ്നങ്ങൾ രാഷ്ട്രീയമായി പരിഹരിക്കാൻ സാധിക്കുന്നതല്ല എന്ന വിശ്വാസം അവരിൽ ഊട്ടിയുറപ്പിക്കുന്നു. അപ്പക്കഷണങ്ങൾ പരമാവധി കൈക്കലാക്കുന്ന ഭാഗ്യാന്വേഷികളാക്കി ജനങ്ങളെ മാറ്റിയെടുക്കുന്നു. ഇതിന്റെയൊക്കെ ചെലവ് വിലക്കയറ്റമായും പരോക്ഷനികുതികളായും ജനങ്ങളിൽ നിന്ന് ഈടാക്കുമെന്നുപോലും അവർ അറിയുന്നില്ല.

മാത്രവുമല്ല, തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി പാർട്ടികൾക്ക് പണം നൽകുന്ന വൻബിസിനസ്സുകാരും കുത്തകമുതലാളിമാരും ആ പണം പലമടങ്ങായി തിരിച്ചുപിടിക്കാൻ വേണ്ടിത്തന്നെയാണ് ചെലവാക്കുന്നത്. തങ്ങൾക്ക് പരമാവധി ലാഭം ഉറപ്പാക്കുന്ന വിധത്തിൽ നയരൂപീകരണം നടത്താൻ അവർ ഗവൺമെന്റുകളെ നിർബന്ധിക്കും. ഖനികളും കാടുകളും അവർക്ക് കൈമാറി ഗവൺമെന്റ് നന്ദി പ്രകടിപ്പിക്കും. പാവങ്ങൾക്ക് സ്വന്തം കൂരകൾപോലും നഷ്ടപ്പെടും. പൊതുമുതൽ അന്യാധീനപ്പെടും. ഫലത്തിൽ എല്ലാ ചെലവുകളും പലിശസഹിതം ജനങ്ങൾത്തന്നെ വഹിക്കുന്നു. ഇതൊടൊപ്പമാണ് ജനങ്ങളെ മതത്തിന്റെ പേരിൽ തമ്മിലടിപ്പിക്കുന്നത്. മുട്ടനാടുകളെ തമ്മിലടിപ്പിച്ച് ചോരയൂറ്റുകയും അവസാനം അവയെത്തന്നെ തിന്നുകയും ചെയ്യുന്ന കുറുക്കൻ കൗശലം ഇവിടെ യാതൊരു ഒളിയും മറയുമില്ലാതെ നടപ്പിലാക്കപ്പെടുന്നു. മുതലാളിത്തത്തിന്റെ ഭീകരമുഖമാണ് ഇവിടെ ദൃശ്യമാകുന്നത്.

സാധാരണ ജനങ്ങൾ ഈ അധികാരകരുനീക്കങ്ങളിലെ കാലാളുകളായി ഇങ്ങനെ എത്ര കാലം തുടരും? ഈ ചതിയും വഞ്ചനയും പ്രതിഷേധത്തിന്റെ ഒരു മൂളൽ പോലുമില്ലാതെ അവർ എത്രകാലം സഹിക്കും? തങ്ങളുടെ ജീവിതത്തെ ഇങ്ങനെ നിയന്ത്രിക്കാൻ ഈ ദുഷ്ടശക്തികളെ ഇനിയും അനുവദിക്കണമോ? ഇതിനെ ചെറുക്കണമെങ്കിൽ ജനങ്ങൾ മയക്കത്തിൽനിന്നുമുണർന്നേ മതിയാകൂ. സത്യം അറിയാൻ ശ്രമിക്കുകയും തങ്ങളുടെ ശത്രുക്കളെ തിരിച്ചറിയുകയുംവേണം. ശരിയായ വിപ്ലവപ്രസ്ഥാനത്തിന്റെ കീഴിൽ അണിനിരന്നുകൊണ്ട് ഈ ജനവഞ്ചകരെ ചെറുത്തുതോൽപ്പിച്ച് സ്വന്തം ഭാവി കരുപ്പിടിപ്പിക്കാൻ പ്രാപ്തരാകണം. ■

## സഖാവ് മണിക് മുഖർജി അനുസ്മരണം

# സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളുടെ വെളിച്ചത്തിൽ നിരന്തരമായ ആത്മപരിശോധന അനിവാര്യം

**പാർട്ടിയുടെ അന്തരിച്ച മുതിർന്ന പൊളിറ്റ്ബ്യൂറോ അംഗമായിരുന്ന സഖാവ് മണിക്ക് മുഖർജിയെ അനുസ്മരിച്ചുകൊണ്ട് 2023 ഒക്ടോബർ 26ന് കൽക്കത്തയിലെ മഹാജതി സദനിൽ ചേർന്ന യോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് ബംഗാളിയിൽ നടത്തിയ പ്രസംഗത്തിന്റെ ആദ്യഭാഗത്തിന്റെ പരിഭാഷയാണിത്. ഇതിന്റെ രണ്ടാംഭാഗം അടുത്തലക്കം യൂണിറ്റിയിൽ പ്രസിദ്ധീകരിക്കും. പരിഭാഷയിൽ എന്തെങ്കിലും അപര്യാപ്തത കടന്നു കൂടിയിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്തം യൂണിറ്റി പത്രാധിപസമിതിക്കാണ്.**

സഖാക്കളേ, സുഹൃത്തുക്കളേ,

നാം സംഘടിപ്പിക്കുന്ന അനുസ്മരണ യോഗങ്ങളൊന്നും അനുഷ്ഠാനമല്ലെന്ന് നിങ്ങൾക്കറിയാം. ഈ യോഗത്തിലെ പുഷ്പാർച്ചനയും അനുസ്മരണ പ്രമേയവും ചർച്ചകളും കേവലം കീഴ്‌വഴക്കമല്ല. അന്തരിച്ച ഒരു നേതാവിനോ പ്രവർത്തകനോ നമുക്ക് ഒന്നും നൽകാൻ കഴിയില്ല. സഖാവ് ശിബ്ദാസ് ഘോഷിന്റെ ശിഷ്യനെന്ന നിലയ്ക്ക് എങ്ങനെയാണ്, ഏതു തരത്തിലാണ് ഒരു സഖാവ് തന്റെ ജീവിതം നയിച്ചതെന്നും വിപ്ലവത്തിന്റെ മുന്നേറ്റത്തിനായി എന്തു പങ്കാണ് വഹിച്ചതെന്നും അയാളുടെ സമരത്തിൽനിന്നും നാം എടുക്കേണ്ട പാഠമെന്തെന്ന് മനസ്സിലാക്കാനും അദ്ദേഹത്തിന്റെ ഏതെല്ലാം സ്വഭാവ സവിശേഷതകളാണ് നമുക്ക് അനുകരിക്കാനും സ്വീകരിക്കാനുമുള്ളത് എന്ന് മനസ്സിലാക്കുക എന്നതാണ് ഈ അനുസ്മരണ യോഗത്തിന്റെ ലക്ഷ്യം.

നപാർട്ടിയുടെ അമരക്കാരനായ ഒരു നേതാവിന്റെ വിയോഗം നമ്മെ ആദ്യമായി ഏറെ ദുഃഖിപ്പിച്ചത് 1974ലാണ്. പാർട്ടിയുടെ കേന്ദ്രകമ്മിറ്റിയംഗവും ബഹുജന നേതാവും ആദ്യത്തെ ബംഗാൾ ഐക്യ മുന്നണി സർക്കാരിലെ തൊഴിൽ വകുപ്പ് മന്ത്രിയുമായിരുന്ന സഖാവ് സുബോധ് ബാനർജിയുടെ മരണമായിരുന്നു അത്. അന്ന് ഇതേ ഹാളിൽ വച്ച് നമ്മുടെ മഹാനായ നേതാവും സമുന്നത മാർക്സിസ്റ്റ് ദാർശനികനുമായിരുന്ന സഖാവ് ശിബ്ദാസ് ലോഷ് ചരിത്രപരമായ ഒരു പ്രഭാഷണം നടത്തി. അഗാധമായ വേദനയെ ഒരു യഥാർത്ഥ വിപ്ലവകാരി തന്റെ ജീവിതത്തിൽ എങ്ങനെ നേരിടണമെന്നും ആ വേദനയുടെ യഥാർത്ഥമായ ബോദ്ധ്യപ്പെടൽ എന്താവണമെന്നുമുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശം അദ്ദേഹം നൽകി. അദ്ദേഹത്തിന്റെ മരണമുണ്ടാക്കുന്ന ഒരു സാഹചര്യത്തെപ്പോലും നേരിടാൻ നമ്മെ പ്രാപ്തമാക്കുക എന്നതാണ് അതിലൂടെ അദ്ദേഹം ലക്ഷ്യമാക്കിയത്. ആ അഗാധമായ വേദനയിലും വിപ്ലവകാരികളായി ഉറച്ചു നിൽക്കുവാനും നമ്മുടെ വിപ്ലവകരമായ ഉത്തരവാദിത്തങ്ങൾ ഫലപ്രദമായി നിർവ്വഹിക്കാനും അദ്ദേഹം ആവശ്യപ്പെട്ടു. "വിപ്ലവ രാഷ്ട്രീയം ഉദാത്തമായ വൈകാരികത ആവശ്യപ്പെടുന്നു" എന്നുപറഞ്ഞുകൊണ്ട് "സങ്കടത്തിന്റെയും വികാരത്തിന്റെയും കേവലമായ പ്രകടനങ്ങൾ, വിപ്ലവകാരിയെ സംബന്ധിച്ച് അർത്ഥമില്ലാത്തതാണെന്നും ആ വേദനയുടെ യഥാർത്ഥ പൊരുൾ മനസ്സിലാക്കാനും അത് അവരോട് എന്തുചെയ്യാൻ ആഹ്വാനം ചെയ്യുന്നു" എന്നതുമാണ് ഉൾക്കൊള്ളേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ഇത് അദ്ദേഹം നൽകിയ പാഠങ്ങളുടെ പ്രധാനപ്പെട്ട ഒരു വശമാണ്. സ്റ്റാലിന്റെ മരണത്തിൽ, വേദനയെ കരുത്താക്കി മാറ്റിയെടുക്കാൻ മഹാനായ മാവോ സെ തുങ് ആഹ്വാനം ചെയ്തു.

തുടർന്നുള്ള കാലത്ത് സഖാവ് നിഹാർ മുഖർജിയെയും പാർട്ടിയുടെ മറ്റ് നേതാക്കളെയും പ്രവർത്തകരെയും നമുക്ക് നഷ്ടപ്പെടുകയുണ്ടായി. "ഗണദാബി" (ബംഗാളി മുഖപത്രം: പത്രാധിപർ) യുടെ ഓരോ ലക്കത്തിലൂടെയും ഒന്നോ രണ്ടോ സഖാക്കൾ അന്തരിച്ച വാർത്ത നാം അറിയുന്നു. ചിലരെ ഞാൻ അറിയും. ചിലരെ അറിയാനായിട്ടില്ല. അവരെല്ലാം സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിന്തകൾ പേറിക്കൊണ്ട് സമരം ഏറ്റെടുത്തവരാണ്. വിവിധ സമര പരിപാടികളിലും ഏപ്രിൽ 24ന്റെ പാർട്ടി സ്ഥാപന ദിനാചരണവേളയിലും അവർ നമ്മോടൊപ്പമുണ്ടായിരുന്നു. ആഗസ്റ്റ് 5ന്റെ വമ്പിച്ച ജനസഞ്ചയത്തിൽ അണിചേർന്ന പലരും ഇന്ന് ജീവിച്ചിരിപ്പില്ല.




സഖാവ് മണിക്ക് മുഖർജിയെ അനുസ്മരിച്ചുകൊണ്ട് കൽക്കത്തയിലെ മഹാജതി സദനിൽ ചേർന്ന യോഗത്തിൽനിന്ന്.

കഴിഞ്ഞ എട്ടുപത്തുവർഷങ്ങൾക്കുള്ളിൽ പാർട്ടിയിൽ പ്രവർത്തനമാരംഭിച്ച പല ചെറുപ്പക്കാർക്കും സഖാവ് മണിക് മുഖർജിയെ പരിചയപ്പെടാനും അറിയാനും അവസരമുണ്ടായിട്ടില്ല. അവർക്കുവേണ്ടി ചില കാര്യങ്ങൾ പറയാം. ഇവിടെ അവതരിപ്പിച്ച അനുസ്മരണ പ്രമേയത്തിൽ സഖാവ് മണിക് മുഖർജിയുടെ വിപ്ലവ ജീവിതത്തെ സംബന്ധിക്കുന്ന മിക്കവാറും എല്ലാ കാര്യങ്ങളും ഉണ്ടായിരുന്നു. ഞാൻ ചില വിശദീകരണങ്ങൾ കൂടി നൽകാം. എനിക്ക് അദ്ദേഹത്തോട് ആകർഷണവും ആഴത്തിലുള്ള ബഹുമാനവും ജനിപ്പിച്ച സ്വഭാവവിശേഷങ്ങളെക്കുറിച്ചും ഞാൻ നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കാം.

സഖാവ് മണിക് മുഖർജിയും സഖാവ് മൊബിനുൾ ഹൈദർ ചൗധരിയും ഞാനും ഏതാണ്ട് സമപ്രായക്കാരായിരുന്നു. ഒന്നോ രണ്ടോ വർഷത്തെ വ്യത്യാസമുണ്ടാവും. സഖാക്കൾ എന്ന നിലയിൽ ഞങ്ങൾ ഉറ്റ ബന്ധത്തിലായിരുന്നു. പഴയ സഖാക്കൾക്കതറിയാം. ഇതുമായി ബന്ധപ്പെട്ട് ഒരു കാര്യം പറയാം. നമ്മുടെ പാർട്ടിയിൽ സഖാക്കളുടെ ബന്ധം വെറും ഔപചാരികമല്ല. മാർക്സിസം-ലെനിനിസം-സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളുടെയും തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുടെയും വ്യക്തിതാത്പര്യത്തിനതീതമായ ഉയർന്ന തൊഴിലാളിവർഗ്ഗ സംസ്കാരത്തിന്റെയും വ്യക്തിതാൽപര്യം, അസൂയ, പക ഇവയെല്ലാം അന്യമായ വിപ്ലവകരമായ ബന്ധമാണ് ഞങ്ങളെ കൂട്ടിയിണക്കിയത്. നമ്മുടെ രാജ്യത്ത് മാത്രം ഒതുങ്ങി നിന്ന ഒരു ബന്ധമല്ലിത്. വിവിധ രാജ്യങ്ങളുമായി ബന്ധപ്പെട്ട സമരങ്ങളിലൂടെ വികസിതമായ ബന്ധമാണിത്. അതിനാൽ ഇത് വെറും ആകസ്മികമായ ബന്ധമേയല്ല.

എന്നേക്കാൾ മുൻപ് സഖാവ് മണിക് മുഖർജി സഖാവ് ശിബ്ദാസ് ഘോഷിനെ ബന്ധപ്പെട്ടിരുന്നു. ബംഗാൾ വിഭജനത്തിനു മുൻപുതന്നെ ധാക്കയിൽ വച്ച് അദ്ദേഹം സഖാവ് ശിബ്ദാസ് ഘോഷിനെ കണ്ടിരുന്നു എന്ന് അനുശോചന പ്രമേയത്തിൽ നിന്നും നിങ്ങൾ മനസ്സിലാക്കിക്കാണും. പക്ഷേ ആ പ്രായത്തിൽ സഖാവ് ശിബ്ദാസ് ഘോഷിന്റെ മഹത്വം മനസ്സിലാക്കാൻ അദ്ദേഹത്തിനായില്ല. ഞാൻ അറിഞ്ഞിടത്തോളം എന്നേക്കാൾ മുൻപ് അദ്ദേഹം പാർട്ടിയിൽ ചേർന്നു. 1950ൽ ഞാൻ പാർട്ടിയിൽ ചേർന്നപ്പോൾ അദ്ദേഹം പാർട്ടിയിൽ ഉണ്ടായിരുന്നു. കോംസോമോൾ സംഘടിപ്പിക്കാനുള്ള ഉത്തരവാദിത്തം ആദ്യമായി അദ്ദേഹത്തിനാണ് സഖാവ് ശിബ്ദാസ് ഘോഷ് നൽകിയത് എന്നു നിങ്ങൾ കേട്ടിട്ടുണ്ടാവും. അന്തരിച്ച സഖാവ് പ്രതിഭ മുഖർജിയും അക്കാലത്ത് കോംസമോൾ അംഗമായിരുന്നു. നിങ്ങൾ അറിയാൻ സാദ്ധ്യതയില്ലാത്ത ബാദൽ പാൽ, ബ്രിജോഗോപാൽ സാഹ തുടങ്ങിയ പലരും ഒരു കാലത്ത് കോംസമോൾ കെട്ടിപ്പടുക്കാൻ കഠിനശ്രമം നടത്തിയവരാണ്. മണിക് മുഖർജിയായിരുന്നു അവരുടെ നേതൃത്വം. ഡിഎസ്ഒ സംഘാടക സമിതി രൂപീകരിച്ചപ്പോൾ ഞാനും അദ്ദേഹവും അതിന്റെ ജോയിന്റ് കൺവീനർമാരായി. രണ്ടു തവണ ക്ഷയരോഗവും മഞ്ഞപ്പിത്തവും ബാധിച്ച് അവശനായ അദ്ദേഹത്തിന് കുറേക്കാലം നേരിട്ട് പാർട്ടി പ്രവർത്തനത്തിൽ ഏർപ്പെടുവാൻ സാധിക്കാതെവന്നു. പ്രമുഖ ഡോക്ടറായ നാനി ഗുഹയും ബഹുമാന്യനായ സഖാവ് ശിബ്ദാസ് ഘോഷുമാണ് അദ്ദേഹത്തെ ചികിത്സിച്ചത്. ഡോക്ടറുടെ ചികിത്സയും സഖാവ് ശിബ്ദാസ് ഘോഷിന്റെ പരിചരണവും അദ്ദേഹത്തെ രോഗവിമുക്തനാക്കാൻ സഹായിച്ചു.

മുൻകാലങ്ങളിൽ മറ്റുള്ളവരുമായി ഇടപെടുവാൻ എനിക്ക് ചില പരിമിതി ഉണ്ടായിരുന്നു. ഒരു ജാള്യത എന്നെ അലട്ടിയിരുന്നു. സഖാവ് മണിക് മുഖർജിക്കും ജനങ്ങളോട് ഇഴുകിച്ചേർന്നു പ്രവർത്തിക്കാൻ അവസരമുണ്ടായില്ല. അദ്ദേഹത്തിനും ആ പരിമിതി ഉണ്ടായിരുന്നു. എന്നാൽ സഖാവ് ശിബ്ദാസ് ഘോഷ് സാംസ്കാരിക വിഭാഗം കെട്ടിപ്പടുക്കാനുള്ള ചുമതല ഏൽപ്പിച്ചപ്പോൾ അദ്ദേഹം മടിക്കൂടാതെ അത് സ്വീകരിച്ചു. പാർട്ടിയുടെ ആദ്യനാളുകളിൽ ചില ഡോക്ടർമാരും എഞ്ചിനിയർമാരും ശാസ്ത്രകാരന്മാരും പാർട്ടിയോട് വളരെ അടുത്തുവന്നു. ആ സമയത്ത് പാർട്ടി കെട്ടിപ്പടുക്കുവാൻ വളരെയധികം വ്യാപൃതനായിരുന്ന സഖാവ് ഘോഷിന് ബുദ്ധിജീവികളെ ഉൾക്കൊള്ളിച്ചുള്ള സാംസ്കാരിക മണ്ഡലത്തിലെ പ്രവർത്തനം കൂടി ഏറ്റെടുക്കാൻ നിർവ്വാഹമുണ്ടായിരുന്നില്ല. ആ ദൗത്യം സഖാവ് മണിക് മുഖർജിയെ ഏൽപ്പിച്ചു. 'പഥികൃത്' ഒരു സാംസ്കാരിക സംഘടനയാണെന്നു പറഞ്ഞാൽ അതൊരു അർത്ഥസത്യം മാത്രമാണ്. അതിൽ ബുദ്ധിജീവികളോടൊന്നു ചേർന്ന് വിജ്ഞാന ശാസ്ത്രസംബന്ധിയായ വിവിധ വിഷയങ്ങളിലുള്ള ചർച്ചകളും സംവാദങ്ങളും നടന്നു. സഖാവ് ശിബ്ദാസ് ഘോഷിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിച്ചു കൊണ്ടുള്ള നിരവധി പരിപാടികൾ സമിതി സ്വീകരിച്ചു. ചർച്ചകളിൽ പങ്കെടുക്കുന്നവർക്ക് സ്വതന്ത്രമായി അഭിപ്രായം പറയുവാൻ അത് വേദിയായി. അങ്ങനെയാണ് ശക്തമായൊരു സാംസ്കാരിക പ്രസ്ഥാനം ഉദയം ചെയ്തത്. പക്ഷേ പഥികൃത് കേവലമായ ഒരു ബുദ്ധിജീവി പ്രസ്ഥാനവുമായിരുന്നില്ല. പഥികൃതിലെ പ്രവർത്തകരിൽ പലരും പാർട്ടി സഖാക്കളും പ്രവർത്തകരുമായി മാറി. അതിലൊരു വിഭാഗം പാർട്ടിയുടെ കേന്ദ്ര ഇംഗ്ലീഷ് മുഖപത്രമായ പ്രോലിറ്റേറിയൻ ഇറയുടെ സ്ഥിരം ലേഖകരായും മാറി. സംഘടന കെട്ടിപ്പടുക്കുന്ന പ്രക്രിയയിലെ അദ്ദേഹത്തിന്റെ കഴിവുകളും വൈഭവവും വളർന്നു വികസിച്ചു.

പഥികൃതിന്റെ ആഭിമുഖ്യത്തിൽ ശരത് സാഹിത്യത്തെ പരിപോഷിപ്പിക്കാനും പ്രചരിപ്പിക്കാനുമുള്ള ഒരു പ്രസ്ഥാനവും ഉണ്ടായി വന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ശരത്ചന്ദ്രനെ നാടൊന്നാകെ വളരെയേറെ ആദരിക്കുന്നുണ്ട്. ഒരു കാലത്ത് ശരത്ചന്ദ്ര ചാറ്റർജിയുടെ പുസ്തകങ്ങൾ വായിക്കാത്തവരായി ആരും ഉണ്ടായിരുന്നില്ല. ശരത്ചന്ദ്രനോളം വായനക്കാരുടെ മനസ്സിൽ ഇടം പിടിക്കാൻ മറ്റാർക്കും കഴിഞ്ഞിട്ടില്ലെന്ന് രവീന്ദ്രനാഥ ടാഗോർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ടാഗോർ അദ്ദേഹത്തെ പ്രശംസിക്കുന്നതിൽ ഒട്ടും ലോഭം കാണിച്ചിട്ടില്ല. എന്നാൽ കമ്മ്യൂണിസ്റ്റുകൾ എന്ന് അവകാശപ്പെടുന്ന ചില ബുദ്ധിജീവികൾ ഉൾപ്പടെ വിദ്യാസാഗറിനെയും ശരത്ചന്ദ്രനെയും വിലയിടിച്ചു കാണിക്കുന്ന ചില പരാമർശങ്ങൾ നടത്തി. 'ശരത്ചന്ദ്രൻ ഒരു സഹതാപിയായ സാഹിത്യകാരനാണ്', 'ശരത്ചന്ദ്രൻ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പക്ഷേ അതിനു പരിഹാരം നിർദ്ദേശിച്ചില്ല', 'മദ്ധ്യവർഗ്ഗ ചാഞ്ചാട്ട മന:സ്ഥിതിയുടെ ഒരു ഇരയായിരുന്നു', കഥകളിൽ 'ബന്ധങ്ങളെ പൊട്ടിച്ചെറിഞ്ഞു. ഒന്നിച്ചു ചേർക്കാൻ ധൈര്യം കാണിച്ചില്ല', 'രസാനുഭവമുണ്ടാക്കുന്നതിൽ വിജയിച്ചു പക്ഷേ പ്രത്യയശാസ്ത്ര നിലവാരം വേണ്ടത്ര പ്രദർശിപ്പിച്ചില്ല', ഇതൊക്കെയായിരുന്നു അവരുടെ പരാമർശങ്ങൾ. ആ തെറ്റായ നിരീക്ഷണങ്ങളെ

(ശേഷം 8-ാം പേജിൽ)

### സഖാവ് മണിക് മുഖർജി അനുസ്മരണം

# വിപ്ലവ രാഷ്ട്രീയം ഉദാത്തമായ വൈകാരികത ആവശ്യപ്പെടുന്നു; വിപ്ലവകാരി വേദനയെ കരുത്താക്കി മാറ്റുന്നു

(7-ാം പേജിൽ നിന്ന്)

യെല്ലാം നിരാകരിച്ചുകൊണ്ട് സഖാവ് ശിബ്ദാസ് ഘോഷ് ശരത്ചന്ദ്രന്റെ തത്വചിന്തയുടെയും സാഹിത്യത്തിന്റെയും യഥാർത്ഥ പ്രാധാന്യം അവതരിപ്പിച്ചു. ദ്വന്ദാത്മക ഭൗതികവാദത്തിന്റെ തൊട്ടരികിൽ എത്തുന്ന മതേതര മാനവവാദത്തിന്റെ വക്താവായിരുന്ന ശരത്ചന്ദ്രൻ എന്ന് അദ്ദേഹം വിശദീകരിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ ഗാന്ധിജിക്കെതിരെ നിലനിന്നുകൊണ്ട് വിപ്ലവകാരികളെ ശക്തമായി പിന്തുണക്കാനുള്ള ധൈര്യം അദ്ദേഹം കാണിച്ചു. മതപരമായ കാഴ്ചപ്പാടുകളെയും പാരമ്പര്യ വാദത്തെയും ശരത്ചന്ദ്രൻ എതിർത്തു. എങ്ങനെയാണ് ഒരാൾ ഉയർന്ന സാംസ്കാരിക-നൈതിക നിലവാരം ആർജ്ജിക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നൈതിക മാതൃത്വവും പിതൃത്വവും എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് എന്നദ്ദേഹം വ്യക്തമാക്കി. അന്നത്തെ വിപ്ലവകാരികളുടെ മുന്നിൽ തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെ അനിവാര്യത അവതരിപ്പിച്ചു. കുറ്റമറ്റ യുക്തിയുടെ അടിസ്ഥാനത്തിൽ ലോക സാഹിത്യത്തിൽ തന്നെ ശരത്ചന്ദ്രന്റെ മഹനീയ സ്ഥാനമെന്താണെന്ന് സഖാവ് ശിബ്ദാസ് ഘോഷ് കാണിച്ചുതന്നു. ശരത്ചന്ദ്ര ചാറ്റർജിയെക്കുറിച്ച് സഖാവ് ശിബ്ദാസ് ഘോഷ് സംസാരിക്കുന്ന ആറ് പരിപാടികൾ 1967നും 1974നുമിടയിൽ പഥികൃത് സംഘടിപ്പിച്ചിരുന്നു. അതിൽ നിന്നുള്ള ഭാഗങ്ങൾ ചേർത്ത് 'ശരത്ചന്ദ്രനെക്കുറിച്ചുള്ള വിലയിരുത്തൽ' എന്നൊരു ലഘുലേഖ പ്രസിദ്ധീകരിച്ചിരുന്നു. ഇപ്പോൾ 'ശരത്ചന്ദ്രന്റെ പ്രത്യയശാസ്ത്രവും സാഹിത്യവും' എന്ന പേരിലുള്ള സമഗ്രമായൊരു പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശരത്ചന്ദ്രന്റെ സാഹിത്യപരമായ മേന്മ മാത്രമല്ല, പ്രത്യയശാസ്ത്രപരമായ വീക്ഷണം, വിജ്ഞാന ശാസ്ത്രം, തൊഴിലാളിവർഗ്ഗ സംസ്കാരം എന്നിവയുടെ പരിപ്രേക്ഷ്യത്തിലും ആ പുസ്തകം വിശദീകരണം നൽകുന്നുണ്ട്. സഖാവ് ശിബ്ദാസ് ഘോഷിന്റെ ഈ വിശകലനങ്ങൾ ബംഗാളിലെ വിവിധ ജില്ലകളിൽ മാത്രമല്ല മറ്റ് സംസ്ഥാനങ്ങളിലെ വിവിധ വേദികളിലും സഖാവ് മണിക് മുഖർജി അവതരിപ്പിച്ചു.

പ്രേംചന്ദിന്റെ ജന്മശതാബ്ദി ആചരണ വേളയിൽ വിഷ്ണു പ്രഭാകറുമായി സംസാരിക്കാൻ സഖാവ് മണിക് മുഖജിക്ക് അവസരമുണ്ടായി. ശരത്ചന്ദ്രന്റെ ആത്മകഥ രചിച്ചയാളാണ് വിഷ്ണു പ്രഭാകർ. ശരത്ചന്ദ്രനെക്കുറിച്ചുള്ള നമ്മുടെ വിശകലനത്തിൽ അദ്ദേഹം ആകൃഷ്ടനായി. ഇത് നേരത്തെ അറിയാൻ കഴിഞ്ഞിരുന്നെങ്കിൽ ശരത്ചന്ദ്രനെ പുതിയൊരു വെളിച്ചത്തിൽ കാണുവാൻ കഴിയുമായിരുന്നു എന്നദ്ദേഹം പറഞ്ഞു. പിന്നീട് ഒരു റേഡിയോ പ്രഭാഷണത്തിൽ വിഷ്ണു പ്രഭാകർ, സഖാവ് ശിബ്ദാസ് ഘോഷിന്റെ പേർ ഉദ്ധരിച്ചുകൊണ്ട് ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ശരത്ചന്ദ്രനെക്കുറിച്ചുള്ള സഖാവ് ശിബ്ദാസ് ഘോഷിന്റെ വിശകലനങ്ങൾ അദ്ദേഹത്തിൽ എത്തിച്ച സഖാവ് മണിക് മുഖർജിയുടെ പരിശ്രമങ്ങൾ അഭിനന്ദനാർഹമാണ്. ശരത്ചന്ദ്രന്റെയും വിദ്യാസാഗറിന്റെയും സുവർണ്ണ പുസ്തകം (Golden Book) പ്രസിദ്ധീകരിച്ചതും അദ്ദേഹമാണ്. പാർട്ടിയുടെ മറ്റ് നേതാക്കളും ശരത്ചന്ദ്രനെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. പക്ഷേ സഖാവ് മണിക് മുഖർജിയുടെ പങ്ക് പ്രത്യേക പരാമർശം അർഹിക്കുന്നു. 1975ൽ നമ്മുടെ പാർട്ടിയുടെ ആഭിമുഖ്യത്തിൽ രാജ്യമെമ്പാടും ശരത് ജന്മശതാബ്ദി ആചരിക്കയുണ്ടായി. അതിന്റെ ബംഗാൾ ഘടകത്തിന്റെ അദ്ധ്യക്ഷൻ ബനഫൂലും( ഡോ.ബലൈചന്ദ് മുഖർജി) ജനറൽ സെക്രട്ടറി മണിക് മുഖർജിയും ആയിരുന്നു. പിന്നീട് വിഷ്ണു പ്രഭാകർ, ഉമാകാന്ത് ജോഷി തുടങ്ങിയ പ്രമുഖ വ്യക്തിത്വങ്ങളുടെ പങ്കാളിത്തത്തോടെ അഖിലേന്ത്യാ ശരത് ജന്മശതാബ്ദി കമ്മിറ്റിയും രൂപീകരിച്ചു.

1977ൽ പശ്ചിമ ബംഗാളിലെ അന്നത്തെ സിപിഐ(എം) സർക്കാർ പ്രൈമറി സ്കൂൾ തലത്തിൽനിന്നും ഇംഗ്ലീഷ് പഠനം നീക്കം ചെയ്യാൻ തീരുമാനിച്ചു. നമ്മുടെ പാർട്ടി അതിനെ ശക്തമായി എതിർത്തു. 1978ൽ യൂണിവേഴ്സിറ്റികളുടെ സ്വയംഭരണാവകാശം അട്ടിമറിക്കാനും സിപിഐ(എം) സർക്കാർ മുതിർന്നു. ഈ വിഷയങ്ങളിൽ നീണ്ടുനിൽക്കുന്ന ശക്തമായ സമരം കെട്ടിപ്പടുക്കാനായി 'വിദ്യാഭ്യാസം വെട്ടിക്കുറക്കുന്നതിനെതിരെയും സർവ്വകലാശാലകളുടെ സ്വയം ഭരണവകാശം സംരക്ഷിക്കാനുമുള്ള കമ്മിറ്റി'ക്ക് രൂപം നൽകി. പ്രമുഖ സാഹിത്യകാരനായ പ്രേമേന്ദ്ര മിത്ര അദ്ധ്യക്ഷനും സഖാവ് മണിക് മുഖർജി ജനറൽ സെക്രട്ടറിയുമായുള്ള സമിതിയായിരുന്നു അത്. പ്രഗത്ഭമതികളായ വിദ്യാഭ്യാസ വിചക്ഷണരേയും സാഹിത്യകാരന്മാരെയും ശാസ്ത്രകാരന്മാരെയും ബുദ്ധിജീവികളെയും ഈ സമരത്തിൽ ഉൾചേർക്കാനുള്ള ദൗത്യം സഖാവ് മണിക് മുഖർജിയെയാണ് പാർട്ടി ഏൽപ്പിച്ചത്. പശ്ചിമ ബംഗാളിലെ വിവിധ ജില്ലകളിലെ പാർട്ടി സഖാക്കളെ ഇതുമായി ബന്ധപ്പെടുത്താനുള്ള ഉത്തരവാദിത്തം എന്നിലും നിക്ഷിപ്തമായി. അത് വളരെ പ്രസക്തമല്ല. ആ സമയത്ത് ഏഷ്യയിലെ ഒന്നാം നിരയിലുള്ള ഭാഷാശാസ്ത്രജ്ഞനായ ഡോ. സുകുമാർ സെൻ, സാഹിത്യകാരനായ പ്രമാദനാഥ് ബിക്ഷി, പത്രപ്രവർത്തകനും എഴുത്തുകാരനുമായ സന്തോഷ് ഘോഷ്, ജാദവ്പൂർ യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലർ അരവിന്ദ ഘോഷ്, എഴുത്തുകാരൻ മനോജ് ബാസു, നാഷണൽ ലൈബ്രറിയുടെ ലൈബ്രേറിയൻ ഡോ.രവീന്ദ്രകുമാർ ദാസ്ഗുപ്ത, പ്രമുഖ സാഹിത്യകാരനായ ഡോ.നിഹാർ രഞ്ജൻ റായ്, പ്രമുഖ ഐ സർജൻ ഡോ.നിഹാർ മുൻഷി, വിദ്യാഭ്യാസ വിചക്ഷണനായ പ്രഫുൽ ഗുപ്ത തുടങ്ങി പല മഹത്വ്യക്തികളെയും കണ്ട്, ഈ സമരത്തിന്റെ പ്രാധാന്യം വിശദീകരിച്ചുകൊണ്ട് അതിന്റെ ഭാഗമാക്കാൻ സഖാവ് മണിക് മുഖർജിക്ക് കഴിഞ്ഞു.

ഇതൊരു എളുപ്പമുള്ള ജോലിയായിരുന്നില്ല. അന്ന് അദ്ദേഹത്തെ ആര് അറിയുമായിരുന്നു? അന്ന് അദ്ദേഹം അറിയപ്പെടുന്ന വ്യക്തിത്വമായിരുന്നില്ല. സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളുടെ അടിസ്ഥാനത്തിൽ പാർട്ടിയുമായി ബന്ധപ്പെട്ടു പോവുക എന്നതും അത് മറ്റുള്ളവരെ ശരിയായി പറഞ്ഞു മനസ്സിലാക്കുക എന്നതും ഒന്നല്ല. മനസ്സിലാക്കുന്നത് നല്ലൊരു അവതരണത്തിലൂടെ മറ്റുള്ളവരെ ശരിയായി ബോദ്ധ്യപ്പെടുത്തുക എന്നത് ബുദ്ധിമുട്ടേറിയ കാര്യമാണ്. സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകൾ മനസ്സിലാക്കിത്തന്ന വിധം സിപിഐ(എം) സർക്കാരിന്റെ അപകടം പിടിച്ച ഭാഷാ-വിദ്യാഭ്യാസ നയങ്ങൾ മേൽപ്പറഞ്ഞ മഹാ ജ്ഞാനികളായ വ്യക്തിത്വങ്ങളെ ബോദ്ധ്യപ്പെടുത്തുക എന്നതു് വളരെ ബുദ്ധിമുട്ടേറിയ ദൗത്യമായിരുന്നു. അന്നത്തെ സിപിഐ(എം) ഗവൺമെന്റ് വളരെ ശക്തമായിരുന്നു. അവർക്കുവേണ്ടി സംസാരിക്കുന്ന നിരവധി ബുദ്ധിജീവികളും വിദ്യാഭ്യാസ വിചക്ഷണരും ഉണ്ടായിരുന്നു. നമ്മുടെ വീക്ഷണം അവതരിപ്പിക്കുമ്പോൾ അവർക്കും ശക്തമായി എതിർത്തു പറയാൻ വാദങ്ങൾ ഉണ്ടായിരുന്നു. പക്ഷേ ദിനം പ്രതി അവരെക്കണ്ട് നാം വിഷയങ്ങൾ സംസാരിച്ചുകൊണ്ടേയിരുന്നു. അവരെ ബോദ്ധ്യപ്പെടുത്തി, ആശയപരമായി അവരുടെ മേൽ വിജയം നേടി, അവരുടെ സ്നേഹവും വാത്സല്യവും വിശ്വാസവും പിടിച്ചുപറ്റുന്നത് ദുഷ്കരമായിരുന്നു. പക്ഷേ, സഖാവ് മണിക് മുഖർജി തന്റെ ഉദ്യമത്തിൽ വിജയിച്ചു. ഈ പ്രമുഖരെല്ലാം ഭാഷാ സമരത്തിൽ ഒത്തു ചേർന്നു.

1978ൽ ഒരു കൺവൻഷനിലൂടെ സമരകമ്മിറ്റി ഉടലെടുത്തു. 1979ൽ പാർട്ടി ചരിത്രപരമായ നിയമ നിഷേധ സമരം ആരംഭിച്ചു. സിപിഐ(എം) സർക്കാരിനെതിരെയുള്ള ആദ്യത്തെ സമരമായിരുന്നു അത്. സമരക്കാർക്കെതിരെ നടന്ന പോലീസിന്റെ കിരാതമായ ലാത്തിച്ചാർജ്ജിൽ നിരവധി പേർക്ക് സാരമായി പരുക്കേറ്റു. ഇത് സംസ്ഥാനമൊട്ടുക്ക് വലിയ ചലനമുണ്ടാക്കി. പ്രൈമറി തലത്തിൽ ഇംഗ്ലീഷ് പഠനം, ജയം-തോൽവി സമ്പ്രദായം ഇവ പുനഃസ്ഥാപിക്കണമെന്ന് സമരം സർക്കാരിനോട് ആവശ്യപ്പെട്ടു. 1981 ജനുവരി 8ന് ഡോ.സുകുമാർ സെൻ ഉൾപ്പടെയുള്ള ബുദ്ധിജീവികൾ ഗവർണ്ണറുടെ ബംഗ്ലാവിനു മുൻപിൽ കുത്തിയിരുപ്പ സമരം നടത്തി. ജനുവരി 27ന് വീണ്ടുമൊരു ബൃഹത് കൺവൻഷൻകൂടി വിളിച്ചുചേർത്തു. ഫെബ്രുവരി 2ന് ഒരു സെക്രട്ടേറിയറ്റ് മാർച്ചും സംഘടിപ്പിച്ചു. തുടർന്ന് ഫെബ്രുവരി 6 മുതൽ 21 വരെ ശക്തമായ നിയമലംഘന സമരങ്ങളുടെ വേലിയേറ്റമുണ്ടായി. ഡോ.സുകുമാർ സെന്നിന്റെ അനാരോഗ്യത്തിന്റെ പശ്ചാത്തലത്തിൽ ഡോ.നിഹാർ രഞ്ജൻ റോയ് സമരത്തിന്റെ നേതൃത്വത്തിലെത്തി.

അനന്യമായ ഈ സമരത്തിൽ ഡോ. ഗാരി അയൂബിനെപ്പോലുള്ള നിരവധി ബുദ്ധിജീവികൾ പങ്കെടുത്തു. തുടർന്ന് വനിതകൾ, വിദ്യാർത്ഥികൾ, കർഷകർ, തൊഴിലാളികൾ തുടങ്ങിയവരുടെയും പങ്കാളിത്തമുള്ള ഒരു ബഹുജന സമരമായി അതുമാറി. സമരത്തിന്റെ അലയൊലി ബംഗാളിന്റെ അതിരുകൾ വിട്ട് ഇന്ത്യയാകെ പടർന്നു. ആ സമരം തുടർന്നു. 1996 ഡിസംബർ 17ന് ഒരു കോടി പേർ ഒപ്പിട്ട നിവേദനം സർക്കാരിനു സമർപ്പിച്ചു. ഒടുവിൽ 1998 ഫെബ്രുവരി 3ന് പ്രഖ്യാപിച്ച ബംഗാൾ ബന്ദ് ഒരു വൻ വിജയമായി. അങ്ങനെ 1998 ഡിസംബർ 21ന് നിർവ്വാഹമില്ലാതെ പ്രൈമറി തലത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കാൻ സിപിഐ(എം) തീരുമാനിച്ചു. പക്ഷേ തോൽവിയില്ലാത്ത 'നോ ഡിറ്റൻഷൻ' പോളിസി അവർ തുടർന്നു. അതുകൊണ്ട് പ്രൈമറി വിദ്യാഭ്യാസ ബോർഡിന്റെ ആഭിമുഖ്യത്തിൽ 4-ാം ക്ലാസ് വിദ്യാർത്ഥികൾക്കായി ഒരു സ്കോളർഷിപ്പ് പരീക്ഷ നാം നടത്തിവരികയാണ്. ലക്ഷക്കണക്കിനു വിദ്യാർത്ഥികൾ ഈ പരീക്ഷ എഴുതിക്കൊണ്ടിരിക്കുന്നു.

ഈ ബുദ്ധിജീവികളാരുംതന്നെ സ്വാതന്ത്ര്യത്തിനു മുൻപോ പിൻപോ മറ്റ് ഏതെങ്കിലും ബഹുജന സമരങ്ങളിൽ പങ്കെടുത്തിട്ടുള്ളവരല്ല. അത്തരമാളുകളെ സമരത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തി, നിയമലംഘന സമരത്തിൽ പങ്കാളികളാക്കുന്ന പ്രക്രിയയിലൂടെ നമ്മുടെ പാർട്ടിയുടെ സ്വാധീനം അവരിൽ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞത് സഖാവ് മണിക് മുഖർജിയുടെ നേട്ടങ്ങളിലൊന്നാണ്.

ഇത്തരുണത്തിൽ, ബംഗാളിലെ മുൻനിര ദിനപത്രമായ ആനന്ദബസാർ പത്രികയുടെ പ്രധാന പത്രാധിപരായിരുന്ന സന്തോഷ് ഘോഷിനെക്കുറിച്ചുകൂടി പരാമർശിക്കാം. ഒരിക്കൽ അദ്ദേഹം ഒരു കമ്മ്യൂണിസ്റ്റ് വിരുദ്ധനായിരുന്നു. സഖാവ് മണിക് മുഖർജിയുമായി പല വിഷയങ്ങളിൽ നടന്ന ചർച്ചകൾക്കു ശേഷം, നിങ്ങളെപ്പോലുള്ള കമ്മ്യൂണിസ്റ്റുകളുമായി ചെറുപ്പകാലത്തു തന്നെ ബന്ധപ്പെട്ടിരുന്നെങ്കിൽ കമ്മ്യൂണിസത്തെക്കുറിച്ച് തനിക്ക് യാതൊരു ചിന്താക്കുഴപ്പവും ഉണ്ടാകുമായിരുന്നില്ല എന്ന് അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹം രവീന്ദ്രനാഥ ടാഗോറിന്റെ ചിന്തകൾ പേറുന്ന ആളായിരുന്നു. അതിനാൽ ശരത്ചന്ദ്രന് വലിയ പ്രാധാന്യം നൽകിയിരുന്നില്ല. ശരത്ചന്ദ്രന് വികാര സാന്ദ്രമായ മനസ്സുണ്ടായിരുന്നെന്നും എന്നാൽ, ബൗദ്ധികമായ ശേഷി കുറവാണെന്നുമാണ് അദ്ദേഹം കരുതിയിരുന്നത്. എന്നാൽ സഖാവ് മണിക് മുഖർജി സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിന്തകൾ അവതരിപ്പിച്ചപ്പോൾ അദ്ദേഹം അതു് ഉൾക്കൊണ്ടു. ശരത് ചന്ദ്രനെക്കുറിച്ചുള്ള തന്റെ മുൻധാരണകൾ തെറ്റായിരുന്നുവെന്ന് ഇതേ മഹാജതി സദൻ ഹാളിൽ വച്ച് അദ്ദേഹം മറ്റൊരിക്കൽ പറയുകയുണ്ടായി. നമ്മുടെ അഭിപ്രായങ്ങൾ വളരെ സരളമായ ഭാഷയിൽ അദ്ദേഹം ജനങ്ങളുടെ മുൻപിൽ അവതരിപ്പിച്ചു. ആനന്ദബസാർ പത്രികയ്ക്ക് ഇത്രയും പ്രശസ്തി നേടിക്കൊടുത്തത് സന്തോഷ് ഘോഷാണ്. പക്ഷേ ഇക്കാര്യങ്ങൾ കൊണ്ടുതന്നെ ആനന്ദബസാർ ഗ്രൂപ്പിന് അദ്ദേഹം അനഭിമതനായി. നമ്മുടെ ഭാഷാ സമരത്തിന് അനുകൂലമായി ശക്തമായ മുഖപ്രസംഗങ്ങൾ അദ്ദേഹം എഴുതി. അന്ന് ആനന്ദബസാറിന്റെ സ്ഥാപക ഉടമയായ അശോക് സർക്കാർ ജീവിച്ചിരിപ്പുണ്ടായിരുന്നു. ആനന്ദബസാർ പത്രികയുടെ വിജയത്തിലുള്ള സന്തോഷ് ഘോഷിന്റെ പങ്കിൽ അദ്ദേഹത്തിന് വലിയ ചാരിതാർത്ഥ്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകനായ അവീക് സർക്കാർ സന്തോഷ് ഘോഷിനെ മാമനെന്നാണ് വിളിച്ചിരുന്നത്. അവീക് സർക്കാർ ഒരു തികഞ്ഞ എസ്‌യുസിഐ(സി) വിരുദ്ധനായിരുന്നു. സന്തോഷ് ഘോഷ് എസ്‌യുസിഐ(സി) ക്കാരനായിത്തീർന്നോ എന്ന് അവീക് പകുതി തമാശയിൽ ചോദിച്ചു. അയാൾ എസ്‌യുസിഐ(സി)ക്കുവേണ്ടി എഴുതുമോ? എന്നും ചോദ്യമുണ്ടായി. വിഷമം സഹിക്കാനാവാതെ രണ്ടു തവണ സന്തോഷ് ഘോഷ് രാജി സമർപ്പിച്ചു. പക്ഷേ ആനന്ദ ബസാർ പത്രികയുടെ വലിയൊരു കൈമുതലാണ് സന്തോഷ് ഘോഷ് എന്ന് മനസ്സിലാക്കിയ അശോക് സർക്കാർ അതിൽ നിന്ന് അദ്ദേഹത്തെ പിന്തിരിപ്പിച്ചു.

(അടുത്ത ലക്കത്തിൽ തുടരും)

# സ്മാർട്ട് മീറ്റർ വിഷയത്തിൽ സിപിഐ(എം)ന് ഇരട്ടത്താപ്പ്

**വൈ**ദ്യുതി മേഖലയിൽ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ അടിച്ചേൽപ്പിക്കുന്നതിനെതിരെ രാജ്യവ്യാപകമായി പ്രതിഷേധം ഉയരുകയാണ്. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിലെ അപകടം താഴെപ്പറയുന്നവയാണ്.

1. ഇതുവരെ, ഉപയോഗിച്ച വൈദ്യുതിക്കാണ് നമ്മൾ പണം കൊടുത്തിരുന്നത്. ഇനി മുൻകൂറായി പണം അടയ്ക്കണം. 75 വർഷമായി ഉപഭോക്താക്കൾ അനുഭവിച്ച വന്ന ഒരു അവകാശമാണ് ഇതിലൂടെ റദ്ദാക്കപ്പെടുന്നത്.

2. അടച്ച പണം തീർന്നാൽ ഏതു പാതിരാത്രിയിലും വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെടും.

3. കോൺടാക്ട് ലോഡിനപ്പുറം ഒരു യൂണിറ്റ് വൈദ്യുതി പോലും ഉപയോഗിക്കാനാവില്ല. കോൺടാക്ട് ലോഡ് വർദ്ധിപ്പിക്കുന്നതിന് മുമ്പുതന്നെ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെടാം.

4. സ്മാർട്ട് മീറ്റർ വരുന്നതോടെ സബ്സിഡി വ്യവസ്ഥ മാറും. ഉപഭോക്താവിന് സബ്സിഡി തുക അക്കൗണ്ടിൽ നിക്ഷേപിക്കുമെന്ന് പറയുന്നുണ്ടെങ്കിലും ഗ്യാസ് സബ്സിഡി വിഷയത്തിലെ അനുഭവം നമ്മുടെ മുന്നിലുണ്ട്. ഫലത്തിൽ സബ്സിഡി തന്നെ ഇല്ലാതാക്കപ്പെടാം. കാർഷികോല്പന്നങ്ങളുടെ ഭീമമായ വില വർദ്ധനവിന് ഇതിടയാക്കും.

5. ഡൈനാമിക് പ്രൈസിങ് സമ്പ്രദായം ഏർപ്പെടുത്തുന്നതോടെ ഒരു ദിവസം പല സമയങ്ങളിൽ പല ചാർജ് ഈടാക്കുന്ന സ്ഥിതി വരും. സ്വകാര്യവൽക്കരണത്തിലേക്കുള്ള ചുവടുവെപ്പാണിത്.

6. എ ഐ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സ്മാർട്ട് മീറ്ററിന് 8000 രൂപ മുതൽ 12000 രൂപ വരെ വില വരും. മീറ്റർ വാടക വൻതോതിൽ ഉയരും. നിലവിലുള്ള ഡിജിറ്റൽ മീറ്റർ മുഴുവൻ പാഴാകും.

7. പണം പിരിക്കുന്നത് മീറ്റർ സ്ഥാപിക്കുന്ന കമ്പനിയായിരിക്കും. ഇതും സ്വകാര്യവൽക്കരണത്തിന് ആക്കം വർദ്ധിപ്പിക്കും.

8. മീറ്റർ തകരാർ മൂലം പണം തിരികെ ലഭിക്കേണ്ട സാഹചര്യം ഉണ്ടായാൽ അത് ലഭിക്കുമെന്ന് യാതൊരു ഉറപ്പുമില്ല.

9. സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ രാജ്യത്താകെ ആവശ്യമായി വരുന്ന മൂന്ന് ലക്ഷം കോടി രൂപയിൽ ഒരു ലക്ഷം കോടി മാത്രമേ കേന്ദ്രഗവൺമെന്റ് നൽകൂ. ബാക്കി രണ്ടുലക്ഷം കോടിയും സംസ്ഥാന സർക്കാരുകളും ഉപഭോക്താക്കളും നൽകണം.

10. ഇലക്ട്രിസിറ്റി ബോർഡ് ആയാലും സ്വകാര്യ കമ്പനി ആയാലും ഒരേ മാനദണ്ഡത്തിൽ ആയിരിക്കും സ്മാർട്ട് മീറ്റർ പ്രവർത്തിപ്പിക്കുക.

11. 2,00,000 മീറ്റർ റീഡർമാർ ഇതോടെ തൊഴിൽരഹിതരാകും സബ്സിഡി സ്റ്റേഷനുകളിൽ തൊഴിലാളികൾ ആവശ്യമില്ലാതാകുന്നതോടെ സാങ്കേതികവിദഗ്ധരും അല്ലാത്തവരുമായ തൊഴിലാളികളും അധികപ്പറ്റാവും.

ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് സ്മാർട്ട് മീറ്റർ പദ്ധതി ജനവിരുദ്ധവും കർഷക വിരുദ്ധവും തൊഴിലാളി വിരുദ്ധവും ആണെന്നത്രെ. ഇതിനെതിരെ രാജ്യവ്യാപകമായ പ്രക്ഷോഭം ഉയർന്നു വരേണ്ടതുണ്ട്. ആൾ ഇന്ത്യ ഇലക്ട്രിസിറ്റി കൺസ്യൂമേഴ്സ് അസോസിയേഷൻ ഇത്തരമൊരു പ്രക്ഷോഭം വികസിപ്പിച്ചെടുക്കാനുള്ള പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുകയാണ്. കേരളം ഭരിക്കുന്ന സിപിഐ(എം) ആകട്ടെ ബംഗാൾ, ആസാം തുടങ്ങിയ ചില സംസ്ഥാനങ്ങളിൽ ഈ പദ്ധതിയെ എതിർക്കുന്നുണ്ടെങ്കിലും കേരളത്തിൽ ഇത് നടപ്പിലാക്കാനുള്ള ശ്രമത്തിലാണ്. കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെടുന്നതിനാൽ നടപ്പിലാക്കുന്നു എന്നാണ് ഔദ്യോഗിക ഭാഷ്യം. പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻഏജൻസിഇല്ലാതെതന്നെകെഎസ്ഇബിഎൽ ഈ പദ്ധതി നടപ്പിലാക്കും എന്നാണ് ചീഫ് എൻജിനീയറുടെ സർക്കുലറിൽ പറയുന്നത്. കേന്ദ്രസർക്കാരിൽ നിന്ന് ഗ്രാൻഡുകൾ ലഭിക്കാൻ പദ്ധതി നടപ്പിലാക്കണമെന്നും പറയുന്നു. സംസ്ഥാന ഗവൺമെന്റിന്റെ വായ്പ പരിധി ഉയർത്താൻ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവെച്ച ഉപാധികളിലൊന്ന് സ്മാർട്ട് മീറ്റർ നടപ്പിലാക്കണമെന്നതായിരുന്നു എന്ന കാര്യം ഓർക്കുക. ആദ്യഘട്ടം പൂർത്തിയാക്കുന്നതിന് 2400 കോടി ചിലവ് വരുമെന്നും ചൂണ്ടിക്കാണിക്കുന്നു.

ഇത്തരമൊരു സാഹചര്യത്തിൽ മുഴുവൻ വൈദ്യുതി ഉപഭോക്താക്കളും കൺസ്യൂമേഴ്സ് അസോസിയേഷന്റെ യൂണിറ്റുകൾ രൂപീകരിച്ചുകൊണ്ട് സമരസജ്ജരായി മുന്നോട്ടുവരിക എന്നതാണ് ചെയ്യേണ്ടത്. ■

# പ്രതിസന്ധിയുടെ മുഴുവൻ ഉത്തരാദിത്തവും ജീവനക്കാരുടെ തലയിൽകെട്ടിവച്ച് സർക്കാരും മാനേജ്മെന്റും കൈമലർത്തുന്നു

*(1-ാം പേജിൽ നിന്ന്)*

നൽകുന്നതിനു പകരം വായ്പാ തിരിച്ചടവ്, എണ്ണക്കമ്പനികൾ, സ്പെയർ പാർട്ട്സ്, ഉന്നതന്മാരുടെ ധൂർത്ത് തുടങ്ങിയ എല്ലാ ചെലവുകളും കഴിഞ്ഞ് ശമ്പളം നൽകാൻ പണമില്ല എന്നുപറഞ്ഞ് കൈമലർത്തുകയാണ് മാനേജ്മെന്റ് ചെയ്യുന്നത്. പ്രതിസന്ധിയുടെ മുഴുവൻ ഉത്തരവാദിത്തവും തൊഴിലാളികളുടെ തലയിൽകെട്ടിവെച്ച് കൈമലർത്തുകയാണ് സർക്കാരും മാനേജ്മെന്റും. യഥാസമയം ശമ്പളംപോലും കിട്ടാതെ, സർവ്വീസ് മേഖലയിലെ നിരവധിയായ പീഡനങ്ങൾ സഹിച്ച് കഠിനാദ്ധ്വാനം ചെയ്യുന്ന തൊഴിലാളികളുടെ ആത്മാഭിമാനത്തെ ആഴത്തിൽ മുറിവേൽപ്പിക്കുന്ന തരത്തിലുള്ള കുപ്രചാരണങ്ങളാണ് സർക്കാരും മാനേജ്മെന്റും സ്വകാര്യവൽക്കരണത്തിന്റെ വക്താക്കളായ ചില മാദ്ധ്യമങ്ങളും സ്വകാര്യ ബസ് ലോബികളുമെല്ലാം ചേർന്ന് നടത്തുന്നത്. കെഎസ്ആർടിസിയെ അടച്ചുപൂട്ടി സ്വകാര്യവൽക്കരണം നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ അജണ്ടയെന്നത് ഇന്ന് പകൽ പോലെ വ്യക്തമാണ്. സ്വിഫ്റ്റ് കമ്പനി രൂപീകരിച്ചതും കോൺട്രാക്ട് ക്യാരേജ് പെർമിറ്റുള്ള ബസ്സുകൾ സ്റ്റേജ് ക്യാരേജ് ആയി സർവ്വീസ് നടത്തുന്നത് തടയുന്നതിന്ന് ശക്തമായ നടപടികൾ സ്വീകരിക്കാത്തത്, ദേശസാൽകൃത റൂട്ടുകളിൽ പോലും യാതൊരു നിയന്ത്രണവുമില്ലാതെ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതും കേന്ദ്ര സർക്കാർ സൗജന്യമായി അനുവദിച്ച ഇലക്ട്രിക് ബസ്സുകൾ വേണ്ടെന്നു വെച്ചതും കെഎസ്ആർടിസിയെ നിലനിർത്തുന്നതിനുള്ള യാതൊരു നടപടികളും കൈക്കൊള്ളാത്തതുമെല്ലാം സർക്കാരിന്റെ അജണ്ട വെളിവാക്കുന്നതാണ്. കെഎസ്ആർടിസിയുടെ പണം വിനിയോഗിച്ച് ആരംഭിച്ച കെ സ്വിഫ്റ്റ് എന്ന സ്വകാര്യ കമ്പനി കെഎസ്ആർടിസിയുടെ സ്വകാര്യവത്ക്കരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടിയാണ്.

## കെഎസ്ആർടിസിയുടെ സ്വകാര്യവൽക്കരണം

രാജ്യത്താകെ 49 റോഡ് ട്രാൻസ്പോർട്ട് കോർപറേഷനു(ആർടിസി)കൾ ഉള്ളതിൽ 3 എണ്ണം മാത്രമാണ് നഷ്ടമില്ലാതെ പ്രവർത്തിക്കുന്നത്. ബാക്കി എല്ലാ ആർടിസികളും സാമ്പത്തികമായി നഷ്ടത്തിലാണ്. എന്നാൽ ഒരു ആർടിസിയിലും ശമ്പളം മുടങ്ങുകയോ ഡിഎയും മറ്റാനുകൂല്യങ്ങളും നൽകാതിരിക്കുകയോ ചെയ്യുന്നില്ല. മാത്രവുമല്ല, കേരളത്തിലേതിനേക്കാൾ ബസ്സ് ചാർജ് മറ്റു സംസ്ഥാനങ്ങളിൽ കുറവാണെങ്കിലും ധാരാളം സൗജന്യങ്ങൾ ജനങ്ങൾക്ക് നൽകുന്നുണ്ട്. ഉദാഹരണത്തിന് തമിഴ് നാട്ടിൽ ഓർഡിനറി മിനിമം ചാർജ് 5 രൂപയാണ്. അവിടെ സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും യാത്ര സമ്പൂർണ്ണ സൗജന്യമാണ്. അതേസമയം ഇവിടെ വിദ്യാർത്ഥികളുടെ കൺസഷൻ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. കർണ്ണാടകത്തിൽ സ്ത്രീകൾക്ക് ഓർഡിനറി, ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകളിൽ പൂർണ്ണ സൗജന്യമാണുള്ളത്. ഡൽഹി, തെലുങ്കാന തുടങ്ങിയ നിരവധി സംസ്ഥാനങ്ങളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്. അവിടങ്ങളിലെല്ലാം ആർടിസികൾക്ക് ബഡ്ജറ്റിൽ പണം അനുവദിക്കുകയും പുതിയ ബസ്സുകൾ വാങ്ങി നൽകുകയുമെല്ലാം ചെയ്യുന്നത് സംസ്ഥാന സർക്കാരുകളാണ്. ആന്ധ്രപ്രദേശ് അടക്കമുള്ള ചില സംസ്ഥാനങ്ങൾ ബാധ്യതകൾ മുഴുവൻ ഏറ്റെടുത്ത് ആർടിസിയെ സർക്കാർ ഡിപ്പാർട്ടുമെന്റാക്കി മാറ്റുകയുണ്ടായി. ഇവിടെയാകട്ടെ, കെടിഡിഎഫ്സി പോലുള്ള സ്ഥാപനങ്ങളിൽ നിന്നും 16 മുതൽ 19 ശതമാനം വരെയുള്ള കൊള്ളപലിശക്ക് പണം കടമെടുപ്പിച്ച് ഉപയോഗ ശൂന്യമായ കെട്ടിടങ്ങൾ ഉണ്ടാക്കുകയും ബസ്സ വാങ്ങിക്കുകയുമൊക്കെ ചെയ്ത് കടക്കെണിയിലാക്കുകയാണ് ചെയ്തിട്ടുള്ളത്. കെഎസ്ആർടിസിക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് "കിഫ്ബി"യിൽ നിന്നും വായ്പ അനുവദിക്കുമെന്ന് നിയമസഭയിൽ മുഖ്യമന്ത്രി പ്രസ്താവിക്കുകയുണ്ടായി. എന്നാൽ, സർക്കാർ ധനകാര്യ സ്ഥാപനമായ കിഫ്ബി, മറ്റൊരു സർക്കാർ സ്ഥാപനമായ കെഎസ്ആർടിസിക്ക് വായ്പ അനുവദിക്കില്ല എന്നു പ്രഖ്യാപിക്കുന്ന വിചിത്രമായ നടപടിയാണ് കാണുവാൻ കഴിഞ്ഞത്.

കെഎസ്ആർടിസിയിലെ അംഗീകൃത ട്രേഡ് യൂണിയനുകളായ സിഐടിയു, ബിഎംഎസ്, ഐഎൻടിയുസി(ടിഡിഎഫ്) സംഘടനകളാകട്ടെ തൊഴിലാളികളെ കൈയൊഴിഞ്ഞ് മാനേജ്മെന്റിനൊപ്പം നിലയുറപ്പിച്ചിരിക്കുകയാണ്. പ്രതീക്ഷയറ്റ് നിരാശയുടെ പടുകുഴിയിൽ വീണുകിടക്കുന്ന തൊഴിലാളികളെ സംഘടിപ്പിച്ച് അവർക്ക് ആത്മവിശ്വാസം പകർന്നു കൊടുത്തുകൊണ്ട്, തൊഴിലാളിദ്രോഹ നയ-നടപടികൾക്കെതിരെ അതിശക്തമായ പ്രക്ഷോഭണത്തിന്റെ പാതയിൽ അണിനിരത്തുകയാണ് വേണ്ടത്. അതിനായി ചെറുതും വലുതുമായ എല്ലാ യൂണിയനുകളും ഒറ്റക്കെട്ടായി മുൻപോട്ടുവരേണ്ടതുണ്ട്. എന്നാൽ മാനേജ്മെന്റ് വച്ചുനീട്ടുന്ന ചില്ലറ ആനുകൂല്യങ്ങളും അപ്പക്കഷണങ്ങളും വാങ്ങി വിശ്വസ്ത വിധേയൻമാരായി നിലകൊള്ളുന്ന അംഗീകൃത സംഘടനകൾ തൊഴിലാളികൾക്ക് ശാപമായി മാറിയിരിക്കുന്നു.

ജനങ്ങൾക്ക് നേരിട്ട് സേവനം ലഭ്യമാക്കുന്ന കെഎസ്ആർടിസിയെ പൊതുമേഖലയിൽ നിലനിർത്തി സംരക്ഷിക്കുകയും വിപുലീകരിക്കുകയും ചെയ്യേണ്ടത് ജനങ്ങളുടെ ഉത്തമ താൽപര്യസംരക്ഷണത്തിന് അനിവാര്യമാണ്. വാഹനപ്പെരുപ്പം, അതുമൂലമുണ്ടാകുന്ന ട്രാഫിക് ജാമുകൾ, വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ, ഇന്ധനദുർവ്യയം, അന്തരീക്ഷ മലിനീകരണം തുടങ്ങിയ പ്രശ്നങ്ങൾ വലിയൊരളവുവരെ പരിഹരിക്കുന്നതിന് പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിലൂടെ കഴിയും. കോവിഡ് കാലത്ത് പൊതു ഗതാഗതം നിരോധിക്കപ്പെട്ടതിനെത്തുടർന്ന് സ്വകാര്യ വാഹനങ്ങളുടെ എണ്ണത്തിൽ വൻകുതിപ്പുണ്ടായതായി കണക്കുകൾ സൂചിപ്പിക്കുന്നു. ജനാഭിമുഖ്യമുള്ള ഏതൊരു സർക്കാരും ചെയ്യേണ്ടത് ശക്തമായ പൊതു ഗതാഗത സംവിധാനങ്ങൾ സൃഷ്ടിച്ചെടുക്കുക എന്നതാണ്; ചെലവു കുറഞ്ഞതും സുരക്ഷിതവുമായ യാത്ര ജനങ്ങൾക്ക് ഉറപ്പുവരുത്തുക എന്നതാണ്. എന്നാൽ കേരളം ഭരിക്കുന്ന എൽഡിഎഫ് സർക്കാർ നേർ വിപരീതദിശയിലാണ് സഞ്ചരിക്കുന്നത്. അതുകൊണ്ടാണ് പൊതു ഗതാഗതത്തിൽ (റോഡ്) കെഎസ്ആർടിസി വഹിച്ചിരുന്ന പങ്ക് 29% ശതമാനത്തിൽ നിന്നും ഇന്നിപ്പോൾ 22% ആയി കുറഞ്ഞത്.

ജനങ്ങളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് അടിയന്തരമായി പുതിയ ബസ്സുകൾ വാങ്ങി നിരത്തിലിറക്കുക, പുതിയ ഷെഡ്യൂളുകൾ ആരംഭിക്കുക, നിർത്തലാക്കിയ ഗ്രാമീണ സർവ്വീസുകൾ, സ്റ്റേ സർവ്വീസുകൾ എന്നിവ പുനഃസ്ഥാപിക്കുക, രാത്രികാല സർവ്വീസുകൾ വർദ്ധിപ്പിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുക, ജീവനക്കാർക്ക് ശമ്പളം മുടങ്ങാതെ മുഴുവനായി മാസാദ്യം തന്നെ നൽകുക, പെൻഷൻ സർക്കാർ ഏറ്റെടുത്ത് മുടങ്ങാതെ വിതരണം ചെയ്യുക, സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും സമ്പൂർണ്ണ സൗജന്യ യാത്ര അനുവദിക്കുക, പിരിച്ചുവിടപ്പെട്ട എംപാനൽ ജീവനക്കാരെതിരിച്ചെടുത്ത് സ്ഥിരപ്പെടുത്തുക തുടങ്ങിയ സുപ്രധാന ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ബഹുജനങ്ങളെയും ജീവനക്കാരെയും പെൻഷൻകാരെയും സ്ത്രീകളെയും വിദ്യാർത്ഥികളെയുമെല്ലാം അണിനിരത്തി കൊണ്ടുള്ള ശക്തമായ പ്രക്ഷോഭണം വളർത്തിയെടുക്കേണ്ടതുണ്ട്. ■

സൈദ്ധാന്തിക പാഠങ്ങൾ

# ട്രോട്സ്കിയിസമോ ലെനിനിസമോ ?

[ആൾ-യൂണിയൻ സെൻട്രൽ കൗൺസിൽ ഓഫ് ട്രേഡ് യൂണിയൻസി(AUCCTU)ലെ കമ്മ്യൂണിസ്റ്റ് ഗ്രൂപ്പിന്റെ പ്ലീനത്തിൽ 1924 നവംബർ 19ന് സഖാവ് സ്റ്റാലിൻ നടത്തിയ പ്രസംഗത്തിൽ നിന്നെടുത്ത ഒരു ഭാഗമാണിത്.ലെനിൻ ചരമശതാബ്ദിവേളയിൽ ട്രോട്സ്കിയിസം സൃഷ്ടിച്ച ആശയക്കുഴപ്പങ്ങളെ തിരിച്ചറിയാൻ സ്റ്റാലിന്റെ ഈ പ്രസംഗം ഉപകരിക്കും. പഴയ കലണ്ടർ പ്രകാരം റഷ്യൻ വിപ്ലവം നടന്ന തീയതി ഒക്ടോബർ 25 ആണ്. പുതിയ കലണ്ടർ പ്രകാരം അത് നവംബർ 7 ആണ്.]

...**ഒ**ക്ടോബറുമായും അതിന്റെ തയ്യാറെടുപ്പുകളുമായി ബന്ധപ്പെട്ട് പാർട്ടിക്കെതിരെയും ലെനിനെ സംബന്ധിച്ചും ട്രോട്സ്കിയും കൂട്ടാളികളും പ്രചരിപ്പിക്കുന്ന കഥകളെക്കുറിച്ച് നാം ചർച്ച ചെയ്തു കഴിഞ്ഞു. നമ്മൾ ഈ കഥകൾ തുറന്നുകാട്ടുകയും തള്ളിക്കളയുകയും ചെയ്തിട്ടുണ്ട്. എന്നാൽ ട്രോട്സ്കിക്ക് ഈ കഥകൾ എന്തുകൊണ്ട് ആവശ്യമായിവന്നു എന്നതാണ് ഉയരുന്ന ചോദ്യം. പാർട്ടിക്കെതിരായ ട്രോട്സ്കിയുടെ പുതിയ പ്രഖ്യാപനങ്ങളുടെ ലക്ഷ്യമെന്താണ്? പാർട്ടി ഒരു ചർച്ച ആഗ്രഹിക്കാത്ത ഒരു ഘട്ടത്തിൽ, മറ്റനേകം അടിയന്തര കർത്തവ്യങ്ങളിൽ പാർട്ടി മുഴുകിയിരിക്കുമ്പോൾ, പഴയ പ്രശ്നങ്ങൾക്കുമേലുള്ള പുതിയ സമരങ്ങൾക്കുപകരം നമ്മുടെ സമ്പദ്‌രംഗത്തെ ശക്തിപ്പെടുത്താൻ യോജിച്ച ശ്രമങ്ങൾ ആവശ്യമായിരിക്കുമ്പോൾ ഈ പ്രഖ്യാപനങ്ങളുടെ അർത്ഥവും ലക്ഷ്യവും ഉദ്ദേശ്യവുമെന്താണ്? പുതിയ ചർച്ചകളിലേക്കു പാർട്ടിയെ വീണ്ടും വലിച്ചിഴയ്ക്കാൻ ട്രോട്സ്കി ശ്രമിക്കുന്നതിന്റെ ലക്ഷ്യമെന്താണ്?

ഒക്ടോബറിനെ "പഠിക്കുന്നതിനു" വേണ്ടിയാണിതെല്ലാമെന്നാണ് ട്രോട്സ്കി വാദിക്കുന്നത്. എന്നാൽ പാർട്ടിയെയും അതിന്റെ നേതാവ് ലെനിനെയും ഇകഴ്ത്തിക്കൊണ്ടല്ലാതെ ഒക്ടോബർ വിപ്ലവത്തെ പഠിക്കാൻസാധ്യമല്ലേ? ഒക്ടോബർമുന്നേറ്റത്തിന്റെ മുഖ്യനേതാവിനെ നിന്ദിക്കുന്നതിൽ തുടങ്ങുകയും അവസാനിക്കുകയും ചെയ്യുന്ന, ഈ മുന്നേറ്റത്തെ നയിച്ച് അവസാനംവരെ എത്തിച്ച പാർട്ടിയെ അപകീർത്തിപ്പെടുത്തുകയും ചെയ്യുന്ന എന്തുതരം "ചരിത്രമാ"ണിത്? അല്ല, ഒക്ടോബറിനെക്കുറിച്ചു പഠിക്കുന്നതിന്റെ പ്രശ്നമല്ല ഇത്. ഒക്ടോബറിനെക്കുറിച്ച് പഠിക്കാനോ അതിന്റെ ചരിത്രമെഴുതാനോ ഉള്ള മാർഗ്ഗമിതല്ല. ഇവിടെ മറ്റൊരു "പദ്ധതി"യുണ്ടെന്നു വ്യക്തമാണ്. ലെനിനിസത്തെ ട്രോട്സ്കിയിസം കൊണ്ടു മാറ്റിസ്ഥാപിക്കുന്നതിനു കളമൊരുക്കാനുള്ള മറ്റൊരു(വീണ്ടുമൊരെണ്ണം!) ശ്രമമാണ് തന്റെ ഈ പ്രഖ്യാപനത്തിലൂടെ ട്രോട്സ്കി നടത്തുന്നതെന്ന എല്ലാക്കാര്യങ്ങളും വ്യക്തമാക്കുന്നുണ്ട്. പാർട്ടിയെയും ലെനിനിസത്തെയും അപകീർത്തിപ്പെടുത്തുന്നതിനായി, വിപ്ലവമുന്നേറ്റത്തെ അന്ത്യംവരെയെത്തിച്ച പാർട്ടിയെയും കേഡർമാരെയും അപകീർത്തിപ്പെടുത്തേണ്ട "ഗതികെട്ട" അവസ്ഥയിലാണ് ട്രോട്സ്കി. "ഏക" "തൊഴിലാളിവർഗ്ഗ" പ്രത്യയശാസ്ത്രമായി (ചിരിക്കരുത്!) ട്രോട്സ്കിയിസത്തെ വലിച്ചുകൊണ്ടുവരേണ്ടത് അദ്ദേഹത്തിന്റെ ആവശ്യമായി വന്നിരിക്കുന്നു. ഇതെല്ലാം തീർച്ചയായും(അതെ തീർച്ചയായും!) ലെനിനിസത്തിന്റെ കൊടിക്കു കീഴിൽത്തന്നെയാണ് ചെയ്യുന്നത്. കാരണം, ഈ വലിച്ചുകൊണ്ടുവരൽ അദ്ദേഹത്തിന് "കഴിയുന്നത്ര ക്ലേശരഹിതമായിരിക്കണം". ട്രോട്സ്കിയുടെ ഒടുവിലത്തെ ഈ പ്രഖ്യാപനങ്ങളുടെ അന്തസ്സത്ത ഇതാണ്.

അതുകൊണ്ടു തന്നെയാണ് ട്രോട്സ്കിയുടെ ഈ പ്രഖ്യാപനങ്ങൾ ട്രോട്സ്കിയിസത്തെക്കുറിച്ചുള്ള നിശിതമായ ചോദ്യങ്ങളുയർത്തുന്നത്. അപ്പോഴെന്താണ് ട്രോട്സ്കിയിസം? ലെനിനിസവുമായി ഒട്ടും പൊരുത്തപ്പെടുത്താനാകാത്ത മൂന്ന് കാര്യങ്ങൾ ട്രോട്സ്കിയിസത്തിനുണ്ട്. ഈ സവിശേഷതകൾ എന്തെല്ലാമാണ്?

**ഒന്നാമതായി,** ട്രോട്സ്കിയിസമെന്നത് "നിരന്തരവിപ്ലവ"ത്തെക്കുറിച്ചുള്ള സിദ്ധാന്തമാണ്. എന്നാൽ ട്രോട്സ്കിയുടെ ഈ വ്യാഖ്യാനത്തിൽ നിരന്തരവിപ്ലവം എന്നാലെന്താണ്? ദരിദ്രകർഷകരെ ഒരു വിപ്ലവശക്തിയായി ഗണിക്കാത്താ വിപ്ലവമാണത്. ലെനിൻ പറഞ്ഞതുപോലെ ട്രോട്സ്കിയുടെ "നിരന്തരവിപ്ലവം" കർഷക മുന്നേറ്റത്തെ "ഒഴിവാക്കുന്ന", "അധികാരം പിടിച്ചെടുക്കുന്ന കളിയാണ്". എന്തുകൊണ്ടാണിത് അപകടകരമാകുന്നത്? നടപ്പിലാക്കാൻ ശ്രമിച്ചാൽ ഈ വിപ്ലവം നിശ്ചയമായും പരാജയപ്പെടും. കാരണം, റഷ്യൻ തൊഴിലാളിവർഗ്ഗത്തിന് അതിന്റെ കൂട്ടുകക്ഷിയുമായുള്ള-ദരിദ്ര കർഷകരുമായുള്ള- ബന്ധം വേർപെടുത്തേണ്ടിവരുമായിരുന്നു. 1905 മുതൽ ട്രോട്സ്കിയിസത്തിനെതിരെ ലെനിനിസം നടത്തിക്കൊണ്ടിരിക്കുന്ന സമരത്തെ ഇതു വെളിപ്പെടുത്തുന്നുണ്ട്.




ഈ സമരത്തിന്റെ നിലപാടിൽനിന്നുകൊണ്ട് ലെനിനിസത്തെ ട്രോട്സ്കി വിലയിരുത്തുന്നതെങ്ങനെയാണ്? "വിപ്ലവവിരുദ്ധമായ ഘടകങ്ങൾ" ഉള്ള ഒരു സിദ്ധാന്തമായാണ് അദ്ദേഹമതിനെ കാണുന്നത്. ലെനിനിസത്തെക്കുറിച്ചുള്ള രോഷാകുലമായ ഈ അഭിപ്രായത്തിന്റെ അടിസ്ഥാനമെന്താണ്? തൊഴിലാളിവർഗ്ഗത്തിന്റെയും കർഷകരുടെയും സർവ്വാധിപത്യം എന്ന ആശയത്തെ ലെനിനിസം ഉചിതമായ സമയത്ത് ഉയർത്തിപ്പിടിക്കുകയും മുന്നോട്ടുകൊണ്ടുപോകുകയും ചെയ്തു എന്ന വസ്തുതയാണത്.

പക്ഷേ ട്രോട്സ്കി രോഷാകുലമായ ഈ അഭിപ്രായപ്രകടനത്തിൽ മാത്രം ഒതുങ്ങുന്നില്ല. അദ്ദേഹം പറയുന്നു. "ലെനിനിസമെന്ന സൗധം മുഴുവനായും നുണകളിലും വക്രീകരണത്തിലുമാണ് കെട്ടിപ്പടുത്തിരിക്കുന്നത്, അതിന്റെ നാശത്തിന്റെ വിഷമയമായ അംശങ്ങൾ അതുതന്നെയുൾക്കൊള്ളുന്നുണ്ട്." (1913ൽ ട്രോട്സ്കി ചീഡ്സെക്ക് അയച്ച കത്ത്) പരസ്പരവിരുദ്ധമായ രണ്ടു സമീപനങ്ങൾ നിങ്ങൾക്കിവിടെ കാണാം.

**രണ്ടാമതായി,** ട്രോട്സ്കിയിസമെന്നത് ബോൾഷെവിക് പാർട്ടിതത്വങ്ങളോടുള്ള, പാർട്ടിയുടെ ഏകാത്മകഘടനയോടുള്ള, അവസരവാദഘടകങ്ങൾക്കെതിരായ പാർട്ടി നിലപാടിനോടുള്ള അവിശ്വാസമാണ്. പാർട്ടി സംഘടനയുടെ കാര്യത്തിൽ, വിപ്ലവകാരികൾക്കും പിന്തിരിപ്പന്മാർക്കും ഒരു പാർട്ടിയിൽത്തന്നെ നിലകൊള്ളാനും ഗ്രൂപ്പുകളും ഉപജാപക സംഘങ്ങളും ഉണ്ടാക്കാനും കഴിയുമെന്ന സിദ്ധാന്തമാണ്. മാർട്ടോവൈറ്റുകളും ഓട്സോവിസ്റ്റുകളും ലിക്വിഡേറ്റർമാരും ട്രോട്സ്കിയിസ്റ്റുകളും സസന്തോഷം ഒന്നിച്ചു കഴിയുകയും തങ്ങളാണ് "ശരിയായ" പാർട്ടി എന്നു നടിക്കുകയും ചെയ്ത ട്രോട്സ്കിയുടെ 'ആഗസ്റ്റ് ബ്ലോക്കി'ന്റെ ചരിത്രം നിങ്ങൾക്ക് തീർച്ചയായും അറിയാമല്ലോ. തുന്നിക്കൂട്ടിയെടുത്ത ഈ "പാർട്ടി"യുടെ യഥാർത്ഥ ലക്ഷ്യം ബോൾഷെവിക് പാർട്ടിയെ തകർക്കുക എന്നതായിരുന്നു. ആ സമയത്ത് "നമ്മുടെ വിയോജിപ്പുകളുടെ" സ്വഭാവം എന്തായിരുന്നു? ആഗസ്റ്റ് ബ്ലോക്കിനെ തകർക്കുക എന്നത് തൊഴിലാളി വർഗ്ഗപാർട്ടിയുടെ വളർച്ചയുടെ ഉപാധിയായി ലെനിനിസം പരിഗണിച്ചപ്പോൾ ഒരു ശരിയായ പാർട്ടി കെട്ടിപ്പടുക്കുന്നതിനുള്ള അടിത്തറയായാണ് ട്രോട്സ്കിയിസം അതിനെ കണ്ടത്. ഇവിടെയും രണ്ടു സമീപനങ്ങൾ കാണാം.

**മൂന്നാമതായി,** ട്രോട്സ്കിയിസമെന്നത് ബോൾഷെവിസത്തിന്റെ നേതാക്കളോടുള്ള അവിശ്വാസമാണ്, അവരെ നിന്ദിക്കാനും അപകീർത്തിപ്പെടുത്താനുമുള്ള പദ്ധതിയാണ്. ലെനിനിസത്തിന്റെ നേതാക്കളെയോ പാർട്ടിയുടെ കേന്ദ്രസ്ഥാപനങ്ങളെയോ അപകീർത്തിപ്പെടുത്തുന്ന കാര്യത്തിൽ ട്രോട്സ്കിയിസത്തിന് താരതമ്യങ്ങളില്ല. ഉദാഹരണത്തിന്, "റഷ്യൻ തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ എല്ലാത്തരം പിന്നോക്കാവസ്ഥയെയും സമർത്ഥമായി ചൂഷണം ചെയ്യുന്ന ആൾ" എന്ന് ലെനിനെക്കുറിച്ചുള്ള ട്രോട്സ്കിയുടെ 'വിനയാന്വിതമായ' അഭിപ്രായത്തെക്കുറിച്ച് (മുൻപു സൂചിപ്പിച്ച കത്തിൽനിന്ന്) എന്താണു പറയുക? ഇതുവരെയും ട്രോട്സ്കി പ്രകടിപ്പിച്ച 'വിനയാന്വിതമായ' അഭിപ്രായങ്ങളിൽനിന്ന് ഏറെയകലെയാണിത്.

എന്നിട്ടും, തന്റെ വൃത്തികെട്ട ചരക്കുകൾ മുഴുവൻ ചുമന്നുകൊണ്ട് ട്രോട്സ്കിക്ക് ഒക്ടോബർ വിപ്ലവത്തിന്റെ സമയത്ത് ബോൾഷെവിക് അണികളിലൊരാളായി സ്വയം പ്രത്യക്ഷപ്പെടാൻ കഴിഞ്ഞതെങ്ങനെയാണ്? ആ സമയത്ത് ട്രോട്സ്കി ആ ചരക്കുകൾ (യഥാർത്ഥത്തിൽത്തന്നെ മാറ്റി) ഉപേക്ഷിക്കുകയും അലമാരയിൽവച്ചുപൂട്ടുകയും ചെയ്തതിനാലാണ് അതു കഴിഞ്ഞത്. ട്രോട്സ്കി ആ "പ്രവൃത്തി" ചെയ്തില്ലായിരുന്നുവെങ്കിൽ അദ്ദേഹവുമായുള്ള യഥാർത്ഥ സഹകരണം സാധ്യമാകില്ലായിരുന്നു. മെൻഷെവിക്കുകളുമായുള്ള ഐക്യത്തിന്റേതായ ആഗസ്റ്റ് ബ്ലോക്കിന്റെ സിദ്ധാന്തത്തെ ഒക്ടോബർ വിപ്ലവം തകർത്ത് പുറത്തേക്കെറിഞ്ഞിരുന്നു. മെൻഷെവിക്കുകളുമായി ബോൾഷെവിക്കുകൾ പൊരിഞ്ഞപോരാട്ടംതന്നെ നടത്തിക്കൊണ്ടിരിക്കുമ്പോൾ ഐക്യത്തെക്കുറിച്ച് അത്തരമൊരു സംസാരം എങ്ങനെ നടക്കാനാണ്? തന്റെ സിദ്ധാന്തം ഉപയോഗശൂന്യമാണെന്ന് അംഗീകരിക്കുകയല്ലാതെ ട്രോട്സ്കിക്ക് മറ്റു വഴിയൊന്നുമുണ്ടായിരുന്നില്ല.

നിരന്തര വിപ്ലവത്തെക്കുറിച്ച സിദ്ധാന്തത്തിനും ഇതേ "ദൗർഭാഗ്യം" തന്നെയാണു സംഭവിച്ചത്. എന്തെന്നാൽ, ഫെബ്രുവരി വിപ്ലവം കഴിഞ്ഞ ഉടനെ അധികാരം പിടിച്ചെടുക്കുന്നതിനെക്കുറിച്ച് ഒരു ബോൾഷെവിക്കും ആലോചിച്ചിട്ടേ ഇല്ല. ലെനിൻ പറഞ്ഞതുപോലെ "അധികാരം പിടിച്ചെടുക്കുന്നതിൽ കളിക്കാൻ" ബോൾഷെവിക്കുകൾ തന്നെ അനുവദിക്കില്ല എന്നതും ട്രോട്സ്കിക്ക് അറിയാതിരിക്കില്ല. സോവിയറ്റുകളിൽ സ്വാധീനം സൃഷ്ടിക്കുന്നതിനും കർഷകരുടെ പിന്തുണ നേടിയെടുക്കുന്നതിനുമുള്ള സമരത്തെ സംബന്ധിച്ച ബോൾഷെവിക്കുകളുടെ നയത്തെ അംഗീകരിക്കുകയല്ലാതെ ട്രോട്സ്കിക്ക് മറ്റുമാർഗ്ഗമൊന്നുമുണ്ടായിരുന്നില്ല. ബോൾഷേവിസത്തിന്റെ നേതാക്കളോടുള്ള അവിശ്വാസമെന്ന, ട്രോട്സ്കിയിസത്തിന്റെ മൂന്നാമത്തെ സവിശേഷത, ആദ്യ രണ്ടു സവിശേഷതകളുടെ വ്യക്തമായ പരാജയം കാരണം സ്വാഭാവികമായും പിന്നിലേക്കൊതുങ്ങിപ്പോയി.

സ്വന്തമായി പ്രമുഖമായ ഒരു ഗ്രൂപ്പ് ഇല്ല എന്നതും, സൈന്യമൊന്നുമില്ലാതെ ഒരു വ്യക്തി എന്ന നിലയിലാണ് ബോൾഷെവിക്കുകളുടെ കൂട്ടത്തിലേക്ക് വന്നത് എന്നതും പരിഗണിച്ചാൽ, ഈ സാഹചര്യത്തിൽ ട്രോട്സ്കിക്ക് സ്വന്തം വില്പനച്ചരക്കുകൾ വച്ചുപൂട്ടുകയും ബോൾഷെവിക്കുകളെ പിന്തുടരുകയുമല്ലാതെ മറ്റെന്തെങ്കിലും ചെയ്യാൻ കഴിയുമായിരുന്നോ? തീർച്ചയായും കഴിയില്ല.

ഇതിൽനിന്നു പഠിക്കേണ്ട പാഠമെന്താണ്? ഒന്നു മാത്രം: ട്രോട്സ്കി തന്റെ പഴയ വില്പനച്ചരക്കുകൾ പൂർണ്ണമായി ഉപേക്ഷിക്കുകയും ലെനിനിസത്തെ പൂർണ്ണമായി സ്വീകരിക്കുകയും ചെയ്താലല്ലാതെ ലെനിനിസ്റ്റുകളും ട്രോട്സ്കിയുമായി നീണ്ടുനില്ക്കുന്ന സഹകരണം സാധ്യമാകുകയില്ല എന്നതുതന്നെ. ഒക്ടോബർ വിപ്ലവത്തിന്റെ പാഠങ്ങളെക്കുറിച്ച് ട്രോട്സ്കി എഴുതുന്നുണ്ട്. പക്ഷേ, മറ്റു പാഠങ്ങളോടൊപ്പംതന്നെ ട്രോട്സ്കിയിസത്തെ സംബന്ധിച്ച് അങ്ങേയറ്റം പ്രാധാന്യമുള്ളതും ഞാനിപ്പോൾ സൂചിപ്പിച്ചതുമായ പാഠം കൂടി ഉണ്ട് എന്ന വസ്തുത അദ്ദേഹം മറന്നുപോകുന്നു. ഒക്ടോബറിനെ സംബന്ധിച്ച ഈ പാഠവും ട്രോട്സ്കിയിസം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു.

എങ്കിലും, ട്രോട്സ്കിയിസം അതു പഠിച്ചിട്ടില്ല എന്നതു വ്യക്തമാണ്. ഒക്ടോബർ മുന്നേറ്റത്തിന്റെ സമയത്ത് അലമാരയിലൊളിപ്പിച്ചിരുന്ന പഴയ വില്പനച്ചരക്കുകൾ പുതിയ കമ്പോളം ലഭിക്കുമെന്ന പ്രതീക്ഷയിൽ ഇപ്പോൾ വീണ്ടും വെളിച്ചത്തു കൊണ്ടുവന്നിരിക്കുന്നു. സംശയമൊന്നുമില്ല, ട്രോട്സ്കിയുടെ പുതിയ പ്രഖ്യാപനങ്ങൾ ട്രോട്സ്കിയിസത്തിലേക്ക് തിരിച്ചുപോകാനുള്ള, ലെനിനിസത്തെ 'മറികടക്കാനുള്ള,' ട്രോട്സ്കിയിസത്തിന്റെ സകല സവിശേഷതകളും വലിച്ചുകൊണ്ടുവന്ന് സ്ഥാപിച്ചെടുക്കാനുള്ള ശ്രമമാണ്. പുതിയ ട്രോട്സ്കിയിസമെന്നത് പഴയതിന്റെ തനിയാവർത്തനമല്ല: അതിന്റെ തൂവലുകൾ കൊഴിയുകയും കൂടുതൽ വൃത്തിഹീനമാകുകയും ചെയ്തിരിക്കുന്നു; പഴയതിനെക്കാൾ മങ്ങുകയും രൂപത്തിൽ സൗമ്യമാകുകയും ചെയ്തിരിക്കുന്നു; എന്നാലോ, സാരാംശത്തിൽ പഴയ ട്രോട്സ്കിയിസത്തിന്റെ എല്ലാ സവിശേഷതകളും നിലനിർത്തുകയും ചെയ്തിരിക്കുന്നു. പുതിയ ട്രോട്സ്കിയിസം ലെനിനിസത്തിനെതിരെയുള്ള സമരോത്സുകശക്തിയായി പുറത്തുവരാൻ ധൈര്യം കാട്ടുന്നില്ല; ലെനിനിസത്തെ വ്യാഖ്യാനിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന നാട്യത്തോടെ ലെനിനിസത്തിന്റെ പൊതു പതാകയ്ക്കു കീഴിൽ പ്രവർത്തിക്കാനാണത് ശ്രമിക്കുന്നത്. കാരണം അത് ദുർബ്ബലമാണ്. പുതിയ ട്രോട്സ്കിയിസം ലെനിന്റെ നിര്യാണസമയത്തുതന്നെ പ്രത്യക്ഷപ്പെട്ടു എന്നത് യാ

(ശേഷം 11–ാം പേജിൽ)

# വിയോജിപ്പുകൾ മറച്ചുവെച്ച ട്രോട്സ്കി റഷ്യൻ വിപ്ലവത്തിന് തൊട്ടുമുമ്പാണ് ബോൾഷെവിക് പാർട്ടിയിൽ അംഗമാകുന്നത്

*(10–ാം പേജിൽ നിന്ന്)*

ദ്യച്ഛികതയായി കരുതാനാകില്ല. ലെനിനുള്ളകാലത്ത് ഈ ആപൽക്കരമായ ചുവടുവയ്ക്കാൻ അതൊരുമ്പെടുകയില്ലായിരുന്നു.

പുതിയ ട്രോട്സ്കിയിസത്തിന്റെ സവിശേഷ ലക്ഷണങ്ങളെന്തെല്ലാമാണ്?

**1) "നിരന്തരവിപ്ലവം" എന്ന പ്രശ്നം**

"നിരന്തരവിപ്ലവം" എന്ന സിദ്ധാന്തത്തെ ഉയർത്തിപ്പിടിക്കേണ്ടത് അനിവാര്യമാണെന്ന് പുതിയ ട്രോട്സ്കിയിസം കരുതുന്നില്ല. "നിരന്തരവിപ്ലവം" എന്ന ആശയത്തെ ഒക്ടോബർ വിപ്ലവം പൂർണ്ണമായി സാധൂകരിക്കുന്നുവെന്ന് അത് "ലളിതമായി" ഉറപ്പിക്കുന്നു. ഇതിൽ നിന്ന് അത് താഴെപ്പറയുന്ന നിഗമനത്തിലെത്തുന്നു: ലെനിനിസത്തിലെ പ്രധാനവും സ്വീകാര്യവുമായ ഭാഗം യുദ്ധത്തിനുശേഷം, ഒക്ടോബർ വിപ്ലവത്തിന്റെ സമയത്ത് നിലവിൽവന്ന ഭാഗമാണ്; അതേസമയം യുദ്ധത്തിനുമുമ്പ്, ഒക്ടോബർ വിപ്ലവത്തിനുമുമ്പ് ലെനിനിസത്തിന്റേതായി നിലവിലുണ്ടായിരുന്ന ഭാഗം തെറ്റായതും അസ്വീകാര്യവുമാണ് എന്ന് അത് കരുതുന്നു. അങ്ങനെ, ലെനിനിസത്തെ രണ്ടായി തിരിക്കുക എന്ന ട്രോട്സ്കിയിസ്റ്റുകളുടെ സിദ്ധാന്തം വരുന്നു. തൊഴിലാളിവർഗ്ഗത്തിന്റെയും കർഷകരുടെയും സർവ്വാധിപത്യമെന്ന ആശയം സ്വീകരിക്കുന്ന "പഴയതും" "ഉപയോഗശൂന്യവുമായ" യുദ്ധപൂർവ്വ ലെനിനിസം ഒന്ന്. വിപ്ലവത്തിനു ശേഷമുള്ള, ട്രോട്സ്കിയിസത്തിന്റെ ആവശ്യകതകളുമായി ചേർന്നു പോകുന്ന, പുതിയ, യുദ്ധാനന്തര, ഒക്ടോബർ ലെനിനിസം രണ്ടാമത്തേത്. ലെനിനിസത്തിനെതിരെയുള്ള സമരത്തിൽ ആദ്യത്തേതും "സ്വീകാര്യവുമായ" ചുവടുവയ്പ്പ് എന്ന നിലയിൽ, ലെനിനിസത്തെ ഈ രീതിയിൽ വിഭജിക്കുക എന്ന സിദ്ധാന്തം ട്രോട്സ്കിയിസ്റ്റുകൾക്ക് ആവശ്യമായി വന്നിരിക്കുന്നു.

എന്നാൽ, ലെനിനിസമെന്നത് വിഭിന്നഘടകങ്ങളിൽ നിന്ന് കൂട്ടിച്ചേർത്തു രൂപീകരിച്ചതും വിഭിന്നഘടകങ്ങളായി വിഭജിക്കാവുന്നതുമായ ഒരു സമാഹൃത സിദ്ധാന്തമല്ല. 1903ൽ ഉദയംചെയ്തതും മൂന്നു വിപ്ലവങ്ങളുടെ പരീക്ഷണങ്ങളെ അതിജീവിച്ചതും ഇന്ന് ലോക തൊഴിലാളിവർഗ്ഗത്തിന്റെ യുദ്ധപതാകയായി മുന്നോട്ടു ചരിക്കുന്നതുമായ സമഗ്രമായ ഒരു സിദ്ധാന്തമാണ് ലെനിനിസം.

*"ബോൾഷെവിസം" ലെനിൻ പറഞ്ഞു," ഒരു രാഷ്ട്രീയ ചിന്താപ്രവണത എന്ന നിലയിലും ഒരു രാഷ്ട്രീയ കക്ഷി എന്നനിലയിലും 1903 മുതൽ നിലനിൽക്കുന്നുണ്ട്. ബോൾഷെവിസം നിലനിന്ന മുഴുവൻ കാലത്തെയും ചരിത്രത്തിനുമാത്രമേ, ഏറ്റവും ബുദ്ധിമുട്ടേറിയ ഘട്ടത്തിലും തൊഴിലാളിവർഗ്ഗത്തിന്റെ വിജയത്തിനാവശ്യമായ ഉരുക്കുപോലുറച്ച അച്ചടക്കം രൂപീകരിക്കാനും നിലനിർത്താനും കഴിഞ്ഞതെന്തുകൊണ്ടെന്ന്, ഉചിതമായി വിശദീകരിക്കാൻ കഴിയുകയുള്ളൂ."*

ബോൾഷെവിസവും ലെനിനിസവും ഒന്നുതന്നെയാണ്. ഒരേ കാര്യത്തിന്റെ രണ്ടു പേരുകൾ മാത്രമാണവ. അതിനാൽ, രണ്ടു ഭാഗങ്ങളായി ലെനിനിസത്തെ വിഭജിക്കുന്നത് അതിനെ തകർക്കാനും ട്രോട്സ്കിയിസംകൊണ്ട് അതിനെ മാറ്റിസ്ഥാപിക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ള സിദ്ധാന്തമാണ്. വിചിത്രമായ ഈ സിദ്ധാന്തവുമായി ഒത്തുപോകാൻ പാർട്ടിക്കാകില്ലെന്ന് പറയേണ്ടതില്ലല്ലോ.

**2) പാർട്ടി തത്വങ്ങളുടെ പ്രശ്നം**

പഴയ ട്രോട്സ്കിയിസം ബോൾഷെവിക് പാർട്ടി തത്വങ്ങളെ കീഴ്മേൽമറിക്കാൻ ശ്രമിച്ചത് മെൻഷെവിക്കുകളുമായുള്ള ഐക്യത്തിന്റെ സിദ്ധാന്തം (പ്രയോഗവും) ഉപയോഗിച്ചുകൊണ്ടാണ്. ആരും പരാമർശിക്കുകപോലുംചെയ്യാത്ത വിധത്തിൽ അതിന്ന് അവമതിക്കപ്പെടുന്നു. പാർട്ടി തത്വങ്ങളെ കീഴ്മേൽമറിക്കാൻ ഇന്നത്തെ ട്രോട്സ്കിയിസം പഴയ കേഡർമാരെ പാർട്ടിയിലെ പുതുനാമ്പുകളുമായി ഒത്തുനോക്കി വ്യവഛേദിക്കുന്ന, അത്ര വെറുപ്പുളവാക്കാത്തതും ഏറെക്കുറെ "ജനാധിപത്യപരവുമായ" പുതിയ തന്ത്രം കണ്ടുപിടിച്ചിരിക്കുന്നു. നമ്മുടെ പാർട്ടിക്ക് ഏകവും സമഗ്രവുമായ ഒരു ചരിത്രമില്ല എന്നാണ് ട്രോട്സ്കിയിസത്തിന്റെ നിലപാട്. ട്രോട്സ്കിയിസം പാർട്ടി ചരിത്രത്തെ അസമമായ പ്രാധാന്യമുള്ള രണ്ടു ഭാഗങ്ങളായി വിഭജിക്കുന്നു: ഒക്ടോബറിനു മുമ്പും പിമ്പും. ഒക്ടോബറിനു മുമ്പുള്ളത് യഥാർത്ഥത്തിൽ ചരിത്രമല്ല "പൂർവ്വചരിത്രം" മാത്രം, അപ്രധാനമോ കൂടിവന്നാൽ പ്രാധാന്യം കുറഞ്ഞതോ ആയ മുന്നൊരുക്കങ്ങളുടെ ഘട്ടം. ഒക്ടോബറിനു ശേഷമുള്ള പാർട്ടിയുടെ ചരിത്രം പക്ഷേ, യഥാർത്ഥവും. ആദ്യഘട്ടത്തിൽ "വയസ്സായ", "ചരിത്രത്തിനു മുമ്പുള്ള" അപ്രധാനരായ കേഡർമാർ. രണ്ടാംഘട്ടത്തിലുള്ളതാണ് യഥാർത്ഥവും ചരിത്രപരവുമായ പാർട്ടി. പാർട്ടി ചരിത്രത്തെക്കുറിച്ചുള്ള ഈ ഒറ്റതിരിഞ്ഞ ചിത്രീകരണം പാർട്ടിയിലെ മുതിർന്നവരും ചെറുപ്പക്കാരുമായ കേഡർമാർ തമ്മിലുള്ള ഐക്യത്തെ തകർക്കാനും ബോൾഷെവിക് പാർട്ടിതത്വങ്ങളെ നശിപ്പിക്കാനുമുള്ള പദ്ധതിയാണെന്നതിന് തെളിവൊന്നുമാവശ്യമില്ല. വിചിത്രമായ ഈ സിദ്ധാന്തവുമായി ഒത്തുപോകാൻ പാർട്ടിക്കാകില്ലെന്ന് പറയേണ്ടതില്ലല്ലോ.

**3) ബോൾഷെവിസത്തിന്റെ നേതാക്കളെ സംബന്ധിച്ച പ്രശ്നം**

പഴയ ട്രോട്സ്കിയിസം വരുംവരായ്കകൾ പരിഗണിക്കാതെ ഏറെക്കുറെ തുറന്നുതന്നെ ലെനിനെ അപകീർത്തിപ്പെടുത്താൻ ശ്രമിച്ചിരുന്നു. പുതിയ ട്രോട്സ്കിയിസം കൂടുതൽ കരുതലെടുക്കുന്നു. ലെനിനെ പ്രശംസിക്കുന്നുവെന്നും മഹത്വവൽക്കരിക്കുന്നുവെന്നും നടിച്ചുകൊണ്ടാണ് അത് പഴയ ട്രോട്സ്കിയിസത്തിന്റെ ലക്ഷ്യങ്ങൾ നേടാൻ ശ്രമിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുന്നത് ഉചിതമായിരിക്കും.

ലെനിൻ വിശ്രമമില്ലാത്ത ഒരു വിപ്ലവകാരിയായിരുന്നുവെന്ന് പാർട്ടിക്കറിയാം. പക്ഷേ അദ്ദേഹം കരുതലുള്ളയാളായിരുന്നുവെന്നും അറിയാം. വീണ്ടുവിചാരമില്ലാതെ പ്രവർത്തിക്കുന്നവരെ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല, ട്രോട്സ്കി ഉൾപ്പടെ ഭീകരപ്രവർത്തനത്തിൽ മതിമയങ്ങിയവരെ പലപ്പോഴും അടക്കിനിർത്തുകയും ചെയ്തിരുന്നു. 'ലെനിനെക്കുറിച്ച് ' എന്ന ഗ്രന്ഥത്തിൽ ട്രോട്സ്കി ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. എന്നാലതിൽ ലെനിനെ ചിത്രീകരിക്കുന്നതു വായിച്ചാൽ ഒരാൾക്കു ലഭിക്കുന്ന ധാരണ, ലെനിൻ ആകെ ചെയ്തത് "ഭീകരപ്രവർത്തനം അനിവാര്യമാണ് എന്ന് ഓരോ സന്ദർഭത്തിലും ജനമനസ്സിനോടു വിളിച്ചു പറയുക" എന്നതുമാത്രമാണ്. രക്തദാഹികളിൽ വച്ചേറ്റവും കടുത്ത രക്തദാഹിയായ ഒരു ബോൾഷെവിക്കാണ് ലെനിൻ എന്ന തോന്നലാണ് സൃഷ്ടിക്കപ്പെടുക. തീർത്തും അനാവശ്യവും അസ്വീകാര്യവുമായ ഈ അതിശയോക്തി ട്രോട്സ്കിക്ക് ആവശ്യമായി വന്നതെന്തുകൊണ്ടാണ്?

അനിതരസാധാരണനായ ഒരു നേതാവായിരുന്നു ലെനിനെന്ന് പാർട്ടിക്കറിയാം. ഉയർന്ന സാമൂഹികഘടകത്തിൽനിന്നു വിട്ടുനിന്ന്, ഒരു നിമിഷത്തിന്റെ പ്രേരണയിൽ, ശ്രദ്ധാപൂർവ്വമായ പരിശോധനയും സ്ഥിരീകരണവും കൂടാതെ, സ്വയം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന രീതി അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ട്രോട്സ്കി ഈ വശവും തന്റെ പുസ്തകത്തിൽ ചർച്ച ചെയ്യുന്നുണ്ട്. പക്ഷേ, അദ്ദേഹം വരച്ചിടുന്ന ചിത്രം മഹാനായ ലെനിന്റേതല്ല മറിച്ച്, നിർണ്ണായക പ്രശ്നങ്ങൾ പഠനമുറിയുടെ ഏകാന്തതയിലിരുന്ന് അന്തർജ്ഞാനംകൊണ്ട് തീർപ്പാക്കുന്ന ഒരു ചൈനീസ് ഉദ്യോഗസ്ഥ മേധാവിയുടേതാണ്.

കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി പിരിച്ചുവിടുന്ന വിഷയം പാർട്ടി തീർപ്പാക്കിയതെങ്ങനെയെന്ന് ട്രോട്സ്കി വിശദീകരിക്കുന്നത് കേൾക്കൂ: "*... 'കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി തീർച്ചയായും പിരിച്ചുവിടണം,' ലെനിൻ പറഞ്ഞു, 'പക്ഷേ, ഇടതു സോഷ്യലിസ്റ്റ് വിപ്ലവകാരികളെ എന്തു ചെയ്യണം?' 'നടേൻസൺ നമ്മുടെ ആശങ്കകളെ ശമിപ്പിച്ചു. അദ്ദേഹം നമ്മോട് ചർച്ചയ്ക്കുവന്നു. ആദ്യത്തെ കുറച്ചു വാക്കുകൾക്കുശേഷം അദ്ദേഹം പറഞ്ഞു: '... നമുക്ക് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി ബലപ്രയോഗത്തിലൂടെ പിരിച്ചുവിടേണ്ടിവന്നേക്കും. 'ഭേഷ്!' ലെനിൻ ആർത്തു വിളിച്ചു. 'സത്യമെപ്പോഴും സത്യമായിരിക്കും! പക്ഷേ നിങ്ങളുടെ ആളുകൾ ഇതിനോടു യോജിക്കുമോ?' 'നമ്മുടെ ചിലയാളുകൾ ചാഞ്ചാടുന്നുണ്ട്. എങ്കിലും അവസാനം എല്ലാവരും യോജിപ്പിലെത്തും' നടേൻസൺ മറുപടി പറഞ്ഞു.*" ഇങ്ങനെയാണ് ട്രോട്സ്കി ചരിത്രമെഴുതുന്നത്. സുപ്രീം മിലിട്ടറി കൗൺസിലിന്റെ പ്രശ്നം പാർട്ടി തീർപ്പാക്കിയതെങ്ങനെയെന്ന് ട്രോട്സ്കി വിശദീകരിക്കുന്നത് കേൾക്കൂ. '*പരിചയസമ്പന്നരും ഗൗരവബുദ്ധികളുമായ സൈനിക വിദഗ്ധരില്ലെങ്കിൽ നമുക്കീ കുഴപ്പത്തിൽനിന്നു രക്ഷപ്പെടാനാവില്ലെന്ന് ' ഓരോതവണ സ്റ്റാഫിനെ സന്ദർശനത്തിനു ശേഷവും വ്ലാദിമിർ ഇല്ലിച്ചിനോടു ഞാൻ പറഞ്ഞു. 'അതു വ്യക്തമായും സത്യമാണ്. പക്ഷേ, അവർ നമ്മെ ചതിച്ചേക്കാം ...' 'ഓരോരുത്തരെയും ഓരോ കമ്മിസ്സാറുമായി ബന്ധപ്പെടുത്താം' 'രണ്ടു പേരായിരിക്കും നല്ലതെന്ന് ലെനിൻ പറഞ്ഞു. 'കരുത്തുള്ളവർ. നമ്മുടെ അണികളിൽ കരുത്തുള്ള കമ്മ്യൂണിസ്റ്റുകൾ ഉണ്ടാകണം' 'അങ്ങനെയാണ് സുപ്രീം മിലിട്ടറി കൗൺസിലിന്റെ ഘടന ഉരുത്തിരിഞ്ഞു വന്നത്*" ഇങ്ങനെയാണ് ട്രോട്സ്കി ചരിത്രമെഴുതുന്നത്.

ലെനിനെ അപകീർത്തിപ്പെടുത്തുന്ന ഇത്തരം 'അറബിക്കഥകൾ' ട്രോട്സ്കിക്കെന്തിനാണ്? പാർട്ടിയുടെ നേതാവായ വി.ഐ. ലെനിനെ മഹത്വവൽക്കരിക്കാനോ? അങ്ങനെ തോന്നുന്നില്ല. നമ്മുടെ കാലഘട്ടത്തിലെ ഏറ്റവുമുന്നതനായ മാർക്സിസ്റ്റാണ് ലെനിനെന്ന് പാർട്ടിക്കറിയാം, ബ്ലാൻക്വിയിസ (വിപ്ലത്തിവത്തെ അട്ടിമറി പ്രവർത്തനമായി കാണുന്നവർ)ന്റെ തരിമ്പുപോലുമില്ലാത്ത ആഴമാർന്ന സൈദ്ധാന്തികനും അനുഭവസമ്പന്നനായ വിപ്ലവകാരിയും. ട്രോട്സ്കി ഈ വശവും തന്റെ പുസ്തകത്തിൽ ചർച്ച ചെയ്യുന്നുണ്ട്. പക്ഷേ, അദ്ദേഹം വരച്ചിടുന്ന ചിത്രം മഹാനായ ലെനിന്റേതല്ല മറിച്ച്, ഒക്ടോബർ ദിനങ്ങളിൽ 'സോവിയറ്റുകൾക്കു പിന്നിൽ, അവരിൽ നിന്നു വേറിട്ടുനിന്ന് അധികാരം സ്വന്തം കൈയിൽ ഏറ്റെടുക്കാൻ' പാർട്ടിയോട് ഉപദേശിച്ച കുള്ളനായ ഒരു ബ്ലാൻക്വിയിസ്റ്റാണ്. ഈ വിശദീകരണത്തിൽ സത്യത്തിന്റെ കണികപോലുമില്ലെന്ന് ഞാൻ പറഞ്ഞു കഴിഞ്ഞു.

പ്രത്യക്ഷത്തിലുള്ള ഈ കൃത്യതയില്ലായ്മകൊണ്ട് ട്രോട്സ്കിക്കെന്താണാവശ്യം? ലെനിനെ അല്പമെങ്കിലും ഇടിച്ചു താഴ്ത്തിക്കാണിക്കാനുള്ള ശ്രമമല്ലേ ഇത്? പുതിയ ട്രോട്സ്കിയിസത്തിന്റെ സവിശേഷ ലക്ഷണങ്ങൾ ഇവയാണ്.

പതിയ ട്രോട്സ്കിയിസത്തിന്റെ അപകടമെന്താണ്? ട്രോട്സ്കിയിസം അതിന്റെ ഉള്ളടക്കം കൊണ്ടുതന്നെ, തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തെ ദുർബ്ബലപ്പെടുത്താനും ശിഥിലീകരിക്കാനും ശ്രമിക്കുന്ന, തൊഴിലാളി ഇതരശക്തികളുടെ കേന്ദ്രവും സംഗമസ്ഥാനവുമായി മാറാനുള്ള സകലസാധ്യതയുമുള്ള ഒന്നായിരിക്കുന്നു.

നിങ്ങൾ ചോദിക്കും: ഇപ്പോഴെന്തു ചെയ്യണം? ട്രോട്സ്കിയുടെ പ്രഖ്യാപനങ്ങളെ സംബന്ധിച്ച് പാർട്ടിയുടെ അടിയന്തര കർത്തവ്യങ്ങൾ എന്തെല്ലാമാണ്? ബോൾഷെവിസത്തെ അപകീർത്തിപ്പെടുത്താനും അതിന്റെ അടിത്തറ തകർക്കാനും ട്രോട്സ്കിയിസം ഇന്ന് ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.ഒരുപ്രത്യയശാസ്ത്രപ്രവണതയെന്ന നിലയിലുള്ള ട്രോട്സ്കിയിസത്തെ കുഴിച്ചുമൂടുക എന്നതാണ് പാർട്ടിയുടെ കടമ.പ്രതിപക്ഷത്തിനെതിരെയുള്ള അടിച്ചമർത്തൽ നടപടികളെക്കുറിച്ചും പാർട്ടിയിൽ ഒരു പിളർപ്പിനുള്ള സാധ്യതയെക്കുറിച്ചും ചർച്ച നടക്കുന്നുണ്ട്. അത് അസംബന്ധമാണ് സഖാക്കളേ. നമ്മുടെ പാർട്ടി ശക്തവും മഹത്തുമാണ്. അതൊരു പിളർപ്പിനെയും അനുവദിക്കില്ല. അടിച്ചമർത്തൽ നടപടികളെക്കുറിച്ചാണെങ്കിൽ ഞാനതിന് തീർത്തും എതിരാണ്. ഇപ്പോൾ വേണ്ടത് അടിച്ചമർത്തൽ നടപടികളല്ല മറിച്ച്, ട്രോട്സ്കിയിസത്തിനെതിരെ വ്യാപകമായ പ്രത്യയശാസ്ത്രസമരമാണ്.

നമ്മളീ ചർച്ച ആഗ്രഹിക്കുകയോ അതിനായി ശ്രമിക്കുകയോ ചെയ്തതല്ല. ലെനിനെതിരെയുള്ള വാചകകസർത്തുകൾകൊണ്ട് ട്രോട്സ്കിയിസം നമ്മെ അതിനു പ്രേരിപ്പിച്ചതാണ്. ശരി സഖാക്കളേ, നമ്മൾ തയ്യാറാണ്. ■




ഡിസംബർ 14ന് നൂറനാട് നടന്ന ലെനിൻ ചരമശതാബ്ദി ആചരണ സമ്മേളനത്തിൽ എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് പ്രസംഗിക്കുന്നു.

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയൻ സംസ്ഥാന സമ്മേളനം

**കെ**എസ്ഇബിയിലെ ആദ്യത്തെ ട്രേഡ് യൂണിയനായ കെഎസ്ഇ വർക്കേഴ്സ് യൂണിയന്റെ 67-ാമത് വാർഷിക സമ്മേളനം ഡിസംബർ 9ന് എറണാകുളത്ത് സഖാവ് കെ.പി.കോസലരാമദാസ് നഗറിൽ നടന്നു. ആൾ ഇന്ത്യ പവ്വർ മെൻസ് ഫെഡറേഷൻ(എഐപിഎഫ്) അഖിലേന്ത്യ പ്രസിഡന്റ് സഖാവ് കെ.സോമശേഖർ ഉദ്ഘാടനം ചെയ്തു. വൈദ്യുതി രംഗം സമ്പൂർണ്ണമായി സ്വകാര്യ കുത്തകകളുടെ കൈകളിലേക്ക് എത്തിക്കാനുള്ള നയപരിപാടികളുമായാണ് കേന്ദ്ര -സംസ്ഥാന സർക്കാരുകൾ നീങ്ങുന്നത്. അതിനെ ചെറുത്തു തോല്പിക്കാനുള്ള പ്രക്ഷോഭണം വളർത്തിയെടുക്കാൻ തൊഴിലാളികൾ മുൻകൈ എടുക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.




കെഎസ്ഇ വർക്കേഴ്സ് യൂണിയന്റെ 67-ാമത് വാർഷിക സമ്മേളനം ആൾ ഇന്ത്യ പവ്വർമെൻസ് ഫെഡറേഷൻ അഖിലേന്ത്യ പ്രസിഡന്റ് സഖാവ് കെ.സോമശേഖർ ഉദ്ഘാടനം ചെയ്യുന്നു.



കെഎസ്ഇ വർക്കേഴ്സ് യൂണിയൻ സമ്മേളന സദസ്സ്.

യൂണിയൻപ്രസിഡന്റ്സഖാവ് വി.കെ.സദാനന്ദന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ജനറൽസെക്രട്ടറിസഖാവ്എസ്.സീതിലാൽ മുഖ്യപ്രസംഗം നടത്തി. എഐപിഎഫ് സ്റ്റിയറിംഗ് കമ്മിറ്റി അംഗം സഖാവ് എ.അനവരതൻ, ആൾ ഇന്ത്യ ഇലക്ട്രിസിറ്റി കൺസ്യൂമേഴ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി കെ.കെ.സുരേന്ദ്രൻ, കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി എം.എൻ. അനിൽ, കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ വൈസ് പ്രസിഡന്റ് പി.എം.ദിനേശൻ, കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി വി.പി.കൊച്ചുമോൻ എന്നിവർ പ്രസംഗിച്ചു.

വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായുള്ള സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിക്കുക, ഡിഎ, ലീവ് സറണ്ടർ എന്നിവ പുനഃസ്ഥാപിക്കുക, അർഹതപ്പെട്ട പ്രൊമോഷനുകൾ ഉടൻ നൽകുക, പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുക, പിഎസ്‌സി ലിസ്റ്റിൽ അവശേഷിക്കുന്ന കരാർ തൊഴിലാളികൾക്ക് ഉടൻ നിയമനം നൽകുക എന്നീ ആവശ്യങ്ങളടങ്ങുന്ന പ്രമേയങ്ങൾ സമ്മേളനം ചർച്ച ചെയ്ത് പാസ്സാക്കി.

വി.കെ.സദാനന്ദൻ പ്രസിഡന്റും എസ്.സീതിലാൽ ജനറൽ സെക്രട്ടറിയും ബോണിഫസ് ബെന്നി അസിസ്റ്റന്റ് സെക്രട്ടറിയും ജെ.സുരേഷ് ട്രഷററുമായി 73 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു.

എഐയുടിയുസി സംസ്ഥാന വൈസ് പ്രസിഡന്റ് സഖാവ് എൻ.ആർ.മോഹൻകുമാർ സമാപന പ്രസംഗം നടത്തി. എറണാകുളം ജില്ലാ സെക്രട്ടറി അബ്ദുൽ ഖാദർ കൃതജ്ഞത രേഖപ്പെടുത്തി. ■

## ഇലക്ഷൻ കമ്മീഷണർമാരെ തിരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽനിന്ന് ഇന്ത്യൻ ചീഫ് ജസ്റ്റിസിനെ ഒഴിവാക്കിയതിനോട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ശക്തമായി വിയോജിക്കുന്നു

ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന

**2023** ഡിസംബർ 12ന്, ചീഫ് ഇലക്ഷൻ കമ്മീഷണറുടെയും ഇലക്ഷൻ കമ്മീഷണർമാരുടെയും നിയമനം, സേവന വ്യവസ്ഥകൾ, കാലാവധി എന്നിവ സംബന്ധിച്ച ബില്ല് രാജ്യസഭ പാസാക്കുകയുണ്ടായി. തികച്ചും ജനാധിപത്യവിരുദ്ധവും ഏകപക്ഷീയവുമായാണ് ഈ നടപടി ബിജെപി നയിക്കുന്ന കേന്ദ്രഗവൺമെന്റ് കൈക്കൊണ്ടത്. ഞങ്ങൾ ഇതിനോട് ശക്തമായി വിയോജിക്കുന്നു. പ്രധാനമന്ത്രി, പ്രതിപക്ഷ നേതാവ്, ചീഫ് ജസ്റ്റിസ് എന്നിവരടങ്ങിയ സെർച്ച് കമ്മിറ്റിയാണ് ഇതുവരെ ഈ നിയമനങ്ങൾ നടത്തിയിരുന്നത്. എന്നാൽ ഈ ബില്ലിൽ ചീഫ് ജസ്റ്റിസിനെ ഒഴിവാക്കി തൽസ്ഥാനത്ത് പ്രധാനമന്ത്രി നിർദേശിക്കുന്ന ഒരു കേന്ദ്രമന്ത്രിയെ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതുവഴി കേന്ദ്ര ഗവൺമെൻറ് ഇലക്ഷൻ കമ്മീഷണർമാരെ സ്വന്തം ഇഷ്ടപ്രകാരം തിരഞ്ഞെടുക്കാനുള്ള പൂർണമായ അധികാരം സ്വയം ഏറ്റെടുത്തിരിക്കുകയാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ നിഷ്പക്ഷ സ്വഭാവം പലവിധ ഇടപെടലുകളിലൂടെ ഇതിനകം ചോർത്തി കളഞ്ഞിട്ടുള്ളതാണ്. ഇപ്പോഴത് പൂർണമായും സർക്കാരിന്റെ വരുതിയിൽ ആക്കുകയാണ് ചെയ്തിരിക്കുന്നത്. ഇലക്ഷൻ കമ്മീഷന്റെ അവശേഷിക്കുന്ന നിഷ്പക്ഷത കൂടി ഇല്ലായ്മ ചെയ്യാൻ തുനിഞ്ഞിറങ്ങിയി രിക്കുകയാണ് ബിജെപി ഗവൺമെന്റ്.

നേരാംവണ്ണം കമ്മീഷണർമാരെ തിരഞ്ഞെടുക്കാനുള്ള പ്രക്രിയ ഇതോടെ പാടെ അട്ടിമറിക്കപ്പെട്ടിരിക്കുന്നു. അടിസ്ഥാന ജനാധിപത്യ തത്വങ്ങളുടെ നഗ്നമായ ലംഘനവും രാജ്യത്ത് ഫാസിസ്റ്റ് ഏകാധിപത്യവാഴ്ച അരക്കിട്ടുറപ്പിക്കാനുള്ള മറ്റൊരു ചുവടുവെപ്പുമാണിത്. രാജ്യത്തെ ജനാധിപത്യ വിശ്വാസികളായ മുഴുവൻ ജനങ്ങളോടും ഈ ഹീനമായ നീക്കത്തിനെതിരെ മുന്നോട്ടുവരാനും രാജ്യവ്യാപകമായ ജനകീയ മുന്നേറ്റം വളർത്തിയെടുത്തുകൊണ്ട് ഈ ബിൽ റദ്ദാക്കാൻ ബിജെപിയെ നിർബന്ധിതമാക്കുവാനും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■




സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുംനേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെ എഐഎംഎസ്എസ് ആലുവയിൽ സംഘടിപ്പിച്ച പ്രതിഷേധ സംഗമത്തിൽ അഖിലേന്ത്യ വൈസ് പ്രസിഡന്റ് ഷൈല കെ.ജോൺ പ്രസംഗിക്കുന്നു.



കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി കോട്ടയം കളക്ട്രേറ്റിനുമുന്നിൽ സംഘടിപ്പിച്ച കേരള സംരക്ഷണ ജനകീയ സദസിൽ സമരസമിതി ജില്ലാരക്ഷാധികാരി മിനി കെ.ഫിലിപ്പ് പ്രസംഗിക്കുന്നു. തൊഴിലാളികളുംകർഷകരുമുൾപ്പെടെ സാമൂഹ്യജീവിതത്തിന്റെ എല്ലാമേഖലകളെയും പ്രതിനിധീകരിക്കുന്ന ജനങ്ങൾ പങ്കെടുത്ത പൗരസഭയായിരുന്നു കേരള സംരക്ഷണ ജനകീയ സദസ്സ്.




കൂടല്ലൂരിൽ യുവകർഷകനെകൊന്ന നരഭോജി കടുവയെ വെടിവെച്ച് കൊല്ലണമെന്നും 50 ലക്ഷം രൂപ കുടുംബത്തിന് നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ട് വയനാട് ജില്ല കർഷക പ്രതിരോധ സമിതി സുൽത്താൻ ബത്തേരി ടൗണിൽ നടത്തിയ പ്രതിഷേധയോഗത്തിൽ സമിതി ജില്ലാ സെക്രട്ടറി വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു എഫ് ആർ എഫ് ജില്ലാ സെക്രട്ടറി എ.സി.തോമസ്, ദേവസ്യ പുറ്റനാൽ എന്നിവരും പ്രസംഗിച്ചു.




Volume: 50 No: 9 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.